# മാനന്തവാടി രൂപത
## ബുള്ളറ്റിൻ



Vol. 12 / Issue 11
November 2021

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/19-21
Anl. sub. Rs. 120

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from
Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645**

**വാല്യം 12** **നവംബർ - 2021** **ലക്കം 11**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം

*Letter of the Holy Father (English)* ................................ 05
*Letter of the Holy Father (Malayalam)* ......................... 07
*Letter of the Congregation for the Oriental Churches-1* 09
*Letter of the Congregation for the Oriental Churches-2* 12
*Speech of the Apostolic Nuncio in the synod* ............ 13
*Decisions of the synod*............................................. 23
*Post-synodal pastoral letter of the Major Archbishop* 25
*Circular letter of the Bishop of Mananthavady*......... 33
*Pastoral Letter of the Bishop of Mananthavady about implementation of the uniform mode*......................... 36
**സീറോ മലബാർ സഭയിലെ വി. കുർബാനയർപ്പണത്തിന്റെ ഏകീകൃത രീതിയിലേക്കുള്ള പ്രയാണത്തിന്റെ ചരിത്രവഴികൾ**............ 45
**രൂപതാകച്ചേരി വാർത്തകൾ** .............................. 84
**പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്** ................. 86
**പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്**......................... 89
**വൈദീക സമ്മേളന റിപ്പോർട്ട്**.............................. 91
*Bishop's Programme*................................................. 94

*To the Bishops, Clergy, Religious and Laity*
*of the Syro-Malabar Church*

Dear Brothers and Sisters in Christ,

The Holy See regards with special approval and encouragement the agreement unanimously reached by the Synod of Bishops of the Syro-Malabar Church in 1999 – and repeatedly endorsed in subsequent years – for a uniform mode of celebrating the Holy *Qurbana,* considering this an important step towards increasing stability and ecclesial communion within the whole body of your beloved Church. The concerted efforts towards applying this auspicious development in the great Jubilee Year 2000 gave joyful confidence in your *sui iuris* Church to my saintly predecessor Pope John Paul II.

Notwithstanding some difficulties, which require ongoing discernment in the life of your vibrant Church, the approved norms for the Eucharistic celebration have borne considerable fruit including evangelization in those places, especially the missionary Eparchies, where the whole community has joined in peaceful and prayerful observance, interpreting the continuing consensus of the Hierarchy as a fruit of the Holy Spirit.

I strongly urge the Syro-Malabar Bishops to persevere, and I confirm their ecclesial "walking together" with God's people,

trusting that "time is greater than space" (cf. *Evangelii Gaudium,* 222-225) and that "unity prevails over conflict" (cf. *ibid,* 226-230).

I willingly take the occasion of the recognition of the new *Raza Qurbana Taksa* to exhort all the clergy, religious and lay faithful to proceed to a prompt implementation of the uniform mode of celebrating the Holy *Qurbana,* for the greater good and unity of your Church. May the Holy Spirit foster harmony, fraternity and unity among all members of your Church as you work to implement the Synodal decision.

Entrusting all of you to the intercession of the Blessed Virgin Mary, the Holy Patriarch Saint Joseph and the Apostle Saint Thomas, I gladly impart my Apostolic Blessing. I assure you of my closeness in prayer and ask you, please, to pray for me.

Francis

Rome, Saint John Lateran, 3 July 2021

**സീറോ മലബാർ സഭയിലെ മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായർക്കുമായി എഴുതുന്നത്**

പ്രിയ സഹോദരീ സഹോദരന്മാരേ,

ഏകീകൃത രൂപത്തിലുള്ള വി. കുർബാനയർപ്പണത്തിന് 1999ൽ സീറോ മലബാർ സഭയിലെ മെത്രാൻ സിനഡ് ഐകകണ്ഠേന എത്തിച്ചേരുകയും തുടർന്ന് വന്ന വർഷങ്ങളിൽ ആവർത്തിച്ച് അംഗീകരിച്ചതുമായ ധാരണയെ, സഭയിൽ സ്ഥിരതയും സഭാകൂട്ടായ്മയും കൂടുതലായി ഉണ്ടാക്കാൻ കഴിയുന്ന ഒരു പ്രധാന കാൽവയ്പ് എന്ന നിലയിൽ, പ്രത്യേകം അംഗീകാരത്തോടും പ്രോൽസാഹനത്തോടും കൂടിയാണ് പരിശുദ്ധ സിംഹാസനം പരിഗണിക്കുന്നത്. 2000 ൽ ആഘോഷിക്കപ്പെട്ട മഹാ ജൂബിലി വർഷത്തിൽ ആ ശുഭകരമായ പരിണാമം നടപ്പിലാക്കാൻ നടത്തിയ കൂട്ടായ പരിശ്രമങ്ങൾ എന്റെ വിശുദ്ധനായ മുൻഗാമി ജോൺ പോൾ രണ്ടാമൻ പാപ്പായ്ക്ക് നിങ്ങളുടെ സഭയിൽ സന്തോഷകരമായ വിശ്വാസം കൊടുത്തു.

ഊർജ്ജസ്വലയായ നിങ്ങളുടെ സഭയിൽ, തുടർച്ചയായ വിവേചിച്ചറിയൽ ആവശ്യമായ പ്രയാസങ്ങൾ ഉണ്ടായിരുന്നെങ്കിലും, വിശുദ്ധ കുർബാനയർപ്പണത്തിന് അംഗീകരിക്കപ്പെട്ട ആ മാനദണ്ഡങ്ങളെ, ഹയരാർക്കിയിലുള്ള ഇടമുറിയാത്ത ആ സമവായം, പരിശുദ്ധാത്മാവിന്റെ ഫലമാണ് എന്ന് വിശ്വസിച്ചുകൊണ്ട്, സമാധാനപരമായും പ്രാർത്ഥനാ പൂർവ്വകവുമായി, മുഴുവൻസമൂഹവും സ്വീകരിച്ച രൂപതകളിൽ, പ്രത്യേകിച്ച് മിഷൻരൂപതകളിൽ, അത് ഗണ്യമായ രീതിയിൽ പ്രേഷിതപരമായ ഫലം പുറപ്പെടുവിച്ചു.

''സമയം സ്ഥലത്തേക്കാൾ വലുതാണ്'' (സുവിശേഷത്തിന്റെ ആനന്ദം: നമ്പർ 222-225) എന്നും ''ഐക്യം സംഘർഷത്തേക്കാൾ നിലനില്ക്കുന്നു'' (നമ്പർ 226-230) എന്നും വിശ്വസിച്ചുകൊണ്ട്, സീറോ മലബാർ മെത്രാന്മാർ ആരംഭിച്ച ദൈവജനത്തോടൊപ്പമുള്ള ആ നടത്തത്തിൽ ഉറച്ച് നില്ക്കാൻ ഞാൻ അവരെ ശക്തമായി ഉദ്ബോധിപ്പിക്കുകയും അതിനെ അംഗീകരിച്ചുറപ്പിക്കുകയും ചെയ്യുന്നു.

നിങ്ങളുടെ സഭയുടെ കൂടുതൽ നന്മയ്ക്കും ഐക്യത്തിനും വേണ്ടി വി. കുർബാനയർപ്പണത്തിനുള്ള ഏകീകൃതരൂപത്തെ ഉടനടി നടപ്പിൽ വരുത്താനുള്ള പ്രക്രിയയുമായി മുന്നോട്ട് പോകാൻ എല്ലാ വൈദികരെയും സമർപ്പിതരെയും അല്മായ വിശ്വാസികളെയും ഞാൻ ഉപദേശിക്കുന്നു. സിനഡിന്റെ തീരുമാനം നടപ്പിൽ വരുത്താൻ നിങ്ങൾ പരിശ്രമിക്കുമ്പോൾ പരിശുദ്ധാത്മാവ് നിങ്ങളുടെ സഭയിൽ യോജിപ്പും സാഹോദര്യവും ഐക്യവും വളർത്തട്ടെ.

നിങ്ങളെയെല്ലാവരെയും പരിശുദ്ധ അമ്മയുടെയും വിശുദ്ധ യൗസേപ്പ് പിതാവിന്റെയും മാർത്തോമ്മാ ശ്ലീഹായുടെയും മാദ്ധ്യസ്ഥത്തിന് ഭരമേല്പ്പിക്കുകയും ആനന്ദപൂർവം നിങ്ങൾക്ക് എന്റെ ശ്ലൈഹികാശീർവ്വാദം നല്കുകയും ചെയ്യുന്നു. പ്രാർത്ഥനയിൽ ഞാൻ നിങ്ങൾക്കടുത്താണ് എന്ന് ഉറപ്പ് തരുന്നു. ദയവായി നിങ്ങൾ എനിക്കു വേണ്ടിയും പ്രാർത്ഥിക്കുക.

(ഒപ്പ്)

**ഫ്രാൻസിസ്**

റോമ, സെന്റ് ജോൺ ലാറ്ററനിൽ നിന്ന്, 3 ജൂലൈ 2021

The Syro - Malabar Major
Archiepiscopal Curia
Received on: 10 . 12 . 2020
Prot. No: 1444 / 2020
Archive No: IX - 13

40.

CONGREGATIO
PRO ECCLESIIS ORIENTALIBUS

00120 Città del Vaticano
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

November 9, 2020

Prot. N. 248/2004

Your Beatitude,

This Congregation has begun studying the Malayalam *Raza Qurbana Taksa*, which was accompanied by your esteemed letter Prot. No. 0798/2020 dated 10 July. Despite a positive preliminary assessment, the Dicastery can only contemplate granting the definitive *recognitio* after receiving and studying the English translation in completion of the Liturgical Commission norms (cf. points 8 and 9 of the *Linee Guide* transmitted with letter Prot. N. 152/2015 dated 20 July 2016). Apart from this minor omission and the resulting delay, I commend the Syro-Malabar Commission for Sacred Liturgy on its compliance with the canonical procedure and its excellent report. In the meanwhile, let me take this opportunity to provide two points for reflection by Your Beatitude and the other Bishops of the Syro-Malabar Church, in anticipation of what will be the definitive *editio typica* for the Divine Liturgy of your Rite.

The first theme concerns the discrepancies in the orientation of different moments during the celebration of the Holy Eucharist, a longstanding and grievous division exacerbated due to the broadcasting and livestreaming during the present pandemic. This situation demands the promulgation of unmistakably explicit rubrics, with each Bishop assuming full pastoral responsibility for the faithful and correct implementation of this norm, as this Congregation had previously indicated upon notification of the authoritative decision of the 1999 Synod. Allow me to emphasize that clear rubrical instructions should certainly be included in the new liturgical book, but will not be enough on their own; a cohesive commitment is required on the part of the Synod, both collegially and from every Bishop individually. Indeed, the Holy See rejoices in the signs of such concord and harmony. As my late predecessor Cardinal Achille Silvestrini had written to the newly elevated Major Archbishop Mar Varkey Vithayathil following an Audience with Pope John Paul II on 18 December 1999, "first steps towards ever-increasing stability and ecclesial communion … include the special effort which has been made towards a **unanimous agreement** on the mode of celebrating the Holy Qurbana. I have great confidence that this continued development will bear great spiritual fruit for all the faithful of the Syro-Malabar Church as we begin this great Jubilee Year" (Prot. N. 140/99 dated 24 December 1999). Unfortunately, that joyful hope was soon marred by open defiance, creating an explosive pastoral situation with grave spiritual harm to the faithful. Given this sad history of nonobservance on the part of some clergy, the Bishops must take charge, gently but firmly, of catechizing and correcting those culpable, as a requirement for safeguarding the unity and common witness of the Synod and the whole Church *sui iuris*.

./.

His Beatitude
George Card. ALENCHERRY
Major Archbishop of Ernakulam-Angamaly
for Syro-Malabar faithful
The Syro-Malabar Major Archiepiscopal Curia
Mount St. Thomas
Post Box N. 3110
KAKKANAD, KOCHI - 682 030, India

Encl.: 1

In this regard, precision is necessary on the question of dispensations: as the *Codex Canonum Ecclesiarum Orientalium* clearly says, these must be given in a "special case" (can. 1538 §1) for the spiritual good of the faithful. By their very nature, they should not come to appear as general permission for something that cannot legitimately be authorized in opposition to the common norms. Therefore, Bishops should have recourse of dispensations only for well-defined times and for specific reasons. (For instance: restoring or reordering the sanctuary platform in front of the Altar, allowing time for adequate preparatory liturgical formation so that a given congregation comes to understand the meaning of the priest leading the people in prayer while facing the same direction as they themselves are facing during the Anaphora, etc.) By way of assistance in the endeavor of mystagogical catechesis, I attach some relevant pages on the Instruction *"Il Padre Incomprensibile"* published by this Dicastery in 1996 (enclosure). Despite the twenty-five years that have since passed, this Instruction remains a useful help for the implementation of the provisions of Vatican II.

The second topic of consideration, which also relates to the authority of Bishops as first liturgists in their Eparchies, is necessary in light of the recent consensus decision to render facultative certain parts of the Anaphora, indicating in square brackets selected sections with condensed versions. Eparchial Bishops should take these optional abbreviations into account in their liturgical statutes and instruction, leaving adequate room for prudent judgment by the local clergy in this choice. Similar subsidiarity should apply in availing, for pastoral reasons, of the various solemn and simple forms of the Sacred Liturgy as a whole. If some difficulty arises regarding a priest or his congregation, hierarchical recourse will be possible to resolve it, but Bishops in supporting their sanctifying mission with teaching and lawgiving should not presume to reserve for themselves by Eparchial statutes those decisions that can best be made at the local level, just as they cannot indefinitely dispense from the Synod's decisions.

Thanking Your Beatitude for your kind attention, I entrust the Syro-Malabar Hierarchy and entire Church to the intercession of St. Thomas the Apostle and the protection of the Blessed Virgin Mary, *Mater Ecclesiae*, with prayerful good wishes and fraternal regards.

Sincerely in Christ,

Leonardo Card. Sandri

✠ Leonardo Card. Sandri
Prefect

Giorgio Demetrio Gallaro

✠ Giorgio Demetrio Gallaro
Archbishop Secretary

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

September 21, 2017

Prot. N. 186/2017

Dear and Reverend Father,

Your Letter of 11 July of this year has been forwarded to this Dicastery by reason of competence.

By way of response to your first question, I have enclosed a page from the *Instruction for Applying the Liturgical Prescriptions of the Code of Canons of the Eastern Churches* (Libreria Editrice Vaticana: Vatican City, 1996).

It follows, in regard to your second query, that, with reference to Eastern Catholic Churches, a bishop does not have the competence to allow the celebration of the liturgy *versus populum* without the explicit authorization of the Apostolic See. With greater reason, he could not forbid the celebration *ad orientem* on his own authority.

In the hope that this information is helpful to you, I am

Sincerely yours in Christ,

✠ Cyril Vasil', S.I.
Archbishop Secretary

Fr. Lorenzo Lorusso, O.P.
Undersecretary

CONGREGATIO
PRO ECCLESIIS ORIENTALIBUS

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

June 9, 2021

Prot. N. 248/2004

Your Beatitude,

This Congregation has attentively reviewed the modifications and revisions of the text of the Holy *Qurbana*, unanimously approved by the Synod of Bishops of the Syro-Malabar Church, in accordance with canon 657 §1 *CCEO*.

The Dicastery gladly grants the *recognitio* to the Malayalam *Raza Qurbana Taksa*, hoping that the venerable Syro-Malabar Church may be for all others an exemplary witness of ecclesial unity, supremely expressed in the worthy and faithful celebration of the Holy Eucharist.

In particular, the Apostolic See enthusiastically anticipates great spiritual fruit from the fact that the new *editio typica* will coincide with implementation of the uniform mode of celebration for the Divine Liturgy in your Rite, whether in its simple, solemn or most solemn (*Raza*) form: as unanimously decided by Synod of Bishops in November 1999 and recently reconfirmed in January 2020, the celebrant shall face the faithful at the *Bema* during the Liturgy of the Word, turn towards the Altar – in the same direction that the faithful are facing – for the Liturgy of the Eucharist, and once again face the faithful during the concluding rites after Holy Communion.

This Congregation trusts that the people of God will abide by the decision of the Synod, and expects a cohesive commitment from every Bishop and priest of your Church *sui iuris*, both collegially and individually.

Expressing my closeness to the whole Syro-Malabar Church, I remain, with fraternal regards,

Sincerely yours in Christ,

Leonardo Card. Sandri

✠ Leonardo Card. Sandri
Prefect

Giorgio Demetrio Gallaro

✠ Giorgio Demetrio Gallaro
Archbishop Secretary

His Beatitude
George Card. ALENCHERRY
Major Archbishop of Ernakulam-Angamaly
The Syro-Malabar Major Archiepiscopal Curia
Mount St. Thomas - Post Box N. 3110

## ADDRESS OF H.E. ARCHBISHOP LEOPOLDO GIRELLI, APOSTOLIC NUNCIO

### on the occasion of the XXIX Synod of Bishops of the Syro-Malabar Church 17 August 2021

Your Beatitude, George Cardinal Alencherry, Major Archbishop of the Syro-Malabar Church,Your Grace, Archbishop Antony Kariyil, C.M.I, Archiepiscopal Vicar of the Major Archbishop for the Archeparchy of Ernakulam-Angamaly Dear Archbishops, Curia Bishop, Bishops, Auxiliary Bishops and Emeritus Bishops.

I am pleased to join you this afternoon, thanks to the wonders of modern technology, for the Second Session of the XXIX Synod of Bishops of the Syro-Malabar Church.

As I begin my mission here in India, I wish to take this opportunity, my first speaking with you gathered in Synod, to bring to you a message of fraternal closeness on behalf of the Holy Father Pope Francis. His Holiness is particularly aware of the suffering that marked the earlier months of this year due to the second wave of the Covid-19 pandemic, but he also recognizes the heroic way in which your communities responded to the challenge, offering assistance to those in greatest need.

You can rightly be proud of the vivacity of the Syro-Malabar Church's mission in areas such as education, evangelization and health, and in the charitable services offered by your numerous institutions. Your pastoral dedication continues in spite of the pandemic, and the trials it continues to bring, and also notwithstanding the other challenges you are currently facing.

My first address is also the occasion to express a word of congratulations and grateful thanks to His Beatitude Cardinal Alencherry, who completed ten years of pastoral leadership as Major Archbishop in May 2021. May the Lord continue to bless you abundantly as you guide the flock entrusted to your care.

Your Beatitude, Your Graces, Your Lordships, it is my sincere hope that these days of the Synod be spent sharing your experiences, speaking frankly (parrhesia) and listening in charity to one another, so that you may work in all things to build up the Church. My prayers accompany you in your endeavours.

In my address to you this evening, I shall focus on synodality - the theme of the forthcoming Synod of Bishops; on communion and unity; on the celebration of the Holy Qurbana - source and sign of that unity; and on Church renewal and evangelization.

**Christian life of the Eastern Churches**

Every Synod is an occasion to experience communion in the one Spirit, in the one faith and hope, and in the one Catholic Church. With particular regard to the Syro-Malabar Church, the final report of the 1985 Synod of Bishops noted: *"In terms of this aspect of communion, the Catholic Church today holds in great esteem the institutions, liturgical rites, ecclesiastical traditions and discipline of Christian life of the Oriental Churches, because they are resplendent in their venerable antiquity and because in them is present the tradition of the Apostles through the Fathers" (Orientalium Ecclesiarum, no. 1).*

Your venerable Church, makes manifest all those causes of

esteem! She is resplendent in her liturgy and tradition; greatly respected for her institutions and way of life. The ancient presence of the Syro-Malabar Church in this Subcontinent, in Kerala and beyond, is a blessing for all who encounter her. I pray that she may remain true to her noble roots and, under your pastoral governance and in full communion of life with the other sui iuris Churches, be an ever-present force for good in India.

**The Church is synodal because it is communion**

The Synod of Bishops is only the most evident manifestation of a dynamism of communion which inspires all ecclesial decisions. Indeed, synodality is the form that realizes the participation of all the people of God in mission. Hence the choice of theme for the forthcoming XVI Ordinary General Assembly of the Synod of Bishops: *"For a synodal Church: communion, participation and mission"* .

To understand the reasons that prompted the Holy Father to choose this theme, we only need to look back to the commemoration of the fiftieth anniversary of the institution of the Synod of Bishops in October 2015. On that occasion, Pope Francis asserted that *"a synodal Church is a Church which listens, which realizes that listening is more than simply hearing. It is a mutual listening, in which everyone has something to learn. The faithful people, the college of bishops, the Bishop of Rome: all listening to each other, and all listening to the Holy Spirit, the 'Spirit of truth' (Jn 14:17), in order to know what he 'says to the Churches' (Rev 2:7)."*

The Synod of Bishops is the point of convergence of this listening process conducted at every level of the Church's life. The Holy Father has emphasized that the Synod process be-

gins by listening to the people of God, which *"shares also in Christ's prophetic office" (cf. Lumen Gentium, no. 12), according to a principle dear to the Church of the first millennium: "Quod omnes tangit ab omnibus tractari debet".*

**The Church as Sacrament of Unity and Communion**

In his recent letter to the Bishops of the whole world, Pope Francis quoted two documents of the Second Vatican Council that highlight the importance of Church unity. Referring to Sacrosanctum Concilium, the Holy Father explained that the Church, the *"sacrament of unity," is such because it is "the holy People gathered and governed under the authority of the Bishops". He then quoted Lumen gentium, which recalls that the Bishop of Rome is " the permanent and visible principle and foundation of the unity both of the bishops and of the multitude of the faithful," and states that Bishops are "the visible principle and foundation of the unity of your local Churches, in which and through which exists the one and only Catholic Church" (POPE FRANCIS, Letter accompanying Traditionis Custodes, 16 July 2021).*

It is the special responsibility of the Bishops - and, indeed, a constant challenge for them - to make the Church *"the home and the school of communion."* At the dawn of the new millennium, Pope St. John Paul II affirmed: *"Communion must be cultivated and extended day by day and at every level in the structures of each Church's life. There, relations between Bishops, priests and deacons, between Pastors and the entire People of God, between clergy and Religious, between associations and ecclesial movements must all be clearly characterized by communion"* (POPE ST. JOHN PAUL II, Novo Millennio Ineuente, no. 45).

**Communion and the Holy Qurbana**

Indeed, the greatest manifestation of communion, celebrated day by day in the Church, is the Holy Eucharist. Immersed in the experience of God as intimate communion, we draw strength from the communion experienced in the liturgy to be artisans of unity in the world around us.

Speaking of liturgical communion brings me to mention the recent letter of the Holy Father Pope Francis, in which he refers in most favourable terms to the agreement unanimously reached by the Synod of Bishops of the Syro-Malabar Church in 1999, regarding a uniform mode of celebrating the Holy *Qurban*a (POPE FRANCIS, Letter to the Bishops, Clergy, Religious and Laity of the Syro-Malabar Church, 3 July 2021)

In the present situation of your Church, the Holy Father's desire for a *"prompt implementation of the uniform mode of celebrating"* is an appeal to unity and not to cause division, and thus needs to be contextualised. Therefore, I encourage the Synod judiciously to evaluate the timeframe for a prudent process of implementation in order to safeguard the unity of your Church. In heeding the spirit of the Holy Father's words, may you move forward together in such a manner as to conserve the communion of which you, dear Bishops, are custodians.

As for the divisions which have implications outside Kerala and in the diaspora outside India, they make it necessary to establish a clear objective for which to aim. Indeed, the path we walk is determined by its objective, otherwise it is simply an aimless wandering with everyone doing their own thing.

In light of this, there is need for immediate clarity on the uniform 50/50 orientation (in other words, celebrating the

Liturgy of the Word facing the people, and the Liturgy of the Eucharist facing the altar) as a primary objective to be achieved at once in all the eparchies of the diaspora, in places of pilgrimage, and in major and inter-diocesan seminaries. If formation in this manner is provided in seminary, and if this practice is established at youth meetings and other large gatherings

(when they become possible again after Covid), the awareness will spread that it is possible to welcome this decision without pain or injury.

Moreover, the Congregation for the Eastern Churches has, over the years, repeatedly endorsed the Synod's decision, considering it a vital step towards increased stability and ecclesial communion within the whole body of your beloved Church. Indeed, in granting the recognitio for the revised Malayalam *Raza Qurbana Taksa, Card. Sandri expressed his hope "that the venerable Syro-Malabar Church may be for all others an exemplary witness of ecclesial unity, supremely expressed in the worthy and faithful celebration of the Holy Eucharist."* (CARD. SANDRI, Letter to Card. Alencherry, 9 June 2021). May the new text be promptly adopted by all your communities and so promote uniformity in the manner of celebrating. Nevertheless, and precisely to avoid unnecessary conflict and preserve communion, I would invite you to encourage all your clergy humbly to accept the decision of the Holy Synod on liturgical unity, so clearly endorsed by the Holy Father Francis.

**The need for constant Church renewal**

To maintain a communion of faithful love and service, the Church is called to constant renewal. In *Evangelii Gaudium,* the programmatic Apostolic Exhortation of his Pontificate, the

Holy Father Francis recollects the memorable text of St. Paul VI who urged the Church to look *"with penetrating eyes within herself, ponder the mystery of her own being..." in order to make "a comparison between the ideal image of the Church as Christ envisaged her and loved her [...], and the actual image which the Church presents to the world today."* The Church is engaged in an on-going *"struggle to correct those flaws introduced by her members which her own self- examination, mirroring her exemplar, Christ, points out to her and condemns"* (POPE FRANCIS, *Evangelii Gaudium, 26; cf. PAUL VI, Ecclesiam Suam, 9, 10, 11).*

Walking the path of renewal should never be occasion to break the bonds of communion. In every community, the members walk at different speeds, and whilst this can be immensely frustrating, it gives us all time and space for that self-examination of which Pope St. Paul VI spoke. Our walking together should be a tireless "sentire cum ecclesia", where *"feeling with the Church"* means *"loving the Church"* and not acting unilaterally, or seeking to do her harm, even unwittingly.

Wherever our shared path may lead us, we have the guarantee that *"cum Petro et sub Petro",* we remain in the Lord's providence and safe from harm. Accepting the Holy Father's pastoral care and guidance is the only way to mark the Catholic identity of each member who is part of the one Church.

Church renewal, personal renewal and healing

Alas, over these past years, the inner peace of your beloved Church has been wounded, and I know that you long - indeed, we all long - for healing and reconciliation. I do not wish to dwell on the specific details of the land deal issue, which are

known all-too-well to those here present. The Congregation for the Eastern Churches, which has explicitly endorsed the Permanent Synod's proposal regarding the sale of land, wishes to see these provisions duly implemented (cf. N. 26/2021 of 21 June 2021, Card. Sandri to Archbishop Kariyil). In this regard, please note that restitution is not asked of the Major Archbishop personally, but rather in his official capacity.

Moreover, in the context of your Church, a reaffirmation of the hierarchical precedence and prerogatives of the Synod, as well as the effective competencies and responsibilities of the canonical bodies, seems to be a necessary step on the path to reconciliation.

At the same time, I would urge you to be clear that militating for unrest within the Church is unacceptable. Indeed, the scandals which scar the Church at the moment - and are grotesquely magnified by the media - truly disfigure her public face. This does great harm to us all: to the faithful, to society and, indeed, to the world. It need not be so.

**The Church and Evangelization**

Of course, the Church is not called to mere introspection! Her primary mission is to evangelize, to proclaim the Good News of salvation and let it be known that this Good News is a person: Jesus Christ. To make Christ known is the most precious gift that one can give to others. *"Go and make disciples of all nations!"* (cf. Mt 28:19). This "Great Commission" received from Christ is a missionary mandate to the whole Church, and remains as urgent today as ever.

*In Evangeliti Gaudium,* Pope Francis has placed the *"New Evangelization"* at the very centre of the Church's concern and urges each of us to be unafraid to explore new ways to

proclaim the Gospel and new ways to think about the Church, involving everyone, including the poor and marginalized.

In the Indian context, where the Catholic community is constituted and not divided in three ritual Churches, the one Church is sometimes called to overcome some internal tensions in order to be a credible witness to the Gospel and unleash her full potential for evangelization. Whilst I am aware that, on the ground, life can sometimes be complicated, I would humbly invite you to work together, and, in the words of the Holy Father seek *"a fruitful and harmonious cooperation between Catholic Bishops of the different sui iuris Churches within the same territory." Quite apart from the ecclesiological justifications for such collaboration, it "also demonstrates its pastoral benefits"* (POPE FRANCIS, Letter to the Bishops of India, 9 October 2017)

With particular reference to the Eparchy of Shamshabad, the Congregation for the Eastern Churches has recognized the competence of the Major Archbishop and Synod of the Syro-Malabar Church to make provisions for the reorganisation of the Ecclesiastical Circumscription, whilst exercising due sensitivity with regard to the Latin Dioceses covering the same territory. The Dicastery specifically asks, however, that until such time as the current Covid-19 pandemic is over, the current status quo be preserved (cf. N. 200/2020 of 21 July 2021, Card. Sandri to Archbishop Girelli).

**Conclusion:**

I thank you for your generous solidarity with the Holy See and the support you give to the Apostolic Nunciature in carrying out its mission to strengthen the bonds between the Successor of the Apostle Peter and the local Churches. Our faith

in Christ can help us to build bonds of communion with each other in an environment, which is today very different to that of the past.

The on-going pandemic situation prevents us from engaging in so much of the activity that we used to take for granted. Once restrictions are eventually relaxed, I am sure we can agree that we should return to a "new" and revitalized normal. Let us pray that this may come to pass soon!

May the Lord bless you in all your endeavours and, through the intercession of Mother Mary, St. Peter and St. Thomas, keep you in His peace.

**George Cardinal Alencherry**
**Major Archbishop**
**Syro-Malabar Church**

**Prot. No. 0922/2021**

## Decision of the Synod on the Implementation of the Revised Text & Uniform Mode of Celebration of Holy *Qurbana*

1. The Synod of Bishops of the Syro-Malabar Church unanimously decided to begin the celebration of Holy *Qurbana* using the revised text (*editio typica*) with the *recognitio* of the Apostolic See (Letter of the Oriental Congregation, Prot. N. 248/2004, dated 9 June 2021) with effect from the First Sunday of the Season of Annunciation (28 November 2021).

2. The Synod unanimously accepts the exhortation of the Holy Father Pope Francis through his letter dated 3 July 2021, addressed to the bishops, clergy, religious and laity of the Syro-Malabar Church, to implement the uniform mode of celebration of the Holy *Qurbana* in all eparchies in the Syro-Malabar Church as decided by the November 1999 Synod and reiterated by the Synodal Sessions in 2020 and approved by the Congregation for the Eastern Churches (Prot. N. 1796/99, dated 17 December 1999; Prot. N. 248/2004 dated 9 November 2020 & 9 June 2021) together with the implementation of the revised text of Holy *Qurbana* from the First Sunday (28 November) of the Season of Annunciation 2021. The Congregation through its letter dated 9 June 2021 has specified the uniform mode of celebration as follows: "the celebrant shall face the faithful at the *Bema* during the Liturgy of the Word, turn towards the Altar - in the same direction that the faithful are facing - for the Liturgy of the Eucharist, and once again face the faithful during the concluding rites after Holy Communion" (Prot. N. 248/2004).

3. The bishops of certain Eparchies who expressed their difficulties to implement the decision in the whole eparchy will, abiding by the above mentioned decisions, introduce the uniform mode of celebration starting with the cathedrals, pilgrim centers, religious communities, possible parishes, minor seminaries and other formation centers on 28 November 2021 itself. By effective catechesis, the uniform mode shall be gradually introduced in the whole eparchy as early as possible, not later than Easter 2022 (17 April 2022).

4. In this regard, the directives from the Congregation for the Eastern Churches in its letter dated 09 November 2020 (Prot. N. 248/2004) about dispensation by eparchial bishops as per provisions of CCEO c. 1538 § 1 are to be

followed. The Congregation states: "precision is necessary on the question of dispensations: as the *Codex Canonum Ecclesiarum Orientalium* clearly says, these must be given in a "special case" (can. 1538 § 1) for the spiritual good of the faithful. By their very nature, they should not come to appear as general permission for something that cannot legitimately be authorized in opposition to the common norms. Therefore, Bishops should have recourse of dispensations only for well-defined times and for specific reasons".

5. From the First Sunday of Annunciation 2021, all the Bishops will celebrate the Holy *Qurbana* in the uniform mode everywhere in the Syro-Malabar Church.

6. Apostolic Visitation in Europe, the Syro-Malabar Communities in Gulf countries and other places where the Syro-Malabar Church does not have jurisdiction, all the bishops and priests will celebrate the Holy *Qurbana* in the uniform mode.

7. The Synod should think of formulating an effective liturgical catechesis catering to the specific needs of the new mission areas.

8. The options given to the celebrant shall not be reserved by eparchial bishops as it is clarified by the Congregation for the Eastern Churches through its letter dated 9 November 2020 (Prot. N. 248/2004).

9. Innovations in Liturgy in matters like rituals, vestments, symbols, prayers etc. are to be introduced only with the consent of the Synod of Bishops of the Syro-Malabar Church.

Given from the Major Archiepiscopal Curia of the Syro-Malabar Church at Mount St. Thomas Kakkanad on 27 August 2021.

+ GAlencherry

Cardinal George Alencherry
Major Archbishop of the Syro-Malabar Church

MAR GEORGE ALENCHERRY • MAJOR ARCHBISHOP OF THE SYRO-MALABAR CHURCH

George Cardinal Alencherry
Major Archbishop
Syro-Malabar Church

Prot. No. 0923/2021

## ഇടയലേഖനം

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക്
ഏൽപിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.
ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ!

*"പുതിയ റാസ കുർബാന തക്സയ്ക്ക് അംഗീകാരം നൽകുന്ന സന്ദർഭം ഉപയോഗിച്ചു നിങ്ങളുടെ സഭയുടെ ഐക്യത്തിനും ഉപരിനന്മയ്ക്കുമായി വിശുദ്ധ കുർബാനയുടെ അർപ്പണ രീതിയിലുള്ള ഐക്യരൂപ്യം ഉടനടി നടപ്പിലാക്കാൻ എല്ലാ വൈദികരെയും സമർപ്പിതരെയും അല്മായ വിശ്വാസികളെയും ഞാൻ ആഹ്വാനം ചെയ്യുന്നു. സിനഡിന്റെ തീരുമാനം നിങ്ങൾ നടപ്പിലാക്കുമ്പോൾ പരിശുദ്ധാത്മാവു നിങ്ങളുടെ സഭയിലെ എല്ലാ അംഗങ്ങളും തമ്മിലുള്ള ഐക്യവും യോജിപ്പും സാഹോദര്യവും പരിപോഷിപ്പിക്കട്ടെ".*

ഫ്രാൻസിസ് മാർപാപ്പാ.

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

1934 മുതൽ നമ്മുടെ സഭ ആരാധനക്രമ നവീകരണത്തിന്റെ പാതയിലായിരുന്നു. 1986ൽ പുനരുദ്ധരിക്കപ്പെട്ട റാസ ക്രമം നിലവിൽ വന്നതോടെ സഭയുടെ പൈതൃകങ്ങളുടെയും തനിമയുടെയും അടിസ്ഥാനത്തിൽ പുതിയ ഉൾക്കാഴ്ചകൾ സ്വീകരിക്കാൻ സഹായകമായ ആഴമേറിയ പഠനങ്ങൾ ആരംഭിച്ചു. അതിന്റെ ഫലമായി വിവിധ കൂദാശകളുടെ കർമ്മക്രമങ്ങളും തിരുപ്പട്ടകൂദാശക്രമവും മറ്റു ആരാധനക്രമകർമ്മങ്ങളും ഏകീകൃത രൂപത്തിലാക്കാൻ കുഴിഞ്ഞു. എന്നാൽ, വിശുദ്ധ കുർബാനയർപ്പണ

രീതി ഏകീകൃതരൂപത്തിലാക്കാൻ നാം നടത്തിയ പരിശ്രമങ്ങൾ പലകാരണങ്ങളാൽ പൂർണഫലപ്രാപ്തിയിലെത്തിയില്ല. 1999ലെ സിനഡ് ഇതിനായി ഒരു ഏകീകൃതരൂപം നൽകിയെങ്കിലും അത് എല്ലാ രൂപതകളിലും നടപ്പിൽ വരുത്താൻ കഴിഞ്ഞില്ല. എങ്കിലും വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ ഐക്യത്തിനായി സഭയുടെ തലത്തിൽ നിരന്തരം ആവശ്യമുയർന്നുകൊണ്ടിരുന്നു. സഭാമക്കൾ അതിനായി പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. ഈ കാലഘട്ടത്തിൽ നടന്ന എല്ലാ സഭാ അസംബ്ലികളിലും വിശുദ്ധ കുർബാനയർപ്പണരീതിയിലെ ഏകീകരണത്തിനായി എല്ലാവരും ഒരേ സ്വരത്തിൽ വാദിച്ചിരുന്നു. മെത്രാന്മാരുടെ സിനഡൽ സമ്മേളനങ്ങളും അർപ്പണരീതിയിലെ ഏകീകരണത്തിനായി പരിശ്രമിച്ചുകൊണ്ടിരുന്നു. 2019 ആഗസ്റ്റിലെ സിനഡ് സമ്മേളനത്തിനിടയിൽ മെത്രാന്മാരോടൊപ്പം രൂപതകളിലെ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാർ ഒരുമിച്ചു കൂടിയപ്പോൾ അവരും വിശുദ്ധ കുർബാനയർപ്പണത്തിന്റെ ഏകീകരണത്തിനായി ശക്തമായി ആവശ്യപ്പെട്ടു. 2020 ആഗസ്റ്റിലെ മെത്രാന്മാരുടെ സിനഡ് അതുവരെ വിശുദ്ധ കുർബാനയുടെ ഏകീകൃത അർപ്പണരീതി നടപ്പിലാക്കാതിരുന്ന രൂപതകളിൽ അപ്രകാരം ചെയ്യണമെന്നു നിർദ്ദേശിച്ചു.

കൊറോണക്കാലത്ത് ഓൺലൈൻ കുർബാനകളിൽ പ്രത്യക്ഷപ്പെട്ട വിവിധ രൂപതകളിലെ അർപ്പണരീതികളുടെ വൈവിധ്യവും വൈരുദ്ധ്യവും സഭാംഗങ്ങളെ കൂടുതൽ അസ്വസ്ഥരാക്കി. പരിശുദ്ധ സിംഹാസനത്തെയും കുർബാനയർപ്പണരീതികളിലെ അനൈക്യം അത്ഭുതപ്പെടുത്തി. ഐകരൂപ്യം കൊണ്ടുവരേണ്ടത് സഭയുടെ ഐക്യത്തിന് അത്യാവശ്യമാണെന്ന നിഗമനത്തിൽ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം എത്തിച്ചേർന്നു. അതിൻ പ്രകാരം 2020 മെയ് 24ന് അപ്പസ്തോലിക് നുൺഷ്യോ മേജർ ആർച്ചുബിഷപ്പിനു കത്തെഴുതി. നവീകരിച്ച വിശുദ്ധ കുർബാനയുടെ തക്സ അംഗീകാരത്തിനു സമർപ്പിച്ചപ്പോൾ അർപ്പണരീതിയിൽ ഐക്യം ആവശ്യപ്പെട്ടുകൊണ്ടു 2020 നവംബർ 9ന് പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയം നേരിട്ടു കത്തെഴുതി. നവീകരിച്ച തക്സയ്ക്ക് അംഗീകാരം നൽകിക്കൊണ്ട് 2021 ജൂൺ 9 ന് എഴുതിയ കത്തിലും വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലുള്ള ഐക്യരൂപ്യം വ്യക്തമാക്കുന്ന നിർദ്ദേശങ്ങൾ പൗര

സ്ത്യ സഭകൾക്കായുള്ള കാര്യാലയം നൽകി. ഇതിനെതുടർന്നാണു പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പ തന്നെ വളരെ ആധികാരികമായി 2021 ജൂലൈ മൂന്നാം തീയതി നമ്മുടെ സഭയിൽ വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ ഐകരൂപ്യം ആവശ്യപ്പെട്ടുകൊണ്ടു മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായ വിശ്വാസികൾക്കുമായി കത്തെഴുതിയത്. ഇതു സീറോമലബാർസഭ മുഴുവനും വേണ്ടി പരിശുദ്ധ പിതാവ് എഴുതിയ കത്താണ്. അതിനാൽ ഈ കത്തിലെ നിർദ്ദേശമനുസരിച്ചു പ്രവർത്തിക്കാൻ ഓരോ സീറോമലബാർ വിശ്വാസിക്കും കടമയുണ്ട്. ഈ കത്തിൽ പരിശുദ്ധ പിതാവു നടത്തിയ ആഹ്വാനമാണ് ഈ ഇടയലേഖനത്തിന്റെ ആരംഭത്തിൽ ഉദ്ധരിച്ചിരിക്കുന്നത്. മാർപാപ്പ ഇപ്രകാരം നമ്മുടെ സഭയ്ക്ക് ഒരു കത്തെഴുതുന്നത് ഇതാദ്യമാണ്.

ഈ പശ്ചാത്തലത്തിൽ, 2021 ആഗസ്റ്റ് 16 മുതൽ 27 വരെ ഓൺലൈനായി സമ്മേളിച്ച സിനഡ് ഈ വിഷയം ആഴമായ പഠനത്തിനും ചർച്ചയ്ക്കും വിധേയമാക്കി. രണ്ടായിരം വർഷത്തെ അനുസ്യൂതമായ കത്തോലിക്കാവിശ്വാസപാരമ്പര്യമുള്ള സീറോമലബാർസഭയുടെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രത്യേകത സാർവത്രിക സഭയോടും മാർപാപ്പയോടും പുലർത്തിയ അചഞ്ചലമായ വിശ്വസ്തതയാണ്. പത്രോസിനോടൊപ്പവും പത്രോസിനോടുള്ള വിധേയത്വത്തിലും (cum Petro et sub 176700) സഭാതലവനോടും രൂപതാ മെത്രാനോടുമുള്ള അനുസരണത്തിലും ജീവിച്ച പാരമ്പര്യമാണ് നമ്മുടെ പിതാമഹന്മാർ നമുക്കു പകർന്നു തന്നിട്ടുള്ളത്. 1934ൽ സഭയുടെ ആരാധനക്രമം സംബന്ധിച്ചുണ്ടായ സമാനമായ പ്രതിസന്ധിയിൽ എറണാകുളം മെത്രാപ്പോലീത്തയായിരുന്ന ഭാഗ്യസ്മരണാർഹനായ അഗസ്റ്റിൻ കണ്ടത്തിൽ പിതാവു മാർപാപ്പായ്ക്ക് എഴുതിയത് തിരുസിംഹാസനം എടുക്കുന്ന ഏതു തീരുമാനവും ഞങ്ങൾക്കു പൂർണ്ണമായും സ്വീകാര്യമാണ് എന്നായിരുന്നു. ഈ മാതൃകയാണ് നാം സ്വീകരിക്കേണ്ടത്. പരിശുദ്ധാത്മാവ് തിരുസ്സഭയെ ഏറ്റവും വ്യക്തമായും കൃത്യമായും പഠിപ്പിക്കുന്നത് പരിശുദ്ധ പിതാവിലൂടെയാണെന്ന് നാം വിശ്വസിക്കുന്നു. പരിശുദ്ധ പിതാവിന്റെ നിർദ്ദേശങ്ങൾ അനുസരിക്കാൻ വിശ്വാസികൾക്കുള്ള കടമയെക്കുറിച്ചു നമുക്ക് അറിവുള്ളതാണല്ലോ (210, 0. 45). ആരാധന്രകമത്തെ സംബന്ധിച്ച കാര്യങ്ങൾ

അന്തിമതീർപ്പു കല്പിക്കേണ്ടതു മാർപാപ്പായാണെന്നു സഭാപ്രബോധനങ്ങളിൽ വ്യക്തമാക്കുന്നുണ്ട് (60, 22). മാർപാപ്പ തീർപ്പു കല്പിച്ച ആരാധന്രകമത്തിൽ എന്തെങ്കിലും കൂട്ടിച്ചേർക്കാനോ മാറ്റംവരുത്താനോ വൈദികർക്കോ മറ്റുള്ളവർക്കോ അവകാശമില്ല (70, 22.3). അതിനാൽ, പരിശുദ്ധ പിതാവിന്റെ നിർദ്ദേശം നടപ്പിലാക്കാൻ നാം ബാധ്യസ്ഥരാണ്. വ്യത്യസ്തമായ ഒരു തീരുമാനമെടുക്കാൻ സിനഡിനോ ഏതെങ്കിലും രൂപതാധ്യക്ഷനോ അവകാശമില്ല. ''അനുസരണം ബലിയെക്കാൾ ശ്രേഷ്ഠമാണ്'' (1 സാമു 15:22) എന്നതു നാം മറക്കരുത്. പരിശുദ്ധ പിതാവു കാണിച്ചുതരുന്ന വഴിയാണു നമുക്കു ദൈവാനുഗ്രഹത്തിന്റെ വഴി. അതിനാൽ, സഭാമക്കൾ ആഗ്രഹിച്ചതും സിനഡ് അംഗീകരിച്ചതും പരിശുദ്ധ പിതാവ് ആഹ്വാനം ചെയ്തിരിക്കുന്നതുമായ വിശുദ്ധ കുർബാനയുടെ അർപ്പണരീതി അനുവർത്തിക്കുക എന്നതു കത്തോലിക്കരായ നമ്മെ സംബന്ധിച്ചിടത്തോളം സഭാകൂട്ടായ്മയിലുള്ള നമ്മുടെ ഉത്തരവാദിത്വനിർവ്വഹണവും പരിശുദ്ധ പിതാവിനോടുള്ള നമ്മുടെ വിധേയത്വത്തിന്റെ പ്രകാശനവുമാണ്.

ആരാധന്രകമത്തിൽ ഐകരുപ്യമല്ല ഐക്യമാണ് വേണ്ടത് എന്നു ചിന്തിക്കുന്നവരുണ്ടാകാം. ഐക്യവും ഐകരൂപ്യവും ഒന്നല്ലെങ്കിലും പരസ്പരപൂരകങ്ങളാണ്. അടിസ്ഥാന ഘടകങ്ങളിലുള്ള ഐകരൂപ്യം ഐക്യത്തിന് ആവശ്യമാണ്. ആരാധനക്രമത്തിന്റെ അടിസ്ഥാനരൂപങ്ങളിൽ ഐകരൂപ്യമില്ലാതെ ഐക്യം സാധ്യമാവില്ല. ഇതിനു നമ്മുടെ സഭയുടെ ചരിത്രം തന്നെ സാക്ഷിയാണ്. വിശുദ്ധ കുർബാനയർപ്പണത്തിലെ ഐകരൂപ്യം ഇതാണ്: കാർമ്മികൻ ആമുഖശുശ്രൂഷയും വചനശുശ്രൂഷയും ഉൾപ്പെടെ വിശ്വാസപ്രമാണം കഴിയുന്നതുവരെ വചനവേദി (ബേമ്മ)യിൽ വച്ചു ജനാഭിമുഖമായും അനാഫൊറാ ഭാഗം അൾത്താരയ്ക്ക് അഭിമുഖമായും വി. കുർബ്ബാന സ്വീകരണത്തിനുശേഷമുള്ള സമാപനശുശ്രൂഷ ജനാഭിമുഖമായും നിർവഹിക്കുക. അർത്ഥപൂർണമായ ബലിയർപ്പണത്തിനു വചനത്തിന്റെ മേശയും (ബേമ്മ) അപ്പത്തിന്റെ മേശയും (ബലിപീഠം) ആവശ്യമാണെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട് (1, 14). നമ്മുടെ സഭയിലെ പൗരാണികമായ പാരമ്പര്യവും ഇതുതന്നെയാണ്.

നമ്മുടെ വിശുദ്ധ കുർബാനയിൽ ആമുഖശുശ്രൂഷയും വചന

ശുശ്രൂഷയും യഥാക്രമം ഈശോയുടെ ജനനത്തെയും പരസ്യ ജീവിതത്തെയുമാണ് അനുസ്മരിപ്പിക്കുന്നത്. ഈ അടിസ്ഥാന ത്തിലാണ് വിശുദ്ധ കുർബാനയുടെ ആദ്യഭാഗം വചനവേദിയിൽ ജനാഭിമുഖമായി അർപ്പിക്കുന്നത്. തുടർന്നു, ''കഴുകി ശുദ്ധ മാക്കപ്പെട്ട ഹൃദയത്തോടും വെടിപ്പാക്കപ്പെട്ട മനസ്സാക്ഷിയോടും കൂടെ'' വിശ്വാസപ്രമാണത്തിനുശേഷം വിശുദ്ധ മദ്ബഹായിൽ പ്രവേശിക്കുന്ന പുരോഹിതൻ സഭയുടെ നാമത്തിൽ മിശിഹായുടെ പ്രതിനിധിയായി പരമപിതാവിനു ബലിയർപ്പിക്കുകയാണ്. അതി നാലാണു കൂദാശാഭാഗം മദ്ബഹായ്ക്ക് അഭിമുഖമായി അർപ്പി ക്കണമെന്നു നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. പാശ്ചാത്യ, പൗരസ്ത്യ സഭകളിലെല്ലാം 1965 വരെ അൾത്താരയ്ക്ക് അഭിമുഖമായാണ് വി. കുർബാന അർപ്പിച്ചിരുന്നത്. സഭയുടെ ആരംഭം മുതലേ നിലനി ന്നിരുന്ന ഈ വിശുദ്ധ പാരമ്പര്യം വീണ്ടെടുക്കാനാണു പരിശുദ്ധ പിതാവു നമ്മോട് ആവശ്യപ്പെടുന്നത്. വിശുദ്ധ കുർബാനയുടെ അർപ്പണഭാഗം സമാപിക്കുന്നതുകൊണ്ടാണു കുർബാനസ്വീകര ണത്തിനു ശേഷമുള്ള കൃതജ്ഞതാപ്രാർഥനകളും സമാപനാശീർ വ്വാദവും ജനങ്ങളുടെ നേരെ തിരിഞ്ഞു ചൊല്ലേണ്ടതാണെന്നു നിർദേശിക്കപ്പെട്ടിരിക്കുന്നത്.

വിശുദ്ധ കുർബാനയെന്നതു മിശിഹായുടെ ശരീരമായ സഭ ശിരസ്സായ അവിടത്തോടു ചേർന്നു പിതാവായ ദൈവത്തിന് അർ പ്പിക്കുന്ന ബലിയാണ്. അതിനാൽ സഭാഗാത്രമായ ദൈവജനവും ശിരസ്സായ മിശിഹായുടെ നാമത്തിൽ വിശുദ്ധ രഹസ്യങ്ങൾ പരി കർമം ചെയ്യുന്ന വൈദികനും പിതാവായ ദൈവത്തിന്റെ സിംഹാ സനമായ വിശുദ്ധ അൾത്താരയ്ക്ക് അഭിമുഖമായി ബലിയർ പ്പണവേദിയിൽ വ്യാപരിക്കുന്നതു സമുചിതമാണെന്ന് ആദിമകാലം മുതലേ സഭ കരുതിയിരുന്നു. വിശുദ്ധ കുർബാനയർപ്പിക്കുന്ന കാർമ്മികൻ ഒരേസമയം ക്രിസ്തുവിനെയും സഭയെയും പ്രതിനി ധാനം ചെയ്യുന്നു. (alter Christus et altera Ecclesia).

ക്രിസ്തീയ ജീവിതം സ്വർഗ്ഗത്തെ ലക്ഷ്യമാക്കിയുള്ള തീർത്ഥാ ടനമാണെന്ന വിശ്വാസവും ഈ അനുഷ്ഠാനത്തിലൂടെ തിരു സ്സഭ പ്രഘോഷിക്കുന്നുണ്ട്. മദ്ബഹാ പ്രതിനിധാനം ചെയ്യുന്ന സ്വർഗ്ഗത്തെ ലക്ഷ്യമാക്കി ദൈവജനമൊന്നാകെ തീർത്ഥാടനം ചെയ്യുന്ന അനുഭവമാണു കുർബാനയിലൂടെ ലഭിക്കുന്നത്. ദൈവ ത്തിന്റെ സിംഹാസനമായ ബലിപീഠത്തിനു മുന്നിൽ കുമ്പിട്ടാരാ

ധിക്കുന്ന മാലാഖവൃന്ദങ്ങളോടും സ്വർഗ്ഗവാസികളായ വിശുദ്ധരോടും ചേർന്നു ഭൂവാസികളും ദൈവത്തെ ആരാധിക്കുന്ന രീതിയിലാണു നമ്മുടെ വിശുദ്ധ കുർബാനയിലെ പ്രാർത്ഥനകൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. ഒരേ സമയം പരിശുദ്ധ ത്രിത്വത്തിന്റെ സിംഹാസനവും നമ്മുടെ കർത്താവിന്റെ കബറിടവുമായി പരിഗണിക്കപ്പെടുന്ന വിശുദ്ധ അൾത്താരയ്ക്കു നമ്മുടെ ആരാധന ക്രമത്തിൽ വലിയ പ്രാധാന്യമുണ്ട്. അതിനാലാണ് അൾത്താരയിലേക്കു തിരിയുന്നതിനെ ''കർത്താവിലേക്കു തിരിയുന്നതായി'' (Conversi ad Dominum) നമ്മുടെ പിതാക്കന്മാർ വിശേഷിപ്പിച്ചിരിക്കുന്നത്. അതിനാൽ നമ്മുടെ സഭയുടെ തനതായ പാരമ്പര്യം പരിഗണിച്ചു വിശുദ്ധ കുർബാനയിലെ അനാഫൊറയുടെ ആരംഭം മുതൽ വിശുദ്ധ കുർബാനസ്വീകരണംവരെയുള്ള ഭാഗം മദ്ബഹായ്ക്കു അഭിമുഖമായി അർപ്പിക്കണമെന്ന സിനഡിന്റെ തീരുമാനം ഉടനടി (promptly) നടപ്പിലാക്കാൻ പരിശുദ്ധ പിതാവ് ആവശ്യപ്പെട്ടിരിക്കുന്നത്.

ആരാധനക്രമത്തിലെ ഐക്യമാണു സഭയുടെ കൂട്ടായ്മയുടെ അടിസ്ഥാനം എന്ന സത്യം തിരിച്ചറിയാൻ നാം വൈകിയതും സഭാഗാത്രത്തിൽ ഏറെ മുറിവുകൾ സൃഷ്ടിക്കാൻ കാരണമായി. ഈ വീഴ്ചയെ എളിമയോടും അനുതാപത്തോടുംകൂടെ നമുക്കു ദൈവതിരുമുമ്പിൽ ഏറ്റുപറയാം. അൾത്താരയിൽ ഐക്യം ഇല്ലാതെ സഭയിൽ ഐക്യം സാധ്യമല്ല എന്ന ബെനഡിക്റ്റ് മാർപാപ്പയുടെ ചിന്ത നമുക്കു മാർഗ്ഗദീപമാകട്ടെ.

ഏകീകൃത ബലിയർപ്പണരീതി നടപ്പിലാക്കുന്നതിലെ വൈഷമ്യങ്ങൾ ചൂണ്ടികാണിച്ചു വിവിധ തലങ്ങളിൽനിന്നുയർന്ന നിരീക്ഷണങ്ങളെക്കുറിച്ചും സിനഡ് പിതാക്കന്മാർ ആ ത്മാർത്ഥമായി ചർച്ച ചെയ്തു. ഏതാനും ദശകങ്ങളായി ശീലിച്ച പതിവു ശൈലി മാറ്റുമ്പോഴുള്ള പ്രായോഗിക ബുദ്ധിമുട്ടിനെക്കുറിച്ച് ഉന്നയിക്കപ്പെട്ട ആശങ്കകൾ പിതാക്കന്മാർ ഹൃദയപൂർവം മനസ്സിലാക്കുന്നു. എന്നാൽ, കർത്താവിന്റെ അജഗണത്തെ ഒരുമയോടെ മുന്നോട്ടു നയിക്കാനുള്ള പരിശുദ്ധ പിതാവിന്റെ ആഹ്വാനം ശിരസ്സാവഹിക്കണമെന്നാണു സിനഡിലെ ചർച്ചകളിലൂടെ പരിശുദ്ധാത്മാവു പ്രചോദിപ്പിക്കുന്നതെന്നു പിതാക്കന്മാർക്കു ബോധ്യപ്പെട്ടു. സഭയിൽ ഏതെങ്കിലുമൊരു ആശയഗതിയുടെ വിജയമോ പരാജയമോ ആയി ഈ തീരുമാനത്തെ ആരും വിലയിരുത്തരുത്. ആരാധനക്രമാനുഷ്ഠാ

നത്തിൽ നിലവിലുണ്ടായിരുന്ന രണ്ടു വ്യത്യസ്ത ചിന്താധാരകളെ സംയോജിപ്പിച്ചു സിനഡു തീരുമാനിച്ച മധ്യമാർഗ്ഗമാണു പരിശുദ്ധ പിതാവു നടപ്പിലാക്കാൻ ആവശ്യപ്പെട്ടിരിക്കുന്നത്.

അതിനാൽ, പരിശുദ്ധ പിതാവു നിർദ്ദേശിച്ച പ്രകാരമുള്ള ഏകീകൃത ബലിയർപ്പണരീതിയിൽ നവീകരിച്ച കുർബാനക്രമം (editio typica) അടുത്ത ആരാധനക്രമവത്സരം ആരംഭിക്കുന്ന 2021 നവംബർ 28-ാം തിയ്യതി മംഗളവാർത്തക്കാലം ഒന്നാം ഞായറാഴ്ച മുതൽ നമ്മുടെ സഭയിൽ നടപ്പിലാക്കാൻ സിനഡു തീരുമാനിച്ചു. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ മാറ്റിവച്ചു സഭയുടെ പൊതുനന്മയെ ലക്ഷ്യമാക്കി ഒരുമനസ്സോടെ ഈ തീരുമാനം നടപ്പിലാക്കണമെന്നു സിനഡു പിതാക്കന്മാർ സഭാംഗങ്ങൾ എല്ലാവരോടും സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

സിനഡത്തിന്റെ വിജയത്തിനുവേണ്ടി സഭ മുഴുവൻ കഴിഞ്ഞ ദിവസം ഒരു മാസം ഉപവസിച്ചു പ്രാർത്ഥിക്കുകയായിരുന്നല്ലോ. സിനഡിൽ നല്ല തീരുമാനങ്ങൾ എടുക്കുന്നതിനുള്ള ദൈവാനുഗ്രഹം ലഭിക്കുന്നതിന് ഈ പ്രാർത്ഥന സഹായകമായി. സഭാമക്കളേവരോടും ഹൃദയപൂർവ്വം നന്ദി പറയുന്നു.

വി. കുർബാനയർപ്പണം ദൈവജനത്തിനു കൂട്ടായ്മയുടെ അനുഗ്രഹം സ്വന്തമാക്കാനുള്ള അവസരമാക്കി മാറ്റാൻ നമുക്ക് ഒരു മനസ്സോടെ തീരുമാനമെടുക്കാം. ഇക്കാര്യത്തിൽ ഇനിയും വിയോജനസ്വരങ്ങൾ ഉണ്ടാകാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട വൈദികരും സമർപ്പിതരുമാണ് ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടത് എന്നു സ്നേഹപൂർവ്വം ഓർമിപ്പിക്കുന്നു. ലോകത്തെ രക്ഷിക്കാൻ ഈശോ അർപ്പിച്ച ആത്മബലി അത് അർപ്പിക്കുന്ന അവിടുത്തെ മൗതികശരീരത്തെ നമ്മുടെയും ആത്മബലിയാകട്ടെ. ഭിന്നതകളുടെ മതിലുകൾ തകർക്കുന്ന ദൈവാരൂപിയുടെ പ്രവർത്തനത്തിനായി നമുക്ക് സഭയെ സമർപ്പിക്കാം. കാൽവരിയിലെ തിരുക്കുമാരന്റെ ബലിയിൽ ഏറ്റവും ആത്മാർത്ഥതയോടെ പങ്കെടുത്ത പരിശുദ്ധ കന്യകാമറിയത്തിന്റെയും സത്യവിശ്വാസം പകർന്നുതന്ന നമ്മുടെ പിതാവു മാർത്തോമ്മാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും സവിശേഷമായ മാധ്യസ്ഥ്യം കൂട്ടായ്മയുടെ അരൂ

പിയിൽ നമ്മെ നയിക്കട്ടെ.

കാരുണ്യവാനായ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2021-ാം ആണ്ട് ആഗസ്റ്റ് മാസം 27-ാം തീയതി നല്കപ്പെട്ടത്.

**കർദിനാൽ ജോർജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

NB: ഈ ഇടയലേഖനം 2021 സെപ്റ്റംബർ 05-ാം ഞായറാഴ്ച കുർബാർമദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് സാമൂഹിക മാധ്യമങ്ങളിലൂടെ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

## സർക്കുലർ

***Circular No.*15/2021**
***Prot. No.* 25249/2021**

കർത്താവിനാൽ ഏറ്റവും സ്നേഹിക്കപ്പെട്ട പ്രിയ ബഹുമാനപ്പെട്ട വൈദികരെ, സമർപ്പിതരെ, സഹോദരീസഹോദരന്മാരെ, വാൽസല്യമുള്ള കുട്ടികളേ,

മാനന്തവാടി ബിഷപ്പ്സ് ഹൗസിൽ നിന്ന് സ്നേഹാന്വേഷണങ്ങൾ. കോവിഡ് മഹാമാരിമൂലമുണ്ടായിട്ടുള്ള പ്രയാസങ്ങൾക്കും പ്രതിസന്ധികൾക്കും നടുവിലാണെങ്കിലും ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് നിങ്ങളെല്ലാവരും, പ്രത്യേകിച്ച് കുട്ടികളും പ്രായമായവരും, തങ്ങളുടെ വിശ്വാസജീവിതത്തിൽ ഉറച്ചു നില്ക്കുകയും കഴിയുംവിധം അത് പരിപോഷിപ്പിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നു എന്നറിയുന്നതിൽ സന്തോഷിക്കുന്നു. നിങ്ങൾക്കെല്ലാവർക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നു. ഈ മഹാമാരിയെ എത്രയും വേഗം ലോകത്തിൽ നിന്ന് നിർമാർജ്ജനം ചെയ്യണമെ എന്ന് ലോകം മുഴുവനും വേണ്ടി നമുക്ക് ഒന്നു ചേർന്ന് കർത്താവിനോട് തീക്ഷ്ണമായി പ്രാർത്ഥിക്കാം.

നമ്മുടെ സഭയിലെ വിശുദ്ധ കുർബാനയർപ്പണത്തിൽ ഏകീകൃതരീതി നടപ്പാക്കണം എന്ന് നമ്മെ സ്നേഹത്തോടെ ഉപദേശിച്ചുകൊണ്ട് കത്തോലിക്കാ സഭയുടെ തലവനായ പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ നമുക്കയച്ച വ്യക്തിപരമായ കത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് ഈ വർഷം നവംബർ 28 ഞായറാഴ്ച മുതൽ ആ രീതിയിൽ നമ്മുടെ സഭയിൽ എല്ലായിടത്തും വി. കുർബാനയർപ്പിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് സീറോ മലബാർ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ച്ബിഷപ്പ് അഭിവന്ദ്യ കർദ്ദിനാൾ ജോർജ്ജ് ആലംഞ്ചേരി പിതാവ് നമുക്കൊരു ഇടയലേഖനം അയച്ചിരുന്നത് നിങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുല്ലോ. അത്

നാളെ, 2021 സെപ്തംബർ മാസം 5 ന് ഞായറാഴ്ച എല്ലാ പള്ളികളിലും വി. കുർബാന മധ്യേ വായിക്കണം എന്നും അറിയിച്ചിരുന്നു. അതനുസരിച്ച് ബഹുമാനപ്പെട്ട വൈദികർ അത് വി. കുർബാന മദ്ധ്യേ വായിക്കാൻ ശ്രദ്ധിക്കണെ.

വി. കുർബാനയർപ്പണത്തിലെ ഏകീകൃതരീതി നടപ്പാകുമ്പോൾ അറിഞ്ഞിരിക്കേണ്ട പ്രായോഗിക കാര്യങ്ങളെപ്പറ്റിയും മറ്റും പിന്നീട് നിങ്ങൾക്ക് ഞാൻ വിശദമായി എഴുതുന്നതാണ്. അതുപോലെ അക്കാര്യങ്ങളെ വിശദീകരിക്കാൻ പ്രത്യേകം ഓൺലൈൻ മീറ്റിംഗും കൂടുന്നതാണ്.

അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പിന്റെ ഇടയലേഖനം പള്ളിയിൽ വായിക്കുന്നതിനെതിരെ ചില രൂപതകളിൽ നിന്നുള്ള കുറെ വൈദികരും അല്മായരും വിവിധ മാദ്ധ്യമങ്ങളിലൂടെ ആവശ്യപ്പെടുന്നുണ്ട്. നിർഭാഗ്യകരമായ അത്തരം പ്രചരണങ്ങൾക്ക് നമ്മൾ ചെവി കൊടുക്കരുതേ എന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. സീറോ മലബാർ സഭയിൽ ദീർഘനാളായി നിലവിലിരിക്കുന്ന ഭിന്നത നീക്കി സഭയുടെ നന്മയും വളർച്ചയും ലക്ഷ്യം വച്ച് പരിശുദ്ധ പിതാവ് നമുക്ക് തന്നിട്ടുള്ള ഈ ഉപദേശത്തെ ഹൃദയത്തിൽ സ്വീകരിച്ച് നടപ്പാക്കി കഴിയുമ്പോൾ അത് നമുക്ക് വലിയ പുരോഗതിക്ക് കാരണമാകും. നമ്മുടെ സഭ എന്നും പരിശുദ്ധ പിതാവിനെ അനുസരിക്കുന്നവർ ആയിരുന്നു. അതിനിയും തുടരണം. അതുകൊണ്ട് മേല്പറഞ്ഞ രീതിയിൽ വരുന്ന ഒരു വാർത്തയും പ്രചാരണവും നിങ്ങൾ പരിഗണിക്കേണ്ടതില്ല. മറിച്ച് അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പിന്റെ ഇടയലേഖനം പള്ളിയിൽ വായിച്ച് നമുക്ക് അദ്ദേഹത്തോടും മെത്രാൻ സിനഡിനോടും പരിശുദ്ധ പിതാവിനോടും ചേർന്ന് നിന്ന് നമ്മുടെ പൂർവികർ തലമുറ തലമുറയായി നമുക്ക് കൈമാറിത്തന്ന വിശ്വാസം കാത്ത് സൂക്ഷിക്കാം.


ഏകീകൃതരീതി നടപ്പിൽ വരുത്തുന്നതോടെ വരുന്ന മാറ്റങ്ങൾ എന്ന് പറഞ്ഞുകൊണ്ട് പല സ്രോതസ്സുകളിൽ നിന്നും വ്യാജവാർത്തകൾ സൃഷ്ടിച്ച് വിടുന്നുമുണ്ട്. അതൊന്നും സത്യമല്ല എന്നും. അതേപ്പറ്റി ആരും ആശങ്കപ്പെടേണ്ടതുമില്ല. രണ്ട് പ്രധാന

മാറ്റങ്ങളാണ് നടപ്പിൽ വരുന്നത്. വി. കുർബാനയിലെ അനാഫറ യുടെ ഭാഗം മദ്ബഹായ്ക്ക് അഭിമുഖമാകും എന്നതാണ് പ്രധാന മാറ്റം. അതുപോലെ ചെറിയ മാറ്റങ്ങളോടെ പുതിയ കുർബാനപ്പുസ്ത കവും നിലവിൽ വരും.

മേല്പ്പറഞ്ഞ ഇടയലേഖനവും പരിശുദ്ധ പിതാവിന്റെ കത്തിന്റെ മലയാള പരിഭാഷയും ഇതോടോപ്പം കൊടുത്തിട്ടുണ്ട്. അവരും പള്ളിയിൽ വായിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. ബഹു മാനപ്പെട്ട വൈദികർക്ക് മുൻകൂട്ടി നന്ദി പറയുന്നു. കർത്താവിന്റെ കൃപ നിങ്ങളെല്ലവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2021 സെപ് റ്റംബർ മാസം 4 ന് ശനിയാഴ്ച നല്കപ്പെട്ടത്.

യേശുവിൽ,



**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

## ഇടയലേഖനം

*No.25341/2021*

*Prot. No. 25288/2021*

**മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ പൊരുന്നേടം മാർ ജോസ് മെത്രാൻ തന്റെ സഹശുശ്രൂഷ കരായ വൈദികർക്കും ശെമ്മാശ്ശന്മാർക്കും സമർപ്പിതർക്കും അത്മായ സഹോദരങ്ങൾക്കും തനിയ്ക്ക് ഭരമേൽപ്പിയ്ക്കപ്പെട്ടിരിയ്ക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്**

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പാ 2021 ജൂലൈ 3 ന് സീറോ മലബാർ സഭയിലെ മെത്രാന്മാരെയും വൈദികരെയും സമർപ്പിതരെയും അല്മായ വിശ്വാസികളെയും അഭിസംബോധന ചെയ്തുകൊണ്ട് ഇപ്രകാരം എഴുതി:

*''നിങ്ങളുടെ സഭയുടെ കൂടുതൽ നന്മയ്ക്കും ഐക്യത്തിനും വേണ്ടി വി. കുർബാനയർപ്പണത്തിനുള്ള ഏകീകൃതരൂപത്തെ ഉട നടി നടപ്പിൽ വരുത്താനുള്ള പ്രക്രിയയുമായി മുന്നോട്ട് പോകാൻ എല്ലാ വൈദികരെയും സമർപ്പിതരെയും അല്മായ വിശ്വാസിക ളെയും ഞാൻ ഉപദേശിക്കുന്നു. സിനഡിന്റെ തീരുമാനം നടപ്പിൽ വരുത്താൻ നിങ്ങൾ പരിശ്രമിക്കുമ്പോൾ പരിശുദ്ധാത്മാവ് നിങ്ങ ളുടെ സഭയിൽ യോജിപ്പും സാഹോദര്യവും ഐക്യവും വളർ ത്തട്ടെ.''*

**പരിശുദ്ധ പിതാവ് ഇടപെടാനുണ്ടായ സാഹചര്യം**

കത്തോലിക്കാ വിശ്വാസികളായ നമ്മെ സംബന്ധിച്ചിട ത്തോളം നമ്മുടെ വിശ്വാസത്തിന്റെ പരമമായ പ്രകടനമാണ് വി. കുർബാനയർപ്പണം. നിർഭാഗ്യവശാൽ അക്കാര്യത്തിൽ ഇതുവരെ സീറോ മലബാർ സഭയിൽ നമുക്കെല്ലാം വളരെ വലിയ വിഷമ ത്തിനും ഉതപ്പിനും കാരണമാക്കിക്കൊണ്ട് വിവാദങ്ങളും വിഭാ ഗീയതകളും വർദ്ധിച്ചു വരുന്ന സാഹചര്യം ഉണ്ടായിരുന്നു എന്ന കാര്യം നിങ്ങൾക്കേവർക്കും അറിയാവുന്നതാണ്. അതിന്റെ

ചരിത്രപരവും ദൈവശാസ്ത്രപരവും ആയ കാരണങ്ങളും സാഹ ചര്യങ്ങളും എന്തെല്ലാമാണെങ്കിലും ഈ ദുഃസ്ഥിതിക്ക് വിരാമ മിടാനുള്ള ലക്ഷ്യത്തോടെ സീറോ മലബാർ മെത്രാൻ സിനഡ് 1999 ൽ ഒരു ധാരണയിൽ എത്തിച്ചേരുകയും അത് രണ്ടാമായിരാ മാണ്ടിൽ ക്രിസ്തുജയന്തിയുടെ മഹാജൂബിലിയോടനുബന്ധിച്ച് നടപ്പാക്കാൻ തീരുമാനിക്കുകയും ചെയ്തു. ആ തീരുമാനത്തെ പരിശുദ്ധ സിംഹാസനം സർവ്വാത്മനാ സ്വീകരിക്കുകയും അംഗീ കരിക്കുകയും അത് നടപ്പിൽ വരുത്താൻ ആഹ്വാനം ചെയ്യുകയും ചെയ്തു.

സിനഡിന്റെ തീരുമാനത്തെ 1999 ഡിസംബർ 18 ന് പരിശുദ്ധ പിതാവിന് സമർപ്പിച്ച് അദ്ദേഹത്തിന്റെ അംഗീകാരം വാങ്ങിയശേഷം പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയത്തിന്റെ അന്നത്തെ പ്രിഫെക്ട് യശ്ശ:ശരീരനായ കർദ്ദിനാൾ അക്കീല്ലെ സിൽവെസ്ത്രീ നി സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ് ആയിരുന്ന യശ്ശ:ശരീരനായ കർദ്ദിനാൾ വർക്കി വിതയത്തിൽ പിതാവിന് 1999 ഡിസംബർ 24 ന് എഴുതിയ കത്തിൽ ഇപ്രകാരം പ്രസ്താവിച്ചി രിക്കുന്നു.

*സഭയുടെ സ്ഥിരതയും കൂട്ടായ്മയും വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പ്രഥമ പടികളിൽ വി. കുർബാനയർപ്പണത്തെപ്പറ്റി യുള്ള ഏകകണ്ഠമായ ധാരണക്കു വേണ്ടിയുള്ള സവിശേഷമായ പരിശ്രമവും ഉൾക്കൊള്ളുന്നു. അതിനായി തുടർന്നുകൊണ്ടി രിക്കുന്ന ഈ പരിശ്രമം സീറോ മലബാർ സഭയിലെ വിശ്വാസി കൾ എല്ലാവരിലും ഈ മഹാജൂബിലി വർഷം ആരംഭിക്കുമ്പോൾ വലിയ ആത്മീയ ഫലങ്ങൾ ഉളവാക്കും എന്ന കാര്യത്തിൽ എനിക്ക് അതിയായ ആത്മവിശ്വാസമുണ്ട് (Prot. No. 140/99).*

എന്നാൽ നിർഭാഗ്യമെന്ന് പറയട്ടെ, പലവിധ കാരണങ്ങളാൽ ആ ധാരണയനുസരിച്ച് വിശുദ്ധ കുർബാനയർപ്പണത്തിന്റെ ഏകീ കൃത രീതി എല്ലാ രൂപതകളിലും നടപ്പിലായില്ല. ആ ധാരണയനു സരിച്ച് തന്നെ വേണം മുമ്പോട്ട് പോകാൻ എന്ന് സീറോ മലബാർ മെത്രാൻ സിനഡും പരിശുദ്ധ സിംഹാസനവും ആവർത്തിച്ച് ഉദ് ബോധിപ്പിച്ചെങ്കിലും സ്ഥിതിയിൽ മാറ്റമുണ്ടായില്ല.

ഇക്കാര്യം സൂചിപ്പിച്ചുകൊണ്ട് 2020 നവംബർ 9 ന് പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയത്തിന്റെ ഇപ്പോഴത്തെ പ്രീഫെക്ട് കർദ്ദിനാൾ ലയനാർദൊ സാൻഡ്രി മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി പിതാവിന് എഴുതി.

*നിർഭാഗ്യവശാൽ അധികം താമസിയാതെ പരസ്യമായ എതിർപ്പിലൂടെ, സ്ഫോടനാത്മകമായ ഒരു അജപാലന സാഹചര്യം സൃഷ്ടിച്ച്, വിശ്വാസികൾക്ക് വലിയ ആത്മീയ ഉപദ്രവത്തിന് കാരണമാക്കിക്കൊണ്ട്, സന്തോഷകരമായ ആ പ്രതീക്ഷ നശിപ്പിക്കപ്പെട്ടു. ചില വൈദികരുടെ ഭാഗത്ത് നിന്ന് സങ്കടകരമായ ഇത്തരം അനുസരണക്കേടിന്റെ ചരിത്രമുള്ളതുകൊണ്ട് കുറ്റവാളികളെ സൗമ്യതയോടെ എന്നാൽ കാർക്കശ്യത്തോടെ, ബോധവത്ക്കരിച്ചുകൊണ്ടും തിരുത്തിക്കൊണ്ടും സിനഡിന്റെ ഐക്യവും പൊതുസാക്ഷ്യവും പരിരക്ഷിക്കാനുള്ള അവശ്യഘടകം എന്ന നിലയിൽ മെത്രാന്മാർ ഇക്കാര്യത്തിൽ ഉത്തരവാദിത്വം ഏറ്റെടുക്കണം (Prot. No. 248/2004).*

അവസാനമായി പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പാ മുകളിൽ സൂചിപ്പിച്ച രീതിയിൽ വ്യക്തിപരമായി നമുക്ക് എഴുതിയ ഒരു കത്തിലൂടെ വി. കുർബാനയർപ്പണത്തിന്റെ ഏകീകൃതരൂപം നടപ്പിലാക്കാൻ നമ്മെ ഉപദേശിച്ചു. ആ ഉപദേശം നമുക്ക് നിരസിക്കാൻ കഴിയില്ല. കാരണങ്ങൾ പിന്നാലെ വ്യക്തമാകും.

**കൂടുതൽ വിശദീകരണങ്ങൾ**

വി. കുർബാനയർപ്പണ വിഷയത്തിൽ ദീർഘകാലമായി നമ്മുടെ സഭയിൽ നിലവിലിരുന്ന വിഭാഗീയത അവസാനിപ്പിക്കാൻ ഉപദേശിച്ചുകൊണ്ട് പരിശുദ്ധ പിതാവ് നമുക്ക് നല്കിയ കത്തിന്റെ ഉള്ളടക്കം സഭയിൽ മാത്രമല്ല പൊതുസമൂഹത്തിലും വലിയ ചർച്ചാവിഷയമായിരിക്കുകയാണല്ലോ. അതുമൂലം കുറച്ചെങ്കിലും ആശയക്കുഴപ്പവും നമ്മളിൽ പലർക്കും ഉണ്ടായിട്ടുണ്ട് എന്നതൊരു വസ്തുതയാണ്. പക്ഷെ ആശയ വ്യക്തത വരുത്തി കത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന രീതിയിൽ നാം മുന്നോട്ട് പോകാൻ കടപ്പെട്ടവരാണ്. ഇതു സംബന്ധമായി ഏതാനും പരിചിന്തനങ്ങൾ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുകയാണ്. അവ എല്ലാവരും ആവശ്യത്തിന്

സമയമെടുത്ത് ശ്രദ്ധാപൂർവം വായിച്ച് പ്രയോഗത്തിലാക്കാൻ സഹകരിക്കുകയും സഹായിക്കുകയും ചെയ്യണമെന്ന് ഏവരോടും സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. അതോടൊപ്പം ഏകീകൃത വിശുദ്ധ കുർബാനയർപ്പണത്തെപ്പറ്റി ഈ ബുള്ളറ്റിനിൽ പ്രസിദ്ധികരിച്ചിട്ടുള്ള എല്ലാ രേഖകകളും നമ്മുടെ രൂപതയിലെ എല്ലാവരും വ്യക്തിപരമായി തന്നെ വായിച്ച് അവയിൽ പറയുന്ന കാര്യങ്ങൾ നന്നായി ഗ്രഹിക്കാൻ ശ്രമിക്കണം എന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ബഹുമാനപ്പെട്ട സമർപ്പിത സഹോദരീസഹോദരന്മാർ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ കാണിക്കണം എന്നും ഓർമ്മപ്പെടുത്തട്ടെ.

വിശുദ്ധ കുർബാനയുടെ ഏകീകൃത രീതി നടപ്പാക്കാൻ നമ്മളെ പരിശുദ്ധ പിതാവ് ഉപദേശിക്കാനുണ്ടായ സാഹചര്യത്തിന്റെ വിശദാംശങ്ങളും ഏവരും അറിയേണ്ടതുണ്ട്. എന്നാൽ അക്കാര്യങ്ങളെല്ലാം ഒരു ഇടയലേഖനത്തിൽ ഉൾപ്പെടുത്താൻ കഴിയില്ലാത്തതുകൊണ്ട് ആ വിശദീകരണങ്ങൾ ഒരു ലേഖന രൂപത്തിൽ ഈ ബുള്ളറ്റിനിൽ തന്നെ അന്യത്ര കൊടുത്തിട്ടുണ്ട്. രൂപതാംഗങ്ങൾ എല്ലാവരും ശ്രദ്ധാപൂർവ്വം അതിന്റെ ഉള്ളടക്കം മനസ്സിലാക്കണം എന്നാണ് എന്റെ ആഗ്രഹവും അഭ്യർത്ഥനയും. കാരണം കത്തോലിക്കാ സഭയും വിശ്വാസവും വലിയ പ്രതിസന്ധികളിലൂടെ കടന്നു പോകുന്ന കാലമാണിത്. അവയെ അതിജീവിക്കാൻ നമ്മുടെ മനോഭാവങ്ങളിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ട് എന്നാണ് എന്റെ സുചിന്തിതമായ അഭിപ്രായം. അതിന് ഈ പരിചിന്തനങ്ങൾ സഹായിക്കും എന്ന് വിശ്വസിക്കുന്നു.

**മാനന്തവാടി രൂപതയിലെ പ്രിയപ്പെട്ട ദൈവജനത്തിന് വൈദികർക്കും സമർപ്പിതർക്കും അല്മായ സഹോദരങ്ങൾക്കും പ്രത്യേകം അഭിനന്ദനങ്ങളും നന്ദിയും**

മാനന്തവാടി രൂപതയുടെ മെത്രാൻ എന്ന നിലയിൽ എനിക്ക് ഏറ്റവും ആനന്ദവും അഭിമാനവും തരുന്ന വസ്തുതയാണ് ഈ രൂപതയിലെ ബഹുമാനപ്പെട്ട വൈദികരും സമർപ്പിതരും അല്മായ വിശ്വാസികളും, സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ മാറ്റിവച്ച്, പരിശുദ്ധ പിതാവിന്റെ ഉപദേശം സസന്തോഷം ഹൃദയത്തി

ലേറ്റി സിനഡ് തീരുമാനിച്ച ഏകീകൃത വി. കുർബാനയർപ്പണ രീതി നടപ്പിലാക്കുന്നതിന് സന്നദ്ധരായിയെന്നത്. ധാരാളം പേർ സ്വകാര്യമായും സമൂഹ മാദ്ധ്യമങ്ങളിലൂടെയും മറ്റും തങ്ങൾ എന്തുകൊണ്ട് പരിശുദ്ധ പിതാവിന്റെ ഉപദേശം സർവാത്മനാ സ്വീകരിക്കുന്നു എന്നും വ്യക്തമാക്കിയിട്ടുണ്ട്. നമ്മുടെ രൂപത ക്കാരനും തലശ്ശേരി മെത്രാപ്പോലീത്തായുമായ അഭിവന്ദ്യ ജോർജ്ജ് ഞരളക്കാട്ട് പിതാവിനെയും അദ്ദേഹത്തോടൊപ്പം നമ്മളെ സന്ദർശിച്ച് നമ്മുടെ ഭയാശങ്കകൾ മനസ്സിലാക്കി നമ്മൾക്ക് എല്ലാവിധ പിൻതുണയും നല്കിയ ഈ മെത്രാപ്പോലീ ത്തൻ പ്രോവിൻസിലെ മറ്റ് അഭിവന്ദ്യ പിതാക്കന്മരെയും ഈ സമയം നന്ദിയോടെ ഓർക്കുന്നു.

നമ്മുടെ ക്രൈസ്തവ വിശ്വാസത്തിന്റെ ആഴവും സഭാനേതൃ ത്വത്തോടുള്ള, പ്രത്യേകിച്ച്, റോമാ മാർപ്പാപ്പയോടും മേജർ ആർച്ച് ബിഷപ്പിനോടും മെത്രാൻ സിനഡിനോടും, ഉള്ള അനുസരണവും വിധേയത്വവും വെളിപ്പെടുത്തുന്ന സന്ദർഭമാണിത്. നമ്മുടെ ഈ നില പാടാണ് യഥാർത്ഥത്തിൽ കർത്താവും അവിടുത്തെ മൗതികശരീര മായ സഭയും ആഗ്രഹിക്കുന്നത്. ഇത് മറ്റ് രൂപതകൾക്കും പ്രചോദന മാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നമ്മുടെ ഈ നിലപാട് നമ്മുടെ രൂപതയുടെ സർവതോന്മുഖമായ ഉയർച്ചക്കും വളർച്ചക്കും കാരണ മാകും എന്നത് നിസ്സംശയമാണ്. ഇക്കാര്യത്തിൽ പ്രത്യേകമായി എന്റെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

**സിനഡിലെ ചർച്ചകൾ**

ഏകീകൃത വി. കുർബാനയർപ്പണ രീതി 1999 ൽ സിനഡ് തീരുമാനിച്ചതും പരിശുദ്ധ സിംഹാസനം അംഗീകരിച്ചതുമാണ് എന്ന് മുകളിൽ സൂചിപ്പിച്ചല്ലൊ. അത് ഉടനടി നടപ്പാക്കാനുള്ള പ്രക്രിയയുമായി മുന്നോട്ട് പോകാൻ പരിശുദ്ധ പിതാവ് മെത്രാന്മാ രോടും വൈദികരോടും സമർപ്പിതരോടും അല്മായ വിശ്വാസി കളോടും ആണ് ആവശ്യപ്പെട്ടത്. അതുകൊണ്ട് അദ്ദേഹത്തിന്റെ തീരുമാനം സ്വീകരിക്കണമോ എന്നല്ല പ്രത്യുത ഒരു പൊതു തീയതിയിൽ എല്ലാ രൂപതകളിലും ആരംഭിക്കാൻ എല്ലാവർക്കും

സ്വീകാര്യമായ തിയതി കണ്ടെത്താൻ കഴിയുമോ എന്നതായിരുന്നു സിനഡ് ചർച്ച ചെയ്തത്. പൊതു തിയതിയിൽ എല്ലാവർക്കും യോജിക്കാൻ കഴിഞ്ഞില്ലെങ്കിലും തങ്ങളുടെ രൂപതകളിൽ അത് നടപ്പാക്കാൻ കത്തിൽ അഭിസംബോധന ചെയ്യപ്പെട്ടവർ ബാദ്ധ്യസ്ഥരാണ്.

2021 ഓഗസ്റ്റ് മാസം 16 മുതൽ 27 വരെ ഓൺലൈനായി നടത്തിയ സീറോ മലബാർ മെത്രാൻ സിനഡിൽ പരിശുദ്ധ പിതാവിന്റെ കത്തിന്റെ പശ്ചാത്തലത്തിൽ ഏകീകൃത വിശുദ്ധ കുർബാനയർപ്പണ രീതി എന്ന് മുതൽ, എങ്ങിനെ നടപ്പിൽ വരുത്തണം എന്ന വിഷയം വളരെ ആഴത്തിൽ ചർച്ച ചെയ്തു. അത് നടപ്പിൽ വരുത്തുമ്പോൾ സഭയിൽ ഉണ്ടാകാവുന്ന പ്രതികൂല സാഹചര്യങ്ങളെയും സിനഡ് വിലയിരുത്തി. അത്തരം ആശങ്കകൾ പങ്ക് വച്ച് അംഗങ്ങൾക്ക് അവരുടെ അഭിപ്രായം തുറന്നു പറയാനുള്ള അവസരവും ഉണ്ടായിരുന്നു. അക്കാര്യങ്ങളെല്ലാം മേജർ ആർച്ച് ബിഷപ്പ് അഭിവന്ദ്യ കർദ്ദിനാൾ ജോർജ്ജ് ആലംചേരി പിതാവ് ഒരു ഇടയ ലേഖനത്തിലൂടെ നമ്മെ അറിയിക്കുകയും ചെയ്തു. ആ ഇടയ ലേഖനം 2021 സെപ്റ്റംബർ 5 ന് നമ്മുടെ ഇടവകകളിൽ വായിക്കാനായി നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നു മുതൽ നടപ്പാക്കണം എന്ന് സൂചിപ്പിച്ചുകൊണ്ട് മേജർ ആർച്ച് ബിഷപ്പ് എഴുതുന്നു:

*അതിനാൽ, പരിശുദ്ധ പിതാവ് നിർദ്ദേശിച്ച പ്രകാരമുള്ള ഏകീകൃത ബലിയർപ്പണ രീതിയിൽ നവീകരിച്ച കുർബാനക്രമം അടുത്ത ആരാധനക്രമവൽസരം ആരംഭിക്കുന്ന 2021 നംവംബർ 28 ന് മംഗളവാർത്താക്കാലം ഒന്നാം ഞായറാഴ്ച മുതൽ നമ്മുടെ സഭയിൽ നടപ്പിലാക്കാൻ സിനഡ് തീരുമാനിച്ചു. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ മാറ്റി വച്ച് സഭയുടെ പൊതുനന്മയെ ലക്ഷ്യമാക്കി ഒരു മനസ്സോടെ ഈ തീരുമാനം നടപ്പിലാക്കണമെന്ന് സിനഡ് പിതാക്കന്മാർ സഭാംഗങ്ങൾ എല്ലാവരോടും സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.*

ഇതനുസരിച്ച് മാനന്തവാടി രൂപതയിലും നവംബർ 28 ന്

ഞായറാഴ്ച മുതൽ ഏകീകൃത വി. കുർബാനയർപ്പണ രീതി നിലവിൽ വരുന്നതാണ്. ഏകീകൃതരൂപം നടപ്പിലാക്കുമ്പോൾ ആവശ്യമായ മാറ്റങ്ങൾ മദ്ബഹായിൽ വരുത്താനും ഈ രീതി സ്വീകരിക്കാൻ ആവശ്യമായ പരിശീലനം നമുക്ക് ലഭിക്കാനും വേണ്ടിയാണ് ഇത്രയും ദീർഘമായ കാലയളവ് നല്കിയിരിക്കുന്നത്.

**നവീകരിച്ച തക്സ**

നവീകരിച്ച തക്സ അഥവാ കുർബ്ബാനപ്പുസ്തകത്തെപ്പറ്റിയും ഇവിടെ പറയുന്നുണ്ട്. ഇപ്പോൾ ഉപയോഗത്തിലിരിക്കുന്ന പുസ്തകത്തിൽ വലുതല്ലാത്ത കുറേ മാറ്റങ്ങൾ വരുത്തി പുനഃപ്രകാശനം ചെയ്തിട്ടുണ്ട്. എന്തിനാണ് ഇങ്ങനെ ഇടക്കിടെ കുർബാനപ്പുസ്തകം മാറുന്നത് എന്ന് ആരെങ്കിലുമൊക്കെ സംശയിച്ചേക്കാം. കാലത്തിനനുസരിച്ച് ഭാഷയിലും ക്രമത്തിലുമെല്ലാം മാറ്റങ്ങൾ വരുക സ്വാഭാവികമാണല്ലോ.

**ഏകീകൃത വിശുദ്ധ കുർബായർപ്പണരീതി നിലവിൽ വരുന്ന നവംബർ 28-ന് തന്നെ നവീകരിച്ച കുർബാനപ്പുസ്തകവും നടപ്പിൽ വരുന്നതാണ്.**

എങ്കിലും പുതിയ പുസ്തകം ഏതെങ്കിലും സാഹചര്യത്തിൽ അപ്പോഴേയ്ക്ക് കിട്ടാതെ വരുകയാണെങ്കിൽ അത് കിട്ടുന്നത് വരെ ഇപ്പോഴുള്ള പുസ്തകം തന്നെ ഉപയോഗിക്കാവുന്നതാണ്. ജനങ്ങളുടെ ഉപയോഗത്തിനുള്ള പുസ്തകം ലഭ്യമാകാൻ അല്പം കൂടി കാത്തിരിക്കേണ്ടി വന്നേക്കാം.

**നവീകരിച്ച തക്സാ കിട്ടയില്ലെങ്കിലും നവംബർ 28-ന് ഞായറാഴ്ച മുതൽ ഏകീകൃത വി. കുർബാനയർപ്പണ രീതി നിലവിൽ വരുന്നതാണ്.**

**മാറ്റങ്ങൾ**

ഏകീകൃത വിശുദ്ധ കുർബാനയർപ്പണ രീതി നിലവിൽ വരുമ്പോൾ നമ്മുടെ രൂപതയിൽ ഇപ്പോൾ നിലവിലിരിക്കുന്ന രീതിയിൽ നിന്ന് എന്ത് മാറ്റമാണ് നമ്മൾ പ്രതീക്ഷിക്കുന്നത് എന്ന സംശയം ന്യായമായും ഉണ്ടാകാം. സമൂഹ മാദ്ധ്യമങ്ങളിലൂടെ ഊതി

പ്പെരുപ്പിച്ചതും അതിശയോക്തി കലർന്നതുമായ ഭാഷയിൽ പല മാറ്റങ്ങളെപ്പറ്റിയും നിങ്ങൾ വായിച്ചെന്നിരിക്കാം. അതൊന്നും കാര്യ മാക്കേണ്ടതില്ല. അങ്ങനെയൊന്നും ഒരിടത്തും ആരും തീരുമാനി ച്ചിട്ടില്ല. അവയൊന്നും ചർച്ചാ വിഷയമായ കാര്യങ്ങൾ പോലുമല്ല.

**ബേമ്മയുടെ ഉപയോഗം**

ബേമ്മായുടെ അഥവാ വചനവേദിയുടെ ഉപയോഗമാണ് ഒന്ന്. ഇപ്പോൾ തന്നെ മിക്ക സ്ഥലത്തും ബേമ്മാ ഉപയോഗിക്കുന്ന തുകൊണ്ട് അതിൽ നമുക്ക് അത്ര പുതുമയില്ല. ചില സ്ഥലങ്ങ ളിൽ ബേമ്മാ ഉണ്ടെങ്കിലും ഉപയോഗിക്കുന്നില്ല. ഇപ്പോൾ നിർദ്ദേശി ക്കുന്ന രീതിയിൽ സമൂഹത്തെ പങ്കെടുപ്പിച്ചു കൊണ്ട് വി. കുർബാന അർപ്പിക്കുമ്പോൾ ബേമ്മ അനിവാര്യമാണ്. അതുകൊണ്ട് ഇടവക പ്പള്ളികളിൽ ബേമ്മ ഉള്ള സ്ഥലങ്ങളിൽ അതുപയോഗിക്കുകയും ഇല്ലാത്തിടത്ത് നവംബർ 28-നകം ബേമ്മ ഉണ്ടായിരിക്കുന്നവിധം ക്രമീകരിക്കാനും ബഹുമാനപ്പെട്ട വികാരിയച്ചന്മാർശ്രദ്ധിക്കുമല്ലൊ. അൾത്താരയുടെ മുൻവശത്ത് ആവശ്യത്തിനുള്ള സ്ഥലം ഉണ്ടാ കത്തക്കവിധത്തിൽ ചില പള്ളികളിൽ അൾത്താര മാറ്റിയിടേണ്ടി വന്നേക്കാം.

**സമർപ്പിതഭവനങ്ങളിൽ**

സമർപ്പിതഭവനങ്ങളിലെ ചെറിയ ചാപ്പലുകളുകളിലും ബേമ്മ ഇടണമോ എന്ന ചോദ്യം ന്യായമായും ഉണ്ടാകാം. വി. കുർബാ നയുമായി ബന്ധപ്പെട്ട ബോധവത്ക്കരണം പൂർണ്ണമാകണമെങ്കിൽ അവിടെയും ഉള്ളതാണ് കൂടുതൽ യുക്തിസഹം. വിശുദ്ധ കുർ ബാനയുടെ വചനപ്രഘോഷണഭാഗവും സമാപനപ്രാർത്ഥനകളും അനാഫറയിൽ നിന്ന് വ്യത്യസ്തസ്ഥാനങ്ങളിൽ നിന്ന് വിശ്വാ സിസമൂഹത്തെ അഭിമുഖീകരിച്ച് നടത്തത്തക്ക രീതിയിൽ ഒരു ചെറിയ മേശ അല്ലെങ്കിൽ സ്റ്റാൻഡ് ഇട്ടാൽ മതിയാകുന്നതാണ്. അതിൽ കുരിശ്, തിരി, പൂക്കൾ എന്നിവയൊന്നും ആവശ്യമില്ല. തക്സയും ആവശ്യമെങ്കിൽ മൈക്കും വയ്ക്കാനുള്ള സൗകര്യമു ണ്ടായാൽ മതി. കാർമ്മികൻ അൾത്താരയിലേക്ക് തിരിയുന്ന ഭാഗം വരുമ്പോൾ സ്റ്റാൻഡ് വേണമെങ്കിൽ ഒരു വശത്തേക്ക് മാറ്റിയിടു

കയും ചെയ്യാം. അത്തരം സന്ദർഭങ്ങളിൽ അവസാനത്തെ ആശീർവാദം അൾത്താരയിൽ നിന്ന് തന്നെ കൊടുത്താലും മതിയാകുന്നതാണ്.

**വിശദമായ അനുഷ്ഠാനവിധികൾ**

വി. കുർബാനയുടെ ആരംഭം മുതൽ വിശ്വാസപ്രമാണം കഴിയുന്നതുവരെ ബേമ്മായിൽ നിന്നു വിശ്വാസി സമൂഹത്തിന് അഭിമുഖമായും, അനാഫറായുടെ ഭാഗം മുഴുവൻ അതായത് വി. കുർബാനസ്വീകരണം ഉൾപ്പെടെയുള്ള ഭാഗങ്ങൾ മദ്ബഹായ്ക്ക് അഭിമുഖമായും ബാക്കി ഭാഗങ്ങൾ വീണ്ടും ബേമ്മായിൽ നിന്നു വിശ്വാസി സമൂഹത്തിന് അഭിമുഖമായും ആയിരിക്കും അർപ്പിക്കപ്പെടുന്നത്, എന്നതാണ് പ്രധാന മാറ്റം. വി. കുർബാനയിലെ പ്രാർത്ഥനകളെപ്പറ്റിയും മറ്റുമുള്ള അനുഷ്ഠാനവിധികൾ (Rubrics) വളരെ വിശദമായി നവീകരിച്ച തക്സായിൽ തന്നെ അച്ചടിച്ചിരിക്കും. അതുകൊണ്ട് അവ ഇവിടെ വിശദീകരിക്കുന്നില്ല. അവ എല്ലാവരും ശ്രദ്ധാപുർവ്വം വായിച്ച് മനസ്സിലാക്കി അവയ്ക്ക് അനുസൃതമായി വി. കുർബാനയർപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ. ഏവർക്കും മുൻകൂട്ടി നന്ദി പറയുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിയ്ക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2016 ഫെബ്രുവരി മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

*N.B: 2021 നവംബർ മാസം 7-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ ഇടയലേഖനം വായിക്കേണ്ടതാണ്.*

*Prot. No. 25342/2021*

## സീറോ മലബാർ സഭയിലെ വി. കുർബാനയർപ്പണത്തിന്റെ ഏകീകൃത രീതിയിലേക്കുള്ള പ്രയാണത്തിന്റെ ചരിത്രവഴികൾ

**ബിഷപ്പ് ജോസ് പൊരുന്നേടം**
*(മാനന്തവാടി രൂപതയുടെ മെത്രാൻ)*

**ആമുഖം**

സീറോ മലബാർ സഭയിലെ വി. കുർബാനയർപ്പണരീതിയിൽ ദീർഘകാലമായി നിലവിലിരിക്കുന്ന വിഭാഗീയത അവസാനിപ്പിച്ച് 1999 ൽ സിനഡ് അംഗീകരിച്ച ഏകീകൃതരീതി ഉടനടി നടപ്പാക്കാനുള്ള പ്രക്രിയയുമായി മുന്നോട്ട് പോകണം എന്ന് ഉപദേശിച്ചുകൊണ്ട് പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ 2020 ജൂലൈ 3ന് സീറോമലബാർ സഭയിലെ മെത്രാന്മാർ, വൈദികർ, സമർപ്പിതർ, അത്മായർ എന്നിവരെ അഭിസംബോധന ചെയ്ത് എഴുതിയ കത്തും തുടർന്നുണ്ടായ സിനഡ് തീരുമാനവും സഭയിലും സമൂഹത്തിലും വലിയ ചർച്ചക്കും തർക്ക വിതർക്കങ്ങൾക്കും ഇടവരുത്തിയ സാഹചര്യത്തിൽ ഇക്കാര്യങ്ങളെപ്പറ്റി ചില വിശദീകരണങ്ങൾ അത്യന്താപേക്ഷിതമാണ് എന്ന ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ് ഈ പഠനം. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടോളം ഈ വിഷയസംബന്ധമായ പല രേഖകളും ചർച്ചകളും കൈകാര്യം ചെയ്യുകയും ഔദ്യോഗിക കത്തിടപാടുകളിൽ സജീവമായ ഭാഗഭാഗിത്വം വഹിക്കുകയും ചെയ്ത വ്യക്തിയെന്ന നിലയിലുള്ള അനുഭവപരിജ്ഞാനം ഈ പഠനത്തിൽ എന്നെ ഒരുപാട് സഹായിച്ചിട്ടുണ്ട്.

മറ്റൊരു സഭയിലും ഇല്ലാത്തവിധം സീറോ മലബാർ സഭയിൽ വി. കുർബാനയർപ്പണത്തെച്ചൊല്ലിയുള്ള തർക്കങ്ങളുടെ കാരണം പ്രധാനമായും ചരിത്രപരമാണ്. പാശ്ചാത്യസഭയിൽ ഒരു നൂറ്റാണ്ടിലേറെ കാലം പരീക്ഷണ നിരീക്ഷണങ്ങൾ നടത്തി വരുത്തിയ മാറ്റങ്ങൾ നമ്മുടെ സഭയിൽ ഏതാനും വർഷങ്ങൾകൊണ്ട് നടത്തിയപ്പോൾ ഉണ്ടായ ഒരു അനിവാര്യതയാണ് ഇത് എന്ന് പറയാം. ഒരു സമുദായത്തിന്റെ അല്ലെങ്കിൽ സമൂഹത്തിന്റെ മുന്നോ

ട്ടുള്ള ഗമനത്തിൽ അനധികൃതവും അനാശാശ്യാസവും ആയ ഇടപെടലുകൾ, അത് ആരിൽ നിന്നായാലും, ഉണ്ടാകുമ്പോൾ എന്ത് സംഭവിക്കും എന്നതിന്റെ നേർക്കാഴ്ച കൂടിയാണ് നമ്മുടെ സഭയിലെ ഈ പ്രതിഭാസം. എന്നാൽ ഈ സഭയിലെ അംഗങ്ങളായ നമ്മെ സംബന്ധിച്ചിടത്തോളം ഇനി ചെയ്യാനുള്ളത് വ്യക്തികളെയോ സാഹചര്യങ്ങളെയോ കുറ്റം വിധിക്കാതെ ഭാവിയിലേക്ക് നോക്കി അതിനെ യുക്തിഭദ്രമായി ധൈര്യപൂർവം അഭിമുഖീകരിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുക എന്നതാണ്. അതിനുള്ള തുടക്കമാണ് പരിശുദ്ധപിതാവിന്റെ കത്തിലൂടെ വ്യക്തമാകുന്നത്.

**പൊതുതലവനും ഭരണസംവിധാനവും**

കത്തോലിക്കാ കൂട്ടായ്മയിൽ പൗരസ്ത്യ സഭകൾ ഉൾപ്പെടെ എല്ലാ സ്വയാധികാര സഭകളുടെയും പരമോന്നത തലവൻ റോമാ മാർപ്പാപ്പയാണെങ്കിലും, പാത്രിയാർക്കീസ് അല്ലെങ്കിൽ മേജർ ആർച്ച് ബിഷപ്പ് എന്നിങ്ങനെ സ്ഥാനപ്പേരുള്ള ഒരു പൊതുതലവനും നിയമനിർമ്മാണത്തിനുൾപ്പെടെ അധികാരമുള്ള ഒരു മെത്രാൻ സിനഡും അവയിൽ ഉണ്ടായിരിക്കണം എന്നതാണ് പാരമ്പര്യവും സഭാനിയമവും. 1599 ലെ ഉദയമ്പേരൂർ സൂനഹദോസ് വരെ നമ്മുടെ സഭയും അങ്ങനെ തന്നെയായിരുന്നു. നമ്മുടെ തലവൻ കൽദായ സഭയുടെ പാത്രിയാർക്കീസ് ആയിരുന്നു എന്ന് മാത്രം. അദ്ദേഹത്തിന്റെ നേതൃത്വം നമ്മുടെ മേൽ അടിച്ചേല്പ്പിച്ചതല്ല, പ്രത്യുത, നമ്മൾ സ്വമനസ്സാ സ്വീകരിച്ചതാണ് എന്ന് കരുതുന്നതാണ് ചരിത്രപരമായി യുക്തിഭദ്രം. എന്നാൽ ഉദയമ്പേരൂർ സൂനഹദോസോടുകൂടി കാര്യങ്ങൾ മാറിമറിഞ്ഞു.

**വിഭാഗീയതയുടെ തുടക്കം:**

**പദ്രോവാദൊ കരാറും പോർട്ടുഗീസ് അധീശത്വവും**

കത്തോലിക്കാ രാജ്യമായിരുന്ന പോട്ടുഗലും പരിശുദ്ധ സിംഹാസനവും തമ്മിൽ പതിനഞ്ചാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ പദ്രോവാദൊ (Padroado) എന്ന പേരിൽ ഉണ്ടാക്കിയ ഒരു കരാറനുസരിച്ച് പോർട്ടുഗീസ് രാജാവിന് അദ്ദേഹം കോളനിവത്ക്കരിക്കുന്ന എല്ലാ സ്ഥലങ്ങളിലും ആളുകളെ ക്രൈസ്തവമതത്തിൽ

ചേർക്കുന്നതിനും അവർക്കായി രൂപതകൾ സ്ഥാപിച്ച് മെത്രാന്മാരെ നിയമിക്കുന്നതിനും മറ്റുമുള്ള അധികാരം ലഭിച്ചു. അങ്ങനെയാണ് അവർ ഇൻഡ്യയിൽ എത്തിയതും അധികാരം പിടിച്ചെടുത്ത് ഇവിടെ കോളനികൾ സ്ഥാപിച്ചതും അവരുടെ നേതൃത്വത്തിൽ ആളുകളെ ക്രൈസ്തവമതത്തിൽ ചേർത്ത് അവർക്ക് വേണ്ടി രൂപതകൾ ഉണ്ടാക്കിയതും. അങ്ങനെ സ്ഥാപിക്കപ്പെട്ട ഇൻഡ്യയിലെ ആദ്യത്തെ രൂപതയാണ് ഗോവ. ലത്തീൻ റീത്ത്കാരായിരുന്ന പോർട്ടുഗീസുകാർ സ്ഥാപിച്ച രൂപത സ്വാഭാവികമായും ലത്തീൻ രൂപത ആയിരുന്നു.

അതേ സമയം ഇൻഡ്യയിൽ ക്രിസ്തുവർഷത്തിന്റെ മധ്യം മുതൽ തന്നെ റോമാ മെത്രാനോടും റോമാ സഭയോടും കൂട്ടായ്മയിലുള്ള മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്ന പേരിൽ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു എന്നതും നമ്മൾ ഓർക്കേണ്ടതുണ്ട്. അവർക്ക് കൽദായ പാത്രിയാർക്കീസിന്റെ കീഴിൽ മെത്രാന്മാരും ഉണ്ടായിരുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മേൽ അദ്ദേഹത്തിന്റെ അധികാരം റോമാ മാർപ്പാപ്പ അംഗീകരിച്ചതുമായിരുന്നു. എന്നാൽ ഇവിടുത്തെ സഭാഭരണസംവിധാനം ലത്തീൻ സഭയുടേതിൽ നിന്ന് വളരെ വ്യത്യസ്തമായിരുന്നു എന്നത് ശ്രദ്ധേയമാണ്.

**പോട്ടുഗീസ് അധിനിവേശവും ഉദയമ്പേരൂർ സൂനഹദോസും**

1599 ൽ ഗോവാ ലത്തീൻ അതിരൂപതയുടെ മെത്രാപ്പോലീത്താ ആയിരുന്ന ആർച്ച്ബിഷപ്പ് അലക്സിസ് മെനേസിസ് മെത്രാപ്പോലീത്ത വിളിച്ചു ചേർത്ത ഉദയമ്പേരൂർ സൂനഹദോസിനെ തുടർന്ന് ഏതാണ്ട് 1300 വർഷങ്ങളോളം ഭാരതത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പൊതുതലവനായിരുന്ന പൗരസ്ത്യ സുറിയാനി സഭയുടെ പാത്രിയാർക്കീസിന്റെ അധികാരം അവസാനിപ്പിച്ച് പരിശുദ്ധ സിംഹാസനവും പോർട്ടുഗീസ് രാജാവും തമ്മിലുണ്ടാക്കിയ പദ്രൊവാദൊ കരാറിൻ പ്രകാരം അന്ന് ഭാരതത്തിൽ അധികാരം സ്ഥാപിച്ചിരുന്ന ലത്തീൻ സഭയിലെ മെത്രാന്മാർക്ക് ഇവിടെയുണ്ടായിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മേൽ അധികാരം കൊടുത്തു. അതോടെ നമ്മുടെ സഭയിലെ ആരാധ

നക്രമവും ഭരണക്രമവും പാശ്ചാത്യസഭയിലേതു പോലെയാക്കുകയും ചെയ്തു. അതോടെ പൊതുകാര്യങ്ങൾ തീരുമാനിച്ചിരുന്ന പാത്രിയാർക്കീസിനും അദ്ദേഹമയച്ചിരുന്ന മെത്രാനും മെത്രാൻ സിനഡിനും ഇവിടെ ഒന്നും ചെയ്യാൻ പറ്റാതായി. രാഷ്ട്രീയാധികാരം കയ്യാളിയിരുന്ന പോർട്ടുഗീസുകാർ തന്നെ സഭാകാര്യങ്ങളും നിയന്ത്രിക്കുന്നതായിരുന്നു പദ്രോവാദോ കരാറിന്റെ അന്തഃസത്ത. കാലക്രമത്തിൽ പോർട്ടുഗീസ്, ഡച്ച്, ഇംഗ്ലീഷ് കൊളോണിയൽ ശക്തികളുടെ അധികാര സ്ഥാപനത്തിന് വേണ്ടിയുള്ള യുദ്ധങ്ങളും കിടമൽസരങ്ങളും അതിൽ പരിശുദ്ധ സിംഹാസനവും വിവിധ സന്യാസസമൂഹങ്ങളും കൽദായ പാത്രിയാർക്കീസും നടത്തിയ ഇടപെടലുകളും എല്ലാം ഈ പ്രക്രിയയുടെ ഭാഗമായി തീർന്നു. അതിന്റെയെല്ലാം പരിണിത ഫലമാണ് ഇന്നത്തെ ഈ വിഭാഗീയത.

**പൊതുതലവന്റെ അഭാവം**

ലത്തീൻ സഭയിൽ നിന്ന് വന്ന മെത്രാന്മാർ സ്വാഭാവികമായും അവരുടെ ആരാധനക്രമവും ഭരണക്രമവും ഇവിടെ നടപ്പാക്കി. അതിനവരെ കുറ്റം പറയേണ്ട കാര്യമില്ല. കാരണം അവർക്ക് കിട്ടിയ പരിശീലനവും നിർദ്ദേശവും അന്നത്തെ മനോഭാവവും എല്ലാം അങ്ങനെയായിരുന്നു. എങ്കിലും മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്നും കൽദായ പാത്രിയാർക്കീസിന്റെയും സ്വന്തം റീത്തിൽപ്പെട്ട മെത്രാന്റെയും അധികാരത്തിലേക്ക് മടങ്ങാനുള്ള ശ്രമങ്ങൾ തുടർന്നുകൊണ്ടേയിരുന്നു. അതിന്റെയെല്ലാം ഫലമാണ് കൂനൻകുരിശ് സത്യവും റോക്കോസ്-മേലൂസ് ശീശ്മകളും യാക്കോബായ ഓർത്തോഡോക്സ് മാർത്തോമ്മാ സഭകളുടെ ആവിർഭാവം. പരിശുദ്ധസിംഹാസനവും പോർട്ടുഗീസ് ഭരണാധികാരികളും തമ്മിലുള്ള തർക്കങ്ങളും മറ്റും ഇതിനോട് കൂട്ടി വായിക്കേണ്ടതുണ്ട്.

പൊതുതലവന്റെ അഭാവത്തിൽ കത്തോലിക്കരായി നിലകൊണ്ടവരുടെ ഇടയിലും വിഭാഗീയത വർദ്ധിച്ചുകൊണ്ടിരുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ദീർഘകാല ആവശ്യമായിരുന്ന

സ്വദേശി മെത്രാനും സ്വയംഭരണവും എന്നത് 1887 ൽ ഭാഗികമായി അംഗീകരിച്ച് കിട്ടി. സ്വദേശി മെത്രാന്മാരുടെ നിയമനത്തോടെ 1896 ൽ അത് കുറച്ചുകൂടി പരിപുഷ്ടമായി. അപ്പോഴും പൊതു തലവൻ എന്ന ആശയം യാഥാർത്ഥ്യമായില്ല. പിന്നീട് പുതിയ രൂപ തകൾ സ്ഥാപിക്കപ്പെട്ടപ്പോൾ പല ആശയഗതികളിൽ പെട്ട വൈദി കർ മെത്രാന്മാരായി. അങ്ങനെ അവരുടെ രൂപതകളും വിഭിന്നാശ യങ്ങൾ നടപ്പാക്കാൻ തുടങ്ങി. അവരെ നിയന്ത്രിക്കാൻ പൊതു തലവനോ സിനഡോ ഇല്ലാതിരുന്നതിനാൽ ഓരോരുത്തരും അവരവരുടെ ഇഷ്ടമനുസരിച്ച് മുന്നോട്ട് പോയി. മിഷൻ രൂപത കളും പ്രവാസിരൂപതകളും സ്ഥാപിക്കപ്പെട്ടതോടെ അഭിപ്രായ വ്യത്യാസങ്ങൾ അവയിലേക്കും വ്യാപിച്ചു. കേരളത്തിലെ എല്ലാ രൂപതകളിലും നിന്നുള്ളവർ അവിടങ്ങളിലുണ്ടായിരുന്നു. തങ്ങ ളുടെ മാതൃരൂപതകളിൽ ഉള്ളതുപോലെ തന്നെ അവിടെയും വേണമെന്ന് കുറേപ്പേരെങ്കിലും ശഠിച്ചു. സ്വന്തമായി വൈദികർ ഇല്ലാതിരുന്ന ആ രൂപതകളിൽ ശുശ്രൂഷ ചെയ്യാൻ എത്തിയ വൈദികർ അവരവരുടെ മാതൃരൂപതകളിലെ പതിവുകൾ അവി ടെയും നടപ്പാക്കാൻ തുടങ്ങി. ഏകീകൃതരൂപത്തിന്റെ അഭാ വത്തിൽ ആ സ്ഥിതി ഇന്നും അങ്ങനെ തന്നെ തുടരുന്നു. സ്വന്തമായി രൂപതയും മെത്രാനും ഒന്നും ഇല്ലാത്ത ഗൾഫ് രാജ്യങ്ങളിൽ ഉള്ള സീറോ മലബാർ കത്തോലിക്കരുടെ ഇടയിൽ സ്ഥിതി ഇതിലും രൂക്ഷമാണ്. ഈ സ്ഥിതി 1992 ഡിസംബർ വരെ തുടർന്നു.

**പുതിയ കാനൻ നിയമസംഹിതയും പൊതുതലവന്റെ അനി വാര്യതയും**

1990ൽ പൗരസ്ത്യസഭകൾക്കായുള്ള കാനൻ നിയമ സംഹിത പ്രാബല്യത്തിൽ വന്നതോടെ പൊതുതലവനും സിനഡും ഒന്നുമില്ലാത്ത സീറോ മലബാർ സഭയുടെ സ്ഥിതി അതീവ ദയനീയമായി. കാരണം അത്തരം ഒരു സഭയെ അതിൽ വിഭാവനം ചെയ്തിട്ടില്ലാത്തതുകൊണ്ട് ഓരോ ചെറിയ കാര്യ ത്തിനും പരിശുദ്ധ സിംഹാസനത്തിന്റെ അനുവാദം വേണ്ടി

യിരുന്നു. സീറോ മലബാർ ബിഷപ്പ്സ് കോൺഫ്രൻസ് (എസ്. എം.ബി.സി.) എന്ന പേരിൽ ഒരു സമിതി ഉണ്ടായിരുന്നെങ്കിലും ആ സമിതിക്ക് ആരാധനക്രമവിഷയങ്ങളിൽ തീരുമാനമെടു ക്കാനോ സീറോ മലബാർ സഭക്ക് പൊതുവായി ബാധകമാകുന്ന നിയമങ്ങൾ നിർമ്മിക്കാനോ അധികാരമുണ്ടായിരുന്നില്ല. ആ സമി തിക്ക് ഒരു സ്ഥിരം ആസ്ഥാനവും മറ്റ് ഭൗതിക സാഹചര്യങ്ങളും ഉണ്ടായിരുന്നില്ല.

എന്നാൽ 1990 ലെ കാനൻ നിയമത്തിൽ അനുശാസി ക്കുന്നപ്രകാരം ഒരു പൊതുതലവനും പൊതുഭരണസംവിധാനവും വേണമോ എന്ന കാര്യത്തിലും ഇവിടെ വലിയ വിഭാഗീയത ഉടലെടുത്തു. അതിന്റെ കാരണവും ആരധനക്രമപരിഷ്കരണ വുമായി ബന്ധപ്പെട്ടതായിരുന്നു. അതേത്തുടർന്ന് 1992 ൽ ആർച്ച് ബിഷപ്പ് തോമസ് വൈറ്റിന്റെ നേതൃത്വത്തിലുള്ള ഒരു കമ്മീഷൻ പരിശുദ്ധ സിംഹാസനത്തിൽ നിന്ന് നിയമിക്കപ്പെടുകയും കമ്മീഷൻ എല്ലാ രൂപതകളും സന്ദർശിച്ച് പഠിച്ച് നല്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സീറോ മലബാർ സഭയെ ഒരു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി പ്രഖ്യാപിക്കുകയും ചെയ്തു.

സിനഡും പൊതുതലവനും ഉണ്ടായിട്ടും സഭാ നിയമമനു സരിച്ച് അവർക്ക് പ്രവർത്തിക്കാനുള്ള അവകാശവും അധികാരവും സ്വാതന്ത്ര്യവും കിട്ടിയത് പിന്നെയും ഒരു പതിറ്റാണ്ടിലേറെ കഴി ഞ്ഞിട്ടാണ്. സിനഡിന്റെ അധികാര പരിധിയിൽ പെട്ട മൂന്ന് കാര്യ ങ്ങളാണ് ആരാധനക്രമകാര്യങ്ങളിൽ തീരുമാനമെടുക്കുക, രൂപ തകൾ സ്ഥാപിക്കുക, മെത്രാന്മാരെ തെരഞ്ഞെടുക്കുക എന്നിവ. അവ മൂന്നും, അവയുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളും, റോമാ മാർപ്പാപ്പ പരിശുദ്ധ സിംഹാസനത്തിന് റിസർവ് ചെയ്യുകയാണു ണ്ടായത്. അതായത് മേജർ ആർച്ച് ബിഷപ്പിനോ സിനഡിനോ കാര്യമായൊന്നും ചെയ്യാനുണ്ടായിരുന്നില്ല. സീറോ മലബാർ സഭയെ സംബന്ധിക്കുന്ന തീരുമാനങ്ങൾ, മേല്പ്പറഞ്ഞ കാര്യ ങ്ങളിൽ ഉൾപ്പെടെ, പരിശുദ്ധ സിംഹാസനം ഇവിടെ നിയമിച്ച പൊന്റിഫിക്കൽ ഡെലഗേറ്റ് വഴി നടപ്പാക്കുകയാണുണ്ടായത്. മാത്ര

മല്ല അന്നത്തെ എറണാകുളം, ചങ്ങനാശ്ശേരി എന്നീ മെത്രാപ്പോലീത്തൻ പ്രവിശ്യകൾക്ക് പുറത്തുള്ള (ഉദാ: കല്യാൺ) മറ്റ് രൂപതകളുടെ പരിധി ഈ സംവിധാനത്തിന്റെ അധികാര പരിധിയിൽ പെടുത്തിയിരുന്നുമില്ല. അവ അതത് സ്ഥലത്തെ ലത്തീൻ അതിരൂപതകളുടെ സാമന്തരൂപതകളായി തീരുമാനിക്കപ്പെടുകയാണുണ്ടായത്. അതിലൂടെ സിനഡിന്റെ തീരുമാനങ്ങൾ ആ രൂപതകളിൽ നടപ്പാക്കുന്നത് ഏറെ ക്ലേശകരമായി തീർന്നു. ആദ്യമുണ്ടായിരുന്ന വിഭാഗീയത വർദ്ധിക്കാൻ ആ അവസ്ഥ കാരണമായി. ഓരോ രൂപതയിലും ഇഷ്ടമുള്ള രീതിയിൽ രൂപതാ ഭരണസംവിധാനവും വിശുദ്ധ കുർബാനയർപ്പണ രീതികളും എല്ലാം ആരംഭിക്കുകയും ചെയ്തിരുന്നു. എങ്കിലും പുതിയ സംവിധാനം നിലവിൽ വന്നതിന് ശേഷം ഒരുപാട് കാര്യങ്ങളിൽ ഐകരൂപ്യം വരുത്താൻ കഴിഞ്ഞിട്ടുണ്ട് എന്നത് ചാരിതാർത്ഥ്യജനകമാണ്. പൂർണ്ണമായ രീതിയിൽ അത് സാധിക്കണമെങ്കിൽ ഇനിയും പതിറ്റാണ്ടുകൾ എടുത്തേക്കാം. അതുകൊണ്ടാണ് സമയം സ്ഥലത്തേക്കാൾ വലുതാണ് എന്ന് പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ എഴുതിയത്.

**രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ആഹ്വാനം**

രണ്ടാം വത്തിക്കാൻ സൂനഹദോസ് പൗരസ്ത്യ സഭകളിൽ നഷ്ടപ്പെട്ടുപോയ പാരമ്പര്യങ്ങൾ തിരിച്ചെടുക്കാൻ തീവ്രമായ ശ്രമങ്ങൾ ഉണ്ടാകണം എന്ന് പൗരസ്ത്യസഭകളെപ്പറ്റിയുള്ള ഡിക്രിയിൽ രേഖപ്പെടുത്തി. അതോടൊപ്പം ആവശ്യമായ പരിഷ്കരണങ്ങൾ ഉണ്ടാകണം എന്ന പ്രബോധനം ആരാധനാക്രമത്തെപ്പറ്റിയുള്ള ഡിക്രിയിലും ഉണ്ടായി. ഇവയിൽ ഏതിന് മുൻതൂക്കം കൊടുക്കണം എന്നതായിരുന്നു വിഭാഗീയത വർദ്ധിപ്പിച്ച ഒരു ഘടകം. പഴമക്കായി നിന്നവരും നവീകരണത്തിനായി നിന്നവരും തമ്മിലുള്ള വേർതിരിവ് പൊതുഭരണസംവിധാനത്തിന്റെ അഭാവത്തിൽ കൂടുതൽ പ്രകടമായി.

**വൈദിക പരിശീലനകേന്ദ്രങ്ങളും വിഭാഗീയതയും**

സീറോ മലബാർ സഭയുടെ പൊതു ഉടമസ്ഥതയിലുള്ള പരിശീലനകേന്ദ്രങ്ങളിൽ വ്യത്യസ്ത രൂപതകളിൽ നിന്നും സമർപ്പിതസമൂഹങ്ങളിൽ നിന്നും വ്യത്യസ്ത നിലപാടുകൾ സ്വീകരിച്ചവർ അദ്ധ്യാപകരായി ഉണ്ടായിരുന്നതുകൊണ്ട് അവിടങ്ങളിൽ അദ്ധ്യാപകരുടെ ഇടയിൽ വിഭാഗീയത ഉടലെടുത്തു. അത് പരിശീലനത്തിലായിരുന്ന കുട്ടികളെയും ബാധിച്ചിട്ടുണ്ട്. വിവിധ വൈദികസമർപ്പിത പരിശീലനകേന്ദ്രങ്ങളിൽ നിന്ന് പരസ്പരവിരുദ്ധങ്ങളായ ആശയങ്ങളിലൂടെ രൂപീകരിക്കപ്പെട്ടു വന്ന വൈദികരും സമർപ്പിതരും അവർ ശീലിച്ചത് അവരവരുടെ ശുശ്രൂഷമേഖലകളിൽ പ്രാവർത്തികമാക്കാൻ തുടങ്ങിയതോടെ അല്മായ വിശ്വാസികളിലേക്കും വിഭാഗീയത കടന്നു വന്നു. വിവിധ പരിശീലനകേന്ദ്രങ്ങളിൽ നിന്ന് പഠിച്ചിറങ്ങിയ വൈദികർ ഒരേ രൂപതയിലും സമർപ്പിതസമൂഹത്തിലും തന്നെ ഉണ്ടായിരുന്നതുകൊണ്ട് രൂപതകൾക്കുള്ളിലും സമർപ്പിതസമൂഹങ്ങൾക്കുള്ളിലും വിഭാഗീയത ഉണ്ടായി.

വിഭാഗീയത ഏറ്റവും കൂടുതൽ പ്രതിഫലിച്ചത് വി. കുർബാനയർപ്പണത്തിലാണ്. കാരണം പാരമ്പര്യങ്ങൾ, ലിറ്റർജി, സ്വയാധികാരസഭ, റീത്ത് തുടങ്ങിയ ആശയങ്ങൾക്ക് കൃത്യമായി ഒരു നിർവചനം 1990 ൽ പൗരസ്ത്യ സഭകളുടെ കാനൻ നിയമസംഹിത പ്രാബല്യത്തിലാകുന്നതുവരെ ഇല്ലാതിരുന്നതുകൊണ്ട് പാരമ്പര്യത്തിന് വേണ്ടി നിലകൊണ്ടവർ അവയെ വി. കുർബാനയർപ്പണത്തിലേക്ക് ഒതുക്കി എന്നതാണ് വസ്തുത. അതുപോലെ നിർബന്ധമായും പാരമ്പര്യങ്ങളെ അതേപടി വീണ്ടെടുക്കണം എന്ന് സൂനഹദോസ് പ്രബോധിപ്പിച്ചതായും തെറ്റിദ്ധരിച്ചു. അതേ സമയം മറുഭാഗമാകട്ടെ നവീകരണത്തെപ്പറ്റി സൂനഹദോസ് പറഞ്ഞകാര്യത്തിൽ മാത്രമാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. ഇങ്ങനെ സ്ഥിതികൾ വഷളായപ്പോഴും ഏത് നിലപാടാണ് സ്വീകരിക്കേണ്ടത് എന്ന് വ്യക്തമായി തീരുമാനിക്കാൻ പൗരസ്ത്യ സഭകൾക്ക് സഹജമായ അധികാരപ്പെട്ടവർ ഇല്ലാതെ പോയി.

**പൊന്തിഫിക്കൽ ഡെലഗേറ്റിന്റെ മരണവും റോമൻ സിനഡും**

1992 ൽ സീറോ മലബാർ സഭയെ ഒരു മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി പ്രഖ്യാപിച്ചപ്പോൾ ഈ സഭയിൽ നിലനിന്നിരുന്ന വിഭാഗീയതയുടെ പശ്ചാത്തലത്തിൽ പുതിയതായി ലഭിച്ച കാനോനിക ചട്ടക്കൂടിന്റെ പ്രാഥമിക കാര്യങ്ങൾ ക്രമീകരിക്കാൻ റോമാ മാർപ്പാപ്പയുടെ പ്രത്യേക പ്രതിനിധിയായി നിയമിക്കപ്പെട്ട അഭിവന്ദ്യ അബ്രാഹം കാട്ടുമന മെത്രാപ്പോലീത്ത പൊടുന്നനവെ 1995 ൽ റോമിൽ വച്ച് നിര്യാതനായി. അതേ തുടർന്ന് 1996 ജനുവരി 8 മുതൽ 16 വരെ സീറോ മലബാർ മെത്രാന്മാരുടെ സിനഡിന്റെ ഒരു സമ്മേളനം പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയം റോമിൽ വിളിച്ചു ചേർക്കുകയുണ്ടായി. ആ സമ്മേളനത്തിൽ പിന്നീട് ബെനഡിക്റ്റ് പതിനാറാമൻ എന്ന പേരിൽ മാർപ്പാപ്പയായി തെരഞ്ഞെടുക്കപ്പെട്ട കർദ്ദിനാൾ ജോസഫ് റാറ്റ്സിംഗർ, റോമിലെ ഓറിയെന്റൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വൈസ് റെക്ടറും പ്രശസ്ത ആരാധനക്രമ പണ്ഡിതനുമായിരുന്ന യശ്ശഃശരീരനായ ഫാ. റോബർട്ട് ടാഫ്റ്റ്, മറ്റൊരു ആരാധനക്രമ പണ്ഡിതനും റോമിലെ റുമേനിയൻ കോളേജിന്റെ റെക്ടറുമായിരുന്ന ഫാ. ഒളിവിയേർ റക്കെസ്, പൗരസ്ത്യ സഭകളുടെ കാനോനകളുടെ സംഹിത തയ്യാറാക്കുന്ന കമ്മീഷന്റെ ദീർഘകാല സെക്രട്ടറിയായിരുന്ന ഫാ. ഈവാൻ ഷൂഷെക്ക് തുടങ്ങിയവർ നടത്തിയ പ്രഭാഷണങ്ങൾ ശ്രദ്ധേയമാണ്. നമ്മുടെ സഭയിൽ ആരാധനക്രമസംബന്ധമായി നിലനിൽക്കുന്ന വിഭാഗീയതയുടെ കാരണങ്ങളും പ്രതിവിധികളും മാർഗ്ഗങ്ങളും എല്ലാം അവർ പ്രതിപാദിച്ചിട്ടുണ്ട്. ഇപ്പറഞ്ഞ സിനഡ് സമ്മേളനത്തിന്റെ രേഖകൾ എല്ലാം മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയായിൽ നിന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. (കാണുക *Fr Jose Porunnedom, ed. Acts of the Synod of Bishops of the Syro-Malabar Church held in the Vatican from 8 to 16 January 1996, Mount St Thomas, 1996*).

ഒരു സഭാസമൂഹമെന്ന നിലയിലും സമുദായമെന്ന നിലയിലും ഈ സ്ഥിതി തുടരുന്നത് പലതരത്തിലുള്ള പ്രശ്നങ്ങൾക്കും

കാരണമാകുന്നു എന്ന തിരിച്ചറിവാണ് ഏകീകൃതരീതി വേണം എന്ന ചിന്തയിലേക്ക് സിനഡിനെ നയിച്ചതും 1999 ൽ ഏകീകൃത രീതി നടപ്പാക്കാൻ തീരുമാനിച്ചതും. എന്നാൽ ആവശ്യമായ ബോധവത്ക്കരണത്തിന്റെ അഭാവം അത് നടപ്പാക്കുന്ന പ്രക്രിയ അതീവ ദുഷ്ക്കരമാക്കി എന്നത് വസ്തുതയാണ്. ബോധവത്ക്കരണം നടത്താൻ ആവശ്യമായ പുസ്തകങ്ങളോ അദ്ധ്യാപനസഹായികളോ ഉണ്ടായിരുന്നില്ല. ഇപ്പോഴും ആ പ്രശ്നം പരിഹരിച്ചു എന്ന് പറയാൻ കഴിയില്ല. അതിന്റെ പ്രത്യാഘാതങ്ങളാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.

**കൊറോണാക്കാലവും ഓൺലൈൻ വി. കുർബാനയർപ്പണവും**

കൊറോണാ വൈറസ് വ്യാപന സമയത്ത് സർക്കാർ നടപ്പിലാക്കിയ അടച്ചിടൽ മൂലം പള്ളികളിൽ വി. കുർബാന അർപ്പിക്കാൻ തടസ്സമുണ്ടായിരുന്നതുകൊണ്ട് മിക്ക രൂപതകളിൽ നിന്നും ഇടവകകളിൽ നിന്നും ഓൺലൈനായി വി. കുർബാനയർപ്പണം നടത്തുകയുണ്ടായി. അപ്പോഴാണ് ഓരോ രൂപതയിലും നിലവിലുള്ള വ്യത്യാസങ്ങളും അതു വഴിയുണ്ടാകുന്ന ഉതപ്പിന്റെ ആഴവും പരപ്പും ദുരന്തഫലങ്ങളും പരിശുദ്ധസിംഹാസനം ഉൾപ്പെടെയുള്ളവരുടെ സവിശേഷമായ ശ്രദ്ധയിൽ പെട്ടത്. വിശ്വാസിസമൂഹത്തിൽ നിന്ന് പലരും ഇതുസംബന്ധമായി പരിശുദ്ധ സിംഹാസനത്തിലേക്ക് പരാതികൾ അയക്കുകയും എത്രയും വേഗം ഏകീകൃതരീതി എല്ലായിടത്തും നടപ്പാക്കാൻ സീറോ മലബാർ മെത്രാന്മാരോട് ആവശ്യപ്പെടണം എന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. ഈ പശ്ചാത്തലത്തിലാണ് നമ്മുടെ സഭയിൽ വി. കുർബാനയർപ്പണത്തിൽ 1999 ൽ സിനഡ് എത്തിച്ചേർന്ന ധാരണ എത്രയും വേഗം നടപ്പാക്കണം എന്ന് ഒരു അസാധാരണ കത്ത് വഴി പരിശുദ്ധ പിതാവ് സഭാംഗങ്ങളോട് ആവശ്യപ്പെട്ടത്.

**വി. കുർബാനയർപ്പണത്തിലെ ഏകീകൃതരീതി: ഏറ്റവും വലിയ തർക്കവിഷയം**

പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയത്തിന്റെ പ്രീഫക്ട് കർദ്ദിനാൾ ലെയൊനാർദൊ സാന്ദ്രി ഈ വിഷയ സംബന്ധമായി അഭിവന്ദ്യ മേജർ ആർച്ച്ബിഷപ്പിന് അയച്ച കത്തിൽ ഇപ്രകാരം

*പറയുന്നു: ഇക്കാര്യത്തിലുള്ള ആശങ്കകളിൽ ഏറ്റവും ആദ്യത്തേത്, വി. കുർബാനയർപ്പണത്തിലെ വിവിധ സന്ദർഭങ്ങളിലെ ദിശയെ സംബന്ധിച്ചാണ്. വളരെ കാലമായി നിലനില്ക്കുന്നതും അതീവ ഗൗരവമുള്ളതുമായ ഈ വിഭാഗീയത കോവിഡ് മഹാമാരിയുടെ കാലത്ത് നടന്ന ടെലിവിഷൻ സംപ്രേഷണങ്ങളിലൂടെയും സമൂഹ മാദ്ധ്യമങ്ങളിലൂടെയുള്ള തത്സമയ സ്ട്രീമിംഗിലൂടെയും കൂടുതൽ രൂക്ഷമായി. ഈ സാഹചര്യം, സംശയാതീതമായ അനുഷ്ഠാനവിധികൾ പ്രാബല്യത്തിലാക്കുന്നത് ആവശ്യപ്പെടുന്നു. അതോടൊപ്പം അവയുടെ വിശ്വസ്തവും കൃത്യമായതുമായ അനുഷ്ഠാനവും ഉറപ്പാക്കാനുള്ള ഉത്തരവാദിത്വം ഓരോ മെത്രാനും ഏറ്റെടുക്കണം. 1999 ൽ സിനഡിന്റെ ആധികാരികമായ തീരുമാനം അംഗീകരിച്ച് അറിയിച്ചുകൊണ്ട് നല്കിയ സൂചനകളുടെ അടിസ്ഥാനത്തിലാകണം അത് എന്ന് ഈ കാര്യാലയം ചൂണ്ടിക്കാണിച്ചിരുന്നു. പുതിയ ആരാധനക്രമപുസ്തകത്തിൽ വ്യക്തമായ രീതിയിൽ അനുഷ്ഠാനവിധികൾക്ക് നിർദ്ദേശങ്ങൾ ഉണ്ടാകണം എന്ന് ഈ അവസരത്തിൽ ഞാൻ ഊന്നിപ്പറയുന്നു. എന്നാൽ അത് മാത്രം പോരാ. പ്രത്യുത, സിനഡിന്റെ ഭാഗത്ത് നിന്ന് സംയോജിതമായും മെത്രാന്മാരുടെ ഭാഗത്ത് നിന്ന് വ്യക്തിപരമായും ഉള്ള ഒരു പ്രതിബദ്ധതയും ഉണ്ടാകണം.* പരിശുദ്ധ പിതാവിന്റെ നിർദ്ദേശം നടപ്പാക്കുന്നതിൽ എതിർപ്പ് പ്രകടിപ്പിച്ച സിനഡ് അംഗങ്ങളുടെ വികാരങ്ങൾ മാനിച്ചില്ല എന്നും മറ്റുമുള്ള വാദഗതികൾ ഇതുവരെ പ്രതിപാദിച്ചതിന്റെ വെളിച്ചത്തിൽ അപ്രസക്തമാകുന്നു എന്ന് വ്യക്തമാണല്ലോ.

**ഏകീകൃതരൂപത്തിൽ നിന്നുള്ള ഇളവ്**

1999 ൽ എടുത്ത തീരുമാനം നടപ്പാക്കുന്നതിൽ നിന്ന് ചില രൂപതകളിൽ ഇളവുകൾ കൊടുത്തിരുന്നു. അത് പൗരസ്ത്യ സഭകൾക്കായുള്ള കാനൻ നിയമസംഹിതയുടെ കാനോൻ 1538-1 അനുസരിച്ചാണെന്നായിരുന്നു അന്ന് ബന്ധപ്പെട്ടവർ അവകാശപ്പെട്ടത്. എന്നാൽ അത് ശരിയായിരുന്നില്ല എന്ന് കർദ്ദിനാൾ സാന്ദ്രി എഴുതുന്നു:

*ഇത്തരുണത്തിൽ പൗരസ്ത്യ സഭകളുടെ കാനോനാ സംഹിത കനോനാ 1538-1 അനുസരിച്ച് ഇളവ് കൊടുക്കുന്നതിനെപ്പറ്റി കൃത്യത വരുത്തേണ്ടത് അത്യാവശ്യമാണ്. കാനോന സംഹിത പറയുന്നതുപോലെ ഒരു പ്രത്യേക കാര്യത്തിൽ ആത്മീയ നന്മ ലക്ഷ്യം വച്ച് മാത്രം ആ ഇളവുകൾ കൊടുക്കേണ്ടതാണ്. പൊതു നിയമങ്ങൾക്ക് വിരുദ്ധമായി നിയമാനുസൃതം അധികാരപ്പെടുത്താൻ പറ്റാത്ത ഏതെങ്കിലും കാര്യത്തിൽ കൊടുക്കുന്ന ഒരു പൊതു അനുവാദം പോലെ അത് കാണപ്പെടരുത് എന്നത് അതിന്റെ പ്രകൃതിയിൽ നിന്ന് തന്നെ വ്യക്തമാണ്. അതിനാൽ, കൃത്യമായി നിർവചിക്കപ്പെട്ട സമയത്തേക്കും പ്രത്യേക കാണങ്ങൾ മൂലവും മാത്രമേ മെത്രാന്മാർ അത്തരം ഇളവുകൾ ഉപയോഗിക്കാവൂ (ഉദാ: ബേമ്മ സ്ഥാപിക്കാനുള്ള സമയം.....).* ഇതു വരെ പറഞ്ഞതിൽ നിന്നെല്ലാം മനസ്സിലാകുന്നത് ഇത്തവണ പരിശുദ്ധ പിതാവും പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയവും തന്ന നിർദ്ദേശങ്ങളിൽ ഇളവ് കൊടുക്കാൻ പാടില്ല എന്ന് തന്നെയാണ്.

**പരിശുദ്ധ പിതാവിന്റെ കത്ത് എങ്ങനെ മനസ്സിലാക്കണം?**

**'പരിശുദ്ധ പിതാവ് ഉപദേശിക്കുകയാണ്, കല്പിക്കുകയല്ല.'** *പരിശുദ്ധപിതാവിന്റെ കത്ത് ഒരു ഉപദേശം മാത്രമാണ്, കല്പനയല്ല. അതുകൊണ്ട് അതിൽ പറയുന്ന കാര്യം ചെയ്യാൻ ആരെയും നിർബന്ധിക്കാൻ പാടില്ല* എന്ന് പല കോണുകളിൽ നിന്നും വാദം ഉയർന്നിട്ടുണ്ട്. എന്നാൽ സത്യാവസ്ഥ അതല്ല. പരിശുദ്ധ പിതാവ് കത്ത് എഴുതിയിരിക്കുന്നത് കല്പനയായിട്ടല്ല, പ്രത്യുത, ഉപദേശ രൂപേണയാണ് എന്നത് സത്യമാണ്. എന്നാൽ, അത് അനുസരിക്കാൻ ആരും നിർബന്ധിക്കപ്പെടുന്നില്ല എന്ന വാദം ശരിയല്ല. ഈ കത്തിലെ മറ്റ് ചില സൂചനകളും നാം കാണാതെ പോകരുത്. വത്തിക്കാനിൽ വി. പത്രോസിന്റെ ബസിലിക്കയിൽ നിന്ന് എന്ന പതിവ് ശൈലി വിട്ട്, സെന്റ് ജോൺ ലാറ്ററനിൽ നിന്ന് എന്നാണ് കത്തിൽ സ്ഥലം വച്ചിരിക്കുന്നത്. ഒപ്പിട്ടിരിക്കുന്ന ആളിന്റെ പേര് ഫ്രാൻസിസ് എന്നു മാത്രമായി എഴുതിയിരിക്കുന്നു. പാപ്പ എന്ന വിശേഷണമൊന്നും ചേർത്തിട്ടില്ല. റോമാ മെത്രാൻ എന്നു പോലും അവിടെ എഴുതിയിട്ടില്ല. ഇതിൽ നിന്നെല്ലാം നമ്മൾ

എന്തെങ്കിലും മനസ്സിലാക്കേണ്ടതുണ്ടോ? ധാരാളമുണ്ട് എന്നതാണ് സത്യം.

ഇത് മനസ്സിലാക്കാനുള്ള താക്കോൽ വാക്യം വി. പത്രോസിന്റെ ലേഖനത്തിലുണ്ട്. അതിപ്രകാരമാണ്: *ഒരു സഹശ്രേഷ്ഠനും ക്രിസ്തുവിന്റെ സഹനങ്ങളുടെ ദൃക്സാക്ഷിയും വെളിപ്പെടാനിരിക്കുന്ന മഹത്വത്തിന്റെ പങ്കുകാരനും എന്ന നിലയിൽ ഞാൻ നിങ്ങളുടെ ഇടയിലെ ശ്രേഷ്ഠന്മാരെ ഉപദേശിക്കുന്നു.* (1 പത്രോ 5:1) പരിശുദ്ധ പിതാവ് നമുക്കെഴുതിയത് കർത്താവിന്റെ സഭയെ നയിക്കാൻ അവിടുന്ന് ഭരമേല്പ്പിച്ച ശ്രേഷ്ഠന്മാരുടെ തലവൻ എന്ന നിലയിലാണ്. അഥവാ റോമാ സഭയുടെ അജപാലകൻ എന്ന നിലയിലാണ് അദ്ദേഹം മറ്റു സഭകളുടെ അജപാലകരെ ഉപദേശിക്കുന്നത്. ഇവിടെ ശ്രേഷ്ഠൻ എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത് നേതൃത്വത്തിൽ ഉള്ളയാൾ എന്നാണ്. അതൊരു ദൈവശാസ്ത്ര തത്വമാണ്. കാനോനിക തത്വമല്ല. നമ്മുടെ നാട്ടിൽ ഗോത്രജനങ്ങൾക്ക് നാട്ടുമൂപ്പന്മാരുണ്ട്. ഉത്തര ഭാരതത്തിൽ ഗ്രാമമൂപ്പന്മാർ അല്ലെങ്കിൽ മുഖ്യന്മാരുണ്ട്. അവരുടെ വാക്കുകൾ ഗോത്രത്തിലെ അംഗങ്ങൾ അല്ലെങ്കിൽ ഗ്രാമവാസികൾ ചോദ്യം ചെയ്യാതെ അംഗീകരിക്കുന്നതാണ് പതിവ്. അതുപോലെ ഇസ്രായേലിൽ മൂപ്പന്മാരുണ്ടായിരുന്നു. ആ പതിവ് സഭയിലേക്കും കടന്ന് വന്നു.

കർത്താവ് പത്രോസിനോട് പറയുന്ന ഒരു ഭാഗവും ഇവിടെ പ്രസക്തമാണ്: *ശിമയോൻ, ശിമയോൻ, ഇതാ സാത്താൻ നിങ്ങളെ ഗോതമ്പ് പോലെ പാറ്റാൻ ഉദ്യമിച്ചു. എന്നാൽ, നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്ക് വേണ്ടി പ്രാർത്ഥിച്ചു. നീ തിരിച്ച് വന്ന് നിന്റെ സഹോദരരെ ശക്തിപ്പെടുത്തണം* (ലൂക്കാ 22:31–32). തന്റെ സഹോദരരെ ശക്തിപ്പെടുത്തുന്ന പത്രോസിനെയാണ് പരാമർശിതമായ കത്തിലൂടെ നാം കണ്ടു മുട്ടുന്നത്. ഈശോമിശിഹായിലുള്ള വിശ്വാസത്തിൽ ഉറച്ച് നില്ക്കേണ്ടത് എങ്ങിനെയെന്ന് അദ്ദേഹം തന്റെ സഭാസമൂഹത്തെ ഉപദേശിച്ചതിന് ശേഷം സൂചിപ്പിക്കുന്ന വചനഭാഗവും ഇവിടെ പ്രസക്തമാണ്:

*നിങ്ങൾ ഇക്കാര്യങ്ങൾ അറിയുകയും നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന സത്യത്തിൽ ഉറച്ച് നില്ക്കുകയും ചെയ്യുന്നെങ്കിലും അവയെക്കുറിച്ച് എപ്പോഴും നിങ്ങളെ ഞാൻ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കും. ഞാൻ ഈ കൂടാരത്തിൽ ആയിരിക്കുന്നിടത്തോളം കാലം ഓർമ്മപ്പെടുത്തൽ വഴി നിങ്ങളെ ഉണർത്തുന്നത് ഉചിതമാണെന്ന് കരുതുന്നു* (2 പത്രോസ് 1: 12-13).

കത്തിൽ അഭിസംബോധന ചെയ്യപ്പെട്ടിരിക്കുന്ന മെത്രാന്മാരെപ്പോലെ തന്നെ പരിശുദ്ധ പിതാവും ഒരു പ്രാദേശിക സഭയുടെ, റോമാ സഭയുടെ, അജപാലകനാണ്. ഒരു ക്രിസ്ത്യാനി അല്ലെങ്കിൽ ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ സമൂഹം കത്തോലിക്കൻ അല്ലെങ്കിൽ കത്തോലിക്കം ആണെന്ന് പറയുന്നത് റോമാ മെത്രാനോടും റോമാ സഭയോടും കൂട്ടായ്മയിൽ ആയിരിക്കുമ്പോഴാണ്. അദ്ദേഹത്തിന്റെ ഉപദേശം ഭരണപരമായ ഒരു പ്രവൃത്തിയല്ല. പ്രത്യുത, അജപാലനപരമാണ്. അതുകൊണ്ടാണ് കല്പിക്കുന്നു, ഉത്തരവിടുന്നു എന്നൊന്നും എഴുതാത്തത്. അതിനർത്ഥം അത് സ്വീകരിക്കണ്ട എന്നല്ല. മാതാപിതാക്കൾ മക്കളോട് കല്പിക്കുന്നു, ഉത്തരവിടുന്നു എന്നൊന്നും പറയാറില്ല. അവർ ഉപദേശിക്കുകയാണ് ചെയ്യുന്നത്. അതിനർത്ഥം അവർ അത് മനസ്സുണ്ടെങ്കിൽ സ്വീകരിച്ചാൽ മതി എന്നല്ല.

റോമാ മെത്രാന്റെ ആസ്ഥാനം സെന്റ് ജോൺ ലാറ്ററൻ ആണ്. വത്തിക്കാൻ ആഗോളസഭയുടെ തലവന്റെ ആസ്ഥാനമാണ്. ഈ കത്തെഴുതുന്നതിന് വിശ്വാസപരവും ദൈവശാസ്ത്രപരവുമായ ഒരു അർത്ഥമാണുള്ളത് എന്ന് സൂചിപ്പിച്ചല്ലോ. അത് റോമാ മെത്രാനും റോമാ സഭയുമായുള്ള കൂട്ടായ്മയുടെ കാര്യമാണ്. അതുകൊണ്ടാണ് വത്തിക്കാനിൽ നിന്ന് എന്നെഴുതാത്തത് എന്നു വേണം മനസ്സിലാക്കാൻ. പത്രോസിന്റെ പിൻഗാമിയാണ് റോമാ സഭയുടെ തലവൻ. ആ നിലയിൽ എഴുതുന്നതുകൊണ്ടാണ് പാപ്പാ എന്ന് എഴുതാത്തത്. സെന്റ് ജോൺ ലാറ്ററൻ എന്ന് സ്ഥലപ്പേർ വച്ചിരിക്കുന്നതിലൂടെ താൻ എഴുതുന്നത് ആ നിലയിലാണെന്ന് പരിശുദ്ധ പിതാവ് പറയാതെ പറയുകയാണ്. ഇപ്പോൾ തന്നിരി

ക്കുന്ന ഉപദേശം നമ്മുടെ കത്തോലിക്കതയുടെ അളവുകോലാണ് എന്ന് അപ്പസ്തോലിക്ക് ന്യൂൻഷ്യോ താഴെ ഉദ്ധരിച്ചിട്ടുള്ള തന്റെ പ്രസംഗമദ്ധ്യേ സൂചിപ്പിച്ചതും അതുകൊണ്ടാണ്.

**മെത്രാന്മാരെയും വൈദികരെും സമർപ്പിതരെയും അല്മായ വിശ്വാസികളെയും അഭിസംബോധന ചെയ്യാൻ കാരണം**

1999 ലെ തീരുമാനം നടപ്പാക്കാൻ തടസ്സമായി നിന്ന കാരണങ്ങൾ നിലനില്ക്കുന്നതിനാൽ വീണ്ടും സിനഡിന് അക്കാര്യം നടപ്പാക്കുക എളുപ്പമായിരുന്നില്ല. മാത്രമല്ല, സഭാപ്രബോധനമനുസരിച്ച് പൗരസ്ത്യ സഭകളുടെ സിനഡ് എടുക്കുന്ന തീരുമാനങ്ങൾ സഭയിലെ പരമോന്നതാധികാരം അംഗീകരിക്കുന്നതോടെ ആ തീരുമാനങ്ങൾ ആ പരമോന്നത അധികാരിയുടേതായി മാറുകയും ചെയ്യുന്നു. അതുപോലെ സിനഡിന്റെ തീരുമാനം ആ അധികാരത്തിലുള്ള പങ്കുപറ്റലും ആകുന്നു. ഇക്കാര്യം 1996 ലെ സിനഡിൽ ഫാ. ഈവാൻ ഷൂഷെക്ക് അവതരിപ്പിച്ച പ്രബന്ധത്തിൽ എടുത്ത് പറയുന്നുമുണ്ട്. അങ്ങനെയാണ് മേജർ ആർച്ച് ബിഷപ്പിനും സിനഡിനും മുകളിലുള്ള അധികാരിയായ പരിശുദ്ധപിതാവ് നേരിട്ട് ഇടപെട്ടതും സിനഡിന്റെ തീരുമാനം ഉടനടിനടപ്പിൽവരുത്തുന്നപ്രക്രിയയുമായി മുന്നോട്ട് പോകാൻ ഉപദേശിച്ചുകൊണ്ട് പരിശുദ്ധ സിംഹാസനത്തിന്റെ പതിവിൽ നിന്ന് അല്പം വിഭിന്നമായി തന്നെ അദ്ദേഹം നേരിട്ട് ഒരു കത്തിലൂടെ ആ കാര്യം മെത്രാന്മാരോടും വൈദികരോടും സമർപ്പിതരോടും അല്മായരോടും ആവശ്യപ്പെടുകയും ചെയ്തത്. അതിലൂടെ ഏകീകൃതരൂപം നടപ്പാക്കുന്നത് അദ്ദേഹം അഭിസംബോധന ചെയ്തിട്ടുള്ള ഓരോ വ്യക്തിയുടെയും വ്യക്തിപരമായ ഉത്തരവാദിത്വമായി മാറുന്നു. അക്കാര്യത്തിൽ സിനഡ് അല്ലെങ്കിൽ മേജർ ആർച്ച് ബിഷപ്പ് എന്ത് പറയുന്നു എന്നത് പ്രസക്തമല്ല. (കാണുക: *Fr Ivan Zuzek S.J., "Functioning of Synods in Oriental Churches" in Fr Jose Porunnedom, ed. Acts of the Synod of Bishops of the Syro-Malabar Church held in the Vatican from 8 to 16 January 1996, Mount St Thomas, 1996, pp. 59-60*). മേജർ ആർച്ച്ബിഷപ്പും സിനഡും തീരുമാനിച്ച

കാര്യം നടപ്പാക്കാനുള്ള ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞു മാറാൻ ഇനി ആർക്കും യാതൊരു നീതീകരണവുമില്ല എന്ന താണതിനർത്ഥം. സഭയിൽ എല്ലാവരും നടപ്പാക്കിയാൽ ഞങ്ങളും നടപ്പാക്കാം എന്ന നിലപാടിനും സ്ഥാനമില്ല എന്നും ഇതുകൊണ്ട് പരിശുദ്ധ പിതാവ് അർത്ഥമാക്കുന്നു.

ഇക്കാര്യം സൂചിപ്പിച്ചുകൊണ്ട് പരിശുദ്ധ സിംഹാസനത്തിന്റെ ഇൻഡ്യയിലെ സ്ഥാനപതി, ആർച്ച് ബിഷപ് ലെയോപ്പോൾ ഡൊ ജിറെല്ലി 2021 ഓഗസ്റ്റ് മാസം 16 മുതൽ 27 വരെ ഓൺ ലൈനായി നടത്തിയ സീറോ മലബാർ മെത്രാൻ സിനഡിലെ, പ്രസംഗ മദ്ധ്യേ ഇപ്രകാരം പറഞ്ഞു: *അനാവശ്യമായ സംഘർഷങ്ങൾ ഒഴിവാക്കുന്നതിനും കൂട്ടായ്മ നിലനിർത്തുന്നതിനും പരിശുദ്ധ പിതാവ് വളരെ വ്യക്തമായി അംഗീകരിച്ച, പരിശുദ്ധ സിന ഡിന്റെ, ആരാധനക്രമത്തിലുള്ള ഐക്യം എന്ന തീരുമാനം, എളിമയോടു കൂടി സ്വീകരിക്കാൻ നിങ്ങളുടെ എല്ലാ വൈദികരേയും പ്രോത്സാഹിപ്പിക്കാൻ നിങ്ങളെ ഞാൻ ക്ഷണിക്കുന്നു.* സീറോ മലബാർ മെത്രാന്മാർ എത്രമാത്രം അവധാനതയോടെ ഏകീകൃത കുർബാനയർപ്പണം എന്ന തീരുമാനം തങ്ങളുടെ രൂപതകളിൽ നടപ്പാക്കാൻ ബാദ്ധ്യസ്ഥരായിരിക്കുന്നു എന്ന് ഇതിൽ നിന്നെല്ലാം വ്യക്തമാകുന്നുണ്ട്. ഇക്കാര്യത്തിൽ മെത്രാന്മാർക്കും വൈദിക ർക്കും പ്രത്യേക ഉത്തരവാദിത്വമുണ്ട് എന്നതും അദ്ദേഹത്തിന്റെ വാക്കുകളിൽ നിന്ന് വ്യക്തമാണല്ലൊ.

**മെത്രാന്മാരുടെയും വൈദികരുടെയും പ്രത്യേക ഉത്തരവാദിത്വം**

മെത്രാൻപട്ടവും പുരോഹിതപട്ടവും സ്വീകരിക്കുമ്പോൾ അർത്ഥി കൾ നടത്തുന്ന സത്യപ്രതിജ്ഞയിൽ ഏറ്റുചൊല്ലുന്ന ഒരു വാചകം ഇത്തരുണത്തിൽ പ്രത്യേകം സ്മരണീയമാണ്: *റോമിലെ മാർപ്പാ പ്പയോ മെത്രാൻ സംഘമോ ഔദ്യോഗിക പ്രബോധനാധികാരം ഉപയോഗിച്ച് പഠിപ്പിക്കുന്നവ, അവർ അവയെ നിയതമായി നിർ വചിക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിലും, അവയോടുള്ള വിശ്വാസ പൂർവകമായ വിധേയത്വം പൂർണ്ണമായ അറിവോടും സമ്മത ത്തോടും കൂടി ഞാൻ ഏറ്റു പറയുന്നു. പത്രോസിന്റെ പിൻഗാമിയും*

*സാർവത്രിക സഭയുടെ തലവനുമായ മാർപ്പാപ്പയെ പൂർണ്ണഹൃദയത്തോടെ അനുസരിച്ച് കൊള്ളാമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു. ഞങ്ങളുടെ സഭയുടെതലവനും പിതാവുമായ... മെത്രാപ്പോലീത്തായോട് സഭാനിയമം അനുശാസിക്കുന്ന എല്ലാ ക്കാര്യങ്ങളിലും പൂർണ്ണമായ വിധേയത്വം ഞാൻ ഏറ്റു പറയുന്നു.*

എന്നാൽ പുരോഹിതാർത്ഥികൾ *ഞങ്ങളുടെ മേലദ്ധ്യക്ഷനും പിതാവുമായ മാർ ... മെത്രാനെ പൂർണ്ണ ഹൃദയത്തോടും വിധേയത്വത്തോടും കൂടി അനുസരിച്ച് കൊള്ളാമെന്നും അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ പിൻഗാമികളുടെയും കല്പനകൾ ഒരിക്കലും ലംഘിക്കയില്ലെന്നും ഞാൻ ഏറ്റു പറയുന്നു* എന്നു കൂടി പറയുന്നുണ്ട്. ചെറിയ വ്യത്യാസങ്ങളോടെ സമർപ്പിതസമൂഹങ്ങളിലെ അർത്ഥികളും ഈ പ്രതിജ്ഞ ഏറ്റു ചൊല്ലുന്നുണ്ട്.

വിശുദ്ധ കുർബാനയർപ്പണത്തിനുള്ള ഏകീകൃതരീതി നടപ്പാക്കാനായി റോമാ മാർപ്പാപ്പയും മെത്രാൻ സിനഡും മേജർ ആർച്ച് ബിഷപ്പും തന്നിട്ടുള്ള നിർദ്ദേശങ്ങൾ ഏത് മനോഭാവത്തോടെ മെത്രാന്മാരും വൈദികരും സ്വീകരിക്കണം എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

ഹെബ്രായർക്കുള്ള ലേഖനവും ഈ കാര്യത്തിൽ ചില മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നുണ്ട്: *നിങ്ങളുടെ നേതാക്കന്മാരെ അനുസരിക്കുകയും അവർക്ക് വിധേയരായിരിക്കുകയും ചെയ്യുവിൻ. കണക്കേല്പ്പിക്കാൻ കടപ്പെട്ട മനുഷ്യരേപ്പോലെ അവർ നിങ്ങളുടെ ആത്മാക്കളുടെ മേൽനോട്ടം വഹിക്കുന്നു. അങ്ങനെ അവർ സന്തോഷപൂർവം, സങ്കടം കൂടാതെ, ആ കൃത്യം ചെയ്യുന്നതിന് ഇടയാകട്ടെ. അല്ലെങ്കിൽ അത് നിങ്ങൾക്ക് പ്രയോജനരഹിതമായിരിക്കും* (ഹെബ്രാ. 13: 17)

**പരിശുദ്ധ പിതാവിനോടുള്ള വിധേയത്വം: കത്തോലിക്കാ സ്വത്വം തിരിച്ചറിയാനുള്ള അടയാളം**

കത്തോലിക്കാ സഭയിലെ ഏറ്റവും അവസാനത്തെ വാക്ക് പറയുന്നത്, ഭൂമിയിൽ ഈശോ മിശിഹായുടെ പ്രതിനിധിയും ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിന്റെ പിൻഗാമിയുമായ

റോമാ മാർപ്പാപ്പയാണ്. ക്രൈസ്തവവ്യക്തികളും സമൂഹങ്ങളും കത്തോലിക്കാ കൂട്ടായ്മയിലാകുന്നത് അദ്ദേഹത്തോടും റോമാ സഭയോടും കൂട്ടായ്മയിൽ ആയിരിക്കുമ്പോഴാണ് എന്ന് മുകളിൽ സൂചിപ്പിച്ചല്ലോ. ഇക്കാര്യം ഓർമ്മപ്പെടുത്തിക്കൊണ്ട് പരിശുദ്ധ സിംഹാസനത്തിന്റെ ഇൻഡ്യയിലെ സ്ഥാനപതി സിനഡംഗങ്ങളെ ഇപ്രകാരം ഓർമ്മപ്പെടുത്തി:

*"നാം പങ്ക് വയ്ക്കുന്ന പാത നമ്മളെ എങ്ങോട്ട് നയിച്ചാലും പത്രോസിനോടൊപ്പവും പത്രോസിന് വിധേയപ്പെട്ടും (cum Petro et sub Petro) നാം ആയിരിക്കുമ്പോൾ നമ്മൾ കർത്താവിന്റെ പരിപാലനയിലും തിന്മകളിൽ നിന്ന് സംരക്ഷിതരും ആണെന്നുള്ള ഉറപ്പുണ്ട്. പരിശുദ്ധ പിതാവിന്റെ അജപാലന ശുശ്രൂഷയും മാർഗ്ഗനിർദ്ദേശവും നാം അംഗീകരിക്കുന്നതാണ് നമ്മുടെ കത്തോലിക്കാ സ്വത്വം തിരിച്ചറിയാനുള്ള അടയാളം."* *അനുസരണം ബലിയേക്കാൾ ശ്രേഷ്ഠമാണ്* (1 സാമു. 15:22) എന്ന് സാമുവൽ പ്രവാചകൻ സാവൂൾ രാജാവിനെ ഓർമ്മപ്പെടുത്തുന്നത് ഇത്തരുണത്തിൽ സ്മരണാർഹമാണ്. ഇക്കാര്യം അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് സഭാംഗങ്ങൾക്കയച്ച സിനഡനന്തര ഇടയലേഖനത്തിലും എടുത്തു പറയുന്നുണ്ട്.

**സഭയിലെ ഏറ്റവും ഉന്നതമായ പ്രബോധനാധികാരത്തിൽ നിന്നുള്ള ഉപദേശം**

മേല്പറഞ്ഞ കത്ത് പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ അദ്ദേഹത്തിന്റെ സ്വന്തം ഔദ്യോഗിക മുദ്ര (Coat of Arms) യുള്ള ലെറ്റർപാഡിലാണ് എഴുതിയിരിക്കുന്നത്. കത്തിൽ അദ്ദേഹം സ്വന്തം ഒപ്പും പതിച്ചിരിക്കുന്നു. സാധാരണ രീതിയിൽ പരിശുദ്ധ പിതാവ് അങ്ങനെ ചെയ്യാറില്ല. അതിനർത്ഥം ഈ കത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന കാര്യത്തിന്മേൽ മറിച്ചൊരു തീരുമാനമെടുക്കാൻ മറ്റാർക്കും അധികാരമോ അവകാശമോ ഇല്ല എന്നുള്ളതാണ്. അതിൽ ആവശ്യപ്പെട്ടിരിക്കുന്നത് നടപ്പാക്കുക മാത്രമേ ചെയ്യാനുള്ളു.

ഏതൊരു പരിഷ്കൃതസമൂഹത്തിലും തർക്കവിഷയങ്ങൾ ഇങ്ങനെയാണ് തീരുമാനിക്കപ്പെടുന്നത്. കക്ഷികൾക്ക് പൂർണ്ണ

തൃപ്തി ഇല്ലെങ്കിലും അവസാനത്തെ അധികാരിയുടെ വിധി പ്രസ്താവം നടപ്പാക്കാൻ എല്ലാവരും ബാദ്ധ്യസ്ഥരാണ്. ദീർഘ നാളായി ഈ വിഷയത്തിൽ എല്ലാ ഭാഗത്ത് നിന്നും ലഭിച്ചിട്ടുള്ള അറിവുകൾ കൂലംകഷമായി പഠിക്കുകയും വിശകലനം ചെയ്യു കയും ചെയ്ത ശേഷമാണ് ഈ കത്ത് എഴുതിയിരിക്കുന്നത് എന്നതിനാൽ ഇതിന്മേൽ ഇനിയും ഒരു അപ്പീലിന് പ്രസക്തിയില്ല എന്നതും ശ്രദ്ധേയമാണ്. *പരിശുദ്ധ പിതാവ് തെറ്റിദ്ധരിക്കപ്പെട്ടു, സിനഡ് തീരുമാനം അടിച്ചേല്പ്പിക്കുന്നു* തുടങ്ങിയ വാദങ്ങൾക്ക് ഇനി പ്രസക്തിയില്ല എന്ന് ചുരുക്കം.

**കത്തിന്റെ ഗൗരവം സൂചിപ്പിക്കുന്ന മറ്റ് കാര്യങ്ങൾ**

ഇനിയുമുണ്ട് പരിശുദ്ധ പിതാവ് എഴുതിയ കത്തിന് പ്രത്യേ കതകൾ. കത്തിന്റെ ഉള്ളടക്കം പരിശുദ്ധ സിംഹാസന ത്തിന്റെ ഔദ്യോഗികമായ രേഖകൾ നടപ്പിൽ വരുത്തുന്ന രീതി യിൽ വത്തിക്കാൻ റേഡിയോയിലൂടെ പ്രഖ്യാപിക്കുകയും പരി ശുദ്ധ സിംഹാസനത്തിന്റെ രേഖകളും പ്രവർത്തനങ്ങളും പ്രസിദ്ധീ കരിക്കുന്ന *Acta Apostolicae Sedis* (*AAS*) എന്ന പ്രസിദ്ധീകരണ ത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. മാത്രമല്ല കത്ത് ദിനം പ്രതിയുള്ള പത്രക്കുറിപ്പിലൂടെ മാദ്ധ്യമങ്ങൾക്ക് കൊടുക്കുകയും ചെയ്തു. അതായത് ഈ കത്തും അതിന്റെ ഉള്ളടക്കവും പരിശുദ്ധ സിംഹാസനത്തിന്റെ ഔദ്യോഗിക ഭരണനിർവഹ ണത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞു. പരിശുദ്ധ പിതാവും അദ്ദേഹത്തിന്റെ കൂരിയായും നമ്മുടെ ആരാധനക്രമ വിഷയ ത്തിൽ എത്രമാത്രം ശ്രദ്ധ കൊടുക്കുന്നു എന്നും എത്ര ഗൗര വത്തോടെ പരിഗണിക്കുന്നു എന്നുമുള്ളതിന്റെ സൂചനകളാണ് ഇതെല്ലാം.

**സമയം സ്ഥലത്തേക്കാൾ വലുതാണ് (Time is greater than space – Evangelii Gaudium, Nos. 222-225) - സംഘർഷത്തിനു മേൽ ഐക്യം നിലനില്ക്കുന്നു (Unity prevails over conflict – Nos. 226-230)**

*സമയം സ്ഥലത്തേക്കാൾ വലുതാണ്* (Time is greater than

space –*Evangelii Gaudium,* Nos. 222-225) എന്നും *സംഘർ ഷത്തെ ഐക്യം കീഴടക്കുന്നു* (Unity prevails over conflict – Nos. 226-230) എന്നും പരിശുദ്ധ പിതാവ് തന്റെ കത്തിൽ പറയു ന്നുണ്ട്. അതെപ്പറ്റിയും ചിലത് മനസ്സിലാക്കേണ്ടതുണ്ട്. കാരണം, പരിശുദ്ധ പിതാവിന്റെ കത്ത് പരസ്യമായതു മുതൽ മന:പൂർവമോ അല്ലാതെയോ വളരെയധികം ദുർവ്യാഖ്യാനം ചെയ്യപ്പെട്ട ഭാഷാ പ്രയോഗമാണത്. ഈ പ്രയോഗം അദ്ദേഹം *സുവിശേഷത്തിന്റെ ആനന്ദം* (*Evangelii Gaudium*) എന്ന തന്റെ അപ്പസ്തോലിക പ്രബോധനത്തിൽ നിന്ന് ഉദ്ധരിച്ചിട്ടുള്ളതാണ്. വി. ജോൺ പോൾ രണ്ടാമൻ പാപ്പാ 1995 മെയ് 2 ന് എഴുതിയ *കിഴക്കിന്റെ സൂര്യൻ* (*Orientale Lumen*) എന്ന അപ്പസ്തോലിക ലേഖനത്തിലും ഇതേ ആശയം കാണാം (നമ്പർ 8).

*സമയം സ്ഥലത്തേക്കാൾ വലുതാണ്* എന്നതുകൊണ്ട് ഫ്രാൻസീസ് പാപ്പ അർത്ഥമാക്കുന്നത് ചരിത്രത്തിൽ ഇടപെടുന്ന ദൈവത്തിന്റെ പ്രവർത്തനത്തിന് നാം വിധേയപ്പെടുക എന്നാണ്. നമ്മുടെ സഭയിൽ എന്തെല്ലാം സംഭവിച്ചിട്ടുണ്ടോ അവിടെയെല്ലാം ദൈവത്തിന്റെ അറിവും സമ്മതവും ഉണ്ടായിരുന്നു. അതിന് അവി ടുത്തേക്ക് ഒരു ലക്ഷ്യവും ഉണ്ടായിരുന്നു. ഇനിയും അങ്ങനെ തന്നെ ആയിരിക്കും. അതുകൊണ്ട് ഒരു കാര്യത്തിന് ഇത്ര സമയം കൊണ്ട് നമ്മളുദ്ദേശിക്കുന്ന ഫലം കിട്ടണം എന്ന് വാശി പിടിക്കാതെ കാര്യങ്ങൾ ചെയ്യാൻ ആരംഭിക്കുകയും കാലത്തിന്റെ പൂർണ്ണത യിൽ ദൈവത്തിന്റെ ഇടപെടൽ മൂലം ഫലം ഉളവാകാൻ അനു വദിക്കുകയും ചെയ്യുക എന്നതാണ്. ഏകീകൃത വിശുദ്ധ കുർബാനയർപ്പണ രീതിയുടെ കാര്യത്തിലും ഇത് മറന്ന് പോകാതെ, ഇപ്പോൾ അദ്ദേഹം പറഞ്ഞതുപോലെ സിനഡ് തീരുമാനം നടപ്പാക്കാൻ ആരംഭിക്കുകയും കാലത്തിന്റെ തിക വിൽ ആവശ്യമായ മാറ്റങ്ങളോടെ അത് പൂർണ്ണത പ്രാപിക്കും എന്ന് പ്രതീക്ഷിക്കുകയും ചെയ്യുക എന്നാണ് അദ്ദേഹം സൂചിപ്പി ക്കുന്നത്.

*കിഴക്കിന്റെ സൂര്യൻ* എന്ന അപ്പസ്തോലിക ലേഖനത്തിൽ

വി. ജോൺ പോൾ പാപ്പ എഴുതുന്നു: *സമയം ദൈവത്തിന്റേതാണ്. സമയത്തിന്റെ മുമ്പോട്ടുള്ള ഗമനത്തിൽ സംഭവിക്കുന്ന കാര്യങ്ങളെ ദൈവരാജ്യത്തിന്റെ പൂർണ്ണതയുമായി താദാത്മ്യപ്പെടുത്തരുത്. കാരണം ദൈവരാജ്യത്തിന്റെ പൂർണ്ണത ദൈവത്തിൽ നിന്നുള്ള ഒരു ദാനമാണ്* (നമ്പർ. 8).

സഭയിലെ പാരമ്പര്യങ്ങളെപ്പറ്റി പറയുന്നിടത്താണ് പരിശുദ്ധ പിതാവ് ഈ പരാമർശം നടത്തുന്നത് എന്നത് ശ്രദ്ധേയമാണ്. ഒരു കാലഘട്ടത്തിൽ സഭയിൽ ചെയ്തിരുന്നതും സംഭവിച്ചതുമെല്ലാം പരമമായ സുവർണ്ണ നിയമവും പരമമായ സത്യവും ആയി ഗണിക്കാനുള്ള സഭകളുടെ പ്രലോഭനത്തിനെതിരെ അദ്ദേഹം മുന്നറിയിപ്പും തരുന്നുണ്ട്. അതായത് ഇപ്പോൾ പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ തന്നിരിക്കുന്ന ഉപദേശം ഏതെങ്കിലും ഒരു കക്ഷിയുടെ വിജയമോ പരാജയമോ ആയി ആരും കാണരുത്. അങ്ങനെ ആരും ആഘോഷിക്കാനും പാടില്ല.

*കിഴക്കിന്റെ സൂര്യൻ* എന്ന അപ്പസ്തോലിക ലേഖനത്തിൽ എന്താണ് പാരമ്പര്യം എന്നും എങ്ങിനെയാണ് നാം അതിനെ നമ്മുടെ വിശ്വാസജീവിതത്തിൽ പരിഗണിക്കേണ്ടത് എന്നും വളരെ സമ്യക്കായി വി. ജോൺ പോൾ പാപ്പ വിശദീകരിക്കുന്നുണ്ട്. തർക്കങ്ങൾ ഒഴിവാക്കി സമവായത്തിൽ എത്താൻ അത്തരം പ്രബോധനങ്ങൾ ശരിയായി മനസ്സിലാക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

പരിശുദ്ധ പിതാവ് തന്റെ കത്തിൽ വി. കുർബാനയർപ്പണത്തെപ്പറ്റിയുള്ള ദൈവശാസ്ത്രപരമോ പാരമ്പര്യപരമായതോ ആയ ഒന്നും സൂചിപ്പിക്കുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. അതുപോലെ തന്നെ പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയവും ഇതേ നിലപാട് തന്നെയാണ് സ്വീകരിച്ചിരിക്കുന്നത്. അപ്പസ്തോലിക്ക് ന്യൂൻഷ്യോ തന്റെ പ്രസംഗത്തിലും ഇക്കാര്യം പരാമർശിക്കുന്നില്ല. അതിനർത്ഥം ഇപ്പോൾ അത്തരം വിഷയങ്ങൾക്കല്ല, പ്രത്യുത സഭയിൽ ശാന്തിയും സമാധാനവും സാഹോദര്യവും കൂട്ടായ്മയും വർദ്ധിപ്പിക്കുന്നതാണ് പ്രധാനപ്പെട്ട നടപടി എന്നാണ്. മറ്റ് വാക്കുകളിൽ, പാരമ്പര്യങ്ങളുടെ പുനരുദ്ധാരണത്തെപ്പറ്റിയും

നവീകരണത്തെപ്പറ്റിയും സാംസ്കാരികാനുരൂപണത്തെപ്പറ്റിയും മറ്റും ഉള്ള ചർച്ചകൾ ഇപ്പോൾ തന്നിട്ടുള്ള ഉപദേശം നടപ്പാക്കിയിട്ട് ആകാം എന്നർത്ഥം.

*സംഘർഷത്തെ ഐക്യം കീഴടക്കുന്നു* എന്നതുകൊണ്ട് പരിശുദ്ധ പിതാവ് അർത്ഥമാക്കുന്നത് തർക്ക വിഷയങ്ങളിൽ നിന്ന് ഒളിച്ചോടാതെയും അവയെ കണ്ടില്ലെന്ന് നടിക്കാതെയും പരിഹാരത്തിനായി കുറുക്കു വഴികൾ തേടാതെയും അവയെ നേരിട്ട് സമവായത്തിൽ എത്തിക്കുക എന്നതാണ്. അപ്പോൾ ആദ്യത്തേതിലും മെച്ചപ്പെട്ട സാഹചര്യം സൃഷ്ടിക്കപ്പെടും എന്നും അദ്ദേഹം വിവക്ഷിക്കുന്നു. തർക്ക വിഷയമായിരിക്കുന്ന ഏകീകൃത വിശുദ്ധ കുർബായർപ്പണ രീതിയ്ക്കും ഇത് ബാധകമാണ്. അതാണ് ഇപ്പോൾ അദ്ദേഹം തന്റെ കത്തിലൂടെ ഉദ്ദേശിച്ചിരിക്കുന്നത്. ഏകീകൃത വി. കുർബായർപ്പണത്തിനുള്ള തീരുമാനം നടപ്പാക്കുമ്പോൾ പരിശുദ്ധാത്മാവ് നമ്മുടെയിടയിൽ സ്വരച്ചേർച്ചയും സാഹോദര്യവും ഐക്യവും വളർത്തും എന്ന് അദ്ദേഹം ആശംസിക്കുന്നത് അതുകൊണ്ടാണ്. കാരണം വി. പൗലോസ് ശ്ലീഹാ എഴുതുന്നു: *സ്വർഗ്ഗരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല; പ്രത്യുത, നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ്* (1 കൊറി. 14:17). *എന്തെന്നാൽ, ദൈവം കോലാഹലത്തിന്റെ ദൈവമല്ല, സമാധാനത്തിന്റെ ദൈവമാണ്* (1 കൊറി. 14:33).

### ***ദൈവജനത്തോടൊപ്പമുള്ള സഭാത്മക നടത്തം (Ecclesial walking together)***

*ദൈവജനത്തോടൊപ്പമുള്ള സഭാത്മകമായ നടത്തം* (*Ecclesial walking together with God's People*) എന്നത് പരിശുദ്ധ പിതാവ് തന്റെ കത്തിൽ ഉപയോഗിച്ചിരിക്കുന്ന മറ്റൊരു ഭാഷാപ്രയോഗമാണ്. ഇതും ഏറെ തെറ്റിദ്ധരിക്കപ്പെടുകയും തർക്കവിഷയമാകുകയും ചെയ്തു. ദൈവജനത്തോടൊപ്പമുള്ള സഭാത്മകമായ നടത്തം സ്ഥിരതയോടെ തുടരാനും അതിനെ ഉറപ്പിക്കാനും പരിശുദ്ധ പിതാവ് മെത്രാന്മാരെ ശക്തമായി ഉദ്ബോധിപ്പിക്കുന്നുമുണ്ട്.

റോമിൽ നടന്ന സിനഡ് സമ്മേളനത്തിൽ കർദ്ദിനാൾ റാറ്റ്സിംഗർ അവതരിപ്പിച്ച പേപ്പറിനെപ്പറ്റി മുകളിൽ സൂചിപ്പിച്ചല്ലൊ. ആ പേപ്പറിൽ അദ്ദേഹം ഉപയോഗിച്ച ഒരു ഭാഷാപ്രയോഗമാണ് *ഒരുമിച്ചുള്ള നടത്തം* എന്നത്. *ഗ്രീക്കു ഭാഷയിലെ സിനഡുവൊ* എന്ന പദത്തിൽ നിന്നാണ് *സിനഡ്* എന്ന പ്രയോഗം ഉണ്ടായത്. *ഒരേ വഴിയിലൂടെ സഞ്ചരിക്കുക, ഒരേ വഴിയിലൂടെ ഒരുമിച്ച് പോകുക* എന്നൊക്കെയാണ് അതിനർത്ഥം. *സിനൊഡിയ* എന്നതിന് സഹയാത്രികരുടെ സംഘം എന്നാണർത്ഥം. അന്നദ്ദേഹം ഉദ്ദേശിച്ചത് മുഖ്യമായും സിനഡിലെ മെത്രാന്മാരുടെ ഒരുമിച്ചുള്ള യാത്രയെപ്പറ്റിയാണെങ്കിൽ ഇപ്പോൾ ഫ്രാൻസീസ് പാപ്പ ഉപയോഗിച്ചിരിക്കുന്നത് സഭാംഗങ്ങൾ എല്ലാവരും ഒരുമിച്ച് ഒരേ വഴിയിലൂടെ ഒരേ ലക്ഷ്യത്തിലേക്ക് സഞ്ചരിക്കുന്നതിനെപ്പറ്റിയാണ് എന്ന വ്യത്യാസം മാത്രമേയുള്ളു. എന്തുകൊണ്ട് സീറോ മലബാർ മെത്രാന്മാർ എല്ലാവരും പ്രബോധനത്തിന്റെയും ആരാധനാക്രമത്തിന്റെയും കാര്യത്തിൽ കൂട്ടായ്മയിൽ ആകണം എന്ന് തന്റെ പ്രഭാഷണത്തിൽ കർദ്ദിനാൾ റാറ്റ്സിംഗർ വളരെ വിശദമായി പ്രതിപാദിക്കുന്നുണ്ട്. (കാണുക Fr Jose Porunnedom, ed. *Acts of the Synod of Bishops of the Syro-Malabar Church held in the Vatican from 8 to 16 January 1996,* Mount St Thomas, (1996) pp. 50-58).

അതായത് സിനഡിന്റെ അംഗങ്ങൾ എല്ലാവരും ഒരേ ലക്ഷ്യത്തോടെ നടക്കണം. അവരോടൊപ്പം അവർ നേതൃത്വം കൊടുക്കുന്ന പ്രാദേശിക സഭകളായ രൂപതകളും, അതായത് വൈദികരും സമർപ്പിതരും എല്ലാം അടങ്ങുന്ന ദൈവജനം മുഴുവൻ ഉണ്ടാകണം. പരസ്പരം തർക്കിക്കുന്നവരെയും കലഹിക്കുന്നവരെയും ഒരുമിച്ച് കൊണ്ടു നടക്കുക എന്നതിലുപരി സഭയിൽ ദൈവേഷ്ടം വിവേചിച്ചറിഞ്ഞ് എല്ലാവരും ഒരേ ലക്ഷ്യത്തോടെ, ഒരേ സ്ഥലത്തേക്ക് നടക്കുക എന്നാണതിനർത്ഥം. അതിൽ എല്ലാവർക്കും തുല്യ ഉത്തരവാദിത്വമാണുള്ളത്. കാരണം അത് കത്തോലിക്കാ വിശ്വാസത്തിന്റെ അവിഭാജ്യ ഘടകമാണ്. ആ ഉത്തരവാദിത്വത്തെപ്പറ്റി

യുള്ള ഒരു ഓർമ്മപ്പെടുത്തലാണ് പരിശുദ്ധ പിതാവിന്റെ കത്തിലെ അഭിസംബോധന.

**ഏകകണ്ഠമായ തീരുമാനം എപ്പോഴും സാദ്ധ്യമല്ല**

ഒരു സമൂഹത്തിൽ എല്ലാവരുടെയും ആശയങ്ങൾക്കനുസരിച്ച് ഒരുമിച്ചുള്ള നടത്തം സാദ്ധ്യമാണെന്ന് ആരെങ്കിലും ചിന്തിച്ചാൽ അത് അടിസ്ഥാനമില്ലാത്തതാണ് എന്ന് പറയാതെ നിവൃത്തിയില്ല. മാത്രമല്ല, 40 ലക്ഷത്തോളം അംഗങ്ങളുള്ള സീറോ മലബാർ സഭയിലെ എല്ലാവരോടും ആലോചിക്കുന്നതും പ്രായോഗികമല്ല. ഏറ്റവും ആദർശപരമായ ജനാധിപത്യത്തിൽ പോലും ജനങ്ങളുടെ പ്രതിനിധികളുമായി ആലോചിച്ച് അവരുടെ പൊതു അഭിപ്രായം കണക്കിലെടുത്ത് തീരുമാനങ്ങൾ എടുക്കാനേ പ്രായോഗികമായി സാധിക്കുകയുള്ളു. അതേ സമയം വിശുദ്ധ ഗ്രന്ഥവും സഭാപ്രബോധനങ്ങളും വിശ്വാസസത്യങ്ങളും എല്ലാം പലരും വ്യത്യസ്തരീതികളിൽ വ്യാഖ്യാനിക്കുമെങ്കിലും ആത്യന്തികമായി അവയെല്ലാം ഔദ്യോഗിക പ്രബോധനത്തിന് കീഴ്പ്പെടണം എന്നതാണല്ലോ കത്തോലിക്കാ വിശ്വാസം. അതുകൊണ്ടാണ് ഏകീകൃതരീതിയെ എതിർത്തവർ പോലും പരമോന്നതാധികാരിയുടെ നിർദ്ദേശങ്ങൾക്ക് വിധേയപ്പെടണം എന്ന് പറയുന്നത്.

കക്ഷിതാത്പര്യങ്ങളും മുൻവിധികളും പലപ്പോഴും യാഥാർത്ഥ്യത്തെ കാണുന്നതിൽ നിന്ന് മനുഷ്യരെ തടയും എന്നത് കർത്താവിന്റെ ശിഷ്യന്മാരുടെ ജീവിതത്തിൽ നിന്ന് മനസ്സിലാക്കാം. നിരാശരായി എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരുടെ കണ്ണുകൾ *അവനെ തിരിച്ചറിയാൻ കഴിയാത്ത വിധം മൂടപ്പെട്ടിരുന്നു* (ലൂക്കാ 24:16). അവിടുന്ന് വിശുദ്ധ ലിഖിതങ്ങൾ വിശദീകരിച്ച് കൊടുത്തപ്പോഴാണ് അവരുടെ ഹൃദയങ്ങൾ ജ്വലിച്ചതും കണ്ണുകൾ തുറന്നതും തിരിച്ച് മറ്റ് ശിഷ്യന്മാരുടെ കൂട്ടായ്മയിലേക്ക് മടങ്ങിപ്പോയതും. പരിശുദ്ധ പിതാവിന്റെ ഉപദേശത്തിൽ കർത്താവിന്റെ വചനങ്ങൾ തിരിച്ചറിയാൻ കഴിഞ്ഞാലേ സീറോ മലബാർ സഭയിൽ ഒരു തിരിച്ച് നടത്തം സാദ്ധ്യമാകുകയുള്ളു.

**1989 ലെ വാഗ്ദാനം**

ഇപ്പോൾ നിലവിലിരിക്കുന്ന കുർബാനക്രമം അംഗീകരിച്ച് നടപ്പാക്കിക്കൊണ്ട് പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയ ത്തിൽ നിന്ന് 1989 ഏപ്രിൽ മാസം 3 ന് പുറപ്പെടുവിച്ച ഡിക്രി (Prto, N. 655/65) പ്രകാരം ആ ഡിക്രി ഒപ്പു വയ്ക്കപ്പെട്ട 1985 ഡിസംബർ മാസം 19 മുതൽ അഞ്ച് വർഷത്തേക്ക് ആ കുർബാനക്രമത്തിൽ മാറ്റമൊന്നും വരുത്താൻ പാടില്ല എന്നും അതിന് ശേഷം സീറോ മലബാർ ബിഷപ്പ്സ് കോൺഫ്രൻസിന് (ഇപ്പോഴത്തെ സിനഡിന്) കുർബാന തക്സ സംബന്ധമായ പരിഷ്കരണങ്ങളും ഭേദഗതി കളും ഐഛികമാക്കേണ്ട ഭാഗങ്ങളും കാര്യാലയത്തിന് സമർപ്പി ക്കാവുന്നതാണ് എന്നും സൂചിപ്പിച്ചിരുന്നു. ഇതിന്റെ ചുവട് പിടിച്ച് 1994 ൽ എല്ലാ രൂപതകളിൽ നിന്നും വിവിധ സമിതികളിൽ ചർച്ച ചെയ്ത് ക്രോഡീകരിച്ച അഭിപ്രായങ്ങൾ അഭിവന്ദ്യ കാട്ടുമന പിതാവിന് അയക്കുകയും അദ്ദേഹം അത് പൗരസ്ത്യ കാര്യാലയ ത്തിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. നിർഭാഗ്യവശാൽ അതേ ത്തുടർന്ന് അദ്ദേഹം പൊടുന്നനവെ മരിക്കുകയും കാര്യങ്ങൾ മുന്നോട്ട് നീങ്ങാതാവുകയും ചെയ്തു. എന്നാൽ ആ അഭിപ്രായ ങ്ങളുടെയും പിന്നീട് റോമിൽ നടന്ന സിനഡിലും മറ്റ് സിനഡൽ സമി തികളിലും അവതരിപ്പിക്കപ്പെട്ട ആശയങ്ങളുടെയും എല്ലാം വെളിച്ച ത്തിലാണ് 1999 ൽ സിനഡ് തീരുമാനം എടുത്തതും അത് പരിശുദ്ധ സിംഹാസനം അംഗീകരിച്ചതും.

പുനരുദ്ധാരണം, അനുരൂപണം, നവീകരണം എന്ന രീതിയി ലുള്ള ഒരു സമീപനമാണ് പരിശുദ്ധ സിംഹാസനം നമ്മുടെ ആരാധന ക്രമവിഷയത്തിൽ സ്വീകരിച്ച നയം. ഇക്കാര്യം അഭിവന്ദ്യ കാട്ടു മന പിതാവിന്റെ നിയമന സമയത്ത് കൊടുത്തിരുന്ന നിർദ്ദേശ ങ്ങളിലും സൂചിപ്പിച്ചിരുന്നു. എന്നാൽ രൂപതകളിൽ നിന്ന് ലഭിച്ച അഭിപ്രായങ്ങളിൽ തികച്ചും പുതിയ കുർബാനക്രമങ്ങൾ തന്നെ അവതരിപ്പിച്ചിരുന്നു എന്നത് ശ്രദ്ധേയമാണ്. അത്തരം ക്രമങ്ങൾ യാതൊരു കാരണവശാലും അംഗീകരിക്കപ്പെടുകയില്ല എന്ന് പറ യേണ്ടതില്ലല്ലൊ. കാരണം അങ്ങനെ ഓരോരുത്തർക്കും ഇഷ്ടാനു

സരണം നിർമ്മിച്ചെടുക്കാവുന്നതല്ല ആരാധനക്രമം. അത് എപ്പോഴും ഭൂതകാലവുമായി ബന്ധപ്പെട്ട് തന്നെ നില്ക്കുന്നതാണ്.

**സഭയുടെ അഭിപ്രായം എങ്ങനെ അറിയാം?**

കൂട്ടായ പരിചിന്തനത്തിലൂടെ ദൈവജനത്തിന്റെ അഭിപ്രായം വിവേചിച്ചറിയുന്നതിന് സീറോ മലബാർ സഭയിൽ വ്യവസ്ഥാപിത മായ വേദികളുണ്ട്. ആ വേദികളിൽ ഏറ്റവും പ്രധാനപ്പെട്ടത് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി തന്നെയാണ്. അതിൽ സഭാംഗ ങ്ങളുടെ എല്ലാ വിഭാഗങ്ങളും പ്രതിനിധീകരിക്കപ്പെടുന്നുണ്ട്. അരുടെ സ്വരം ദൈവജനത്തിന്റെ സ്വരം തന്നെയാണ്. ഇതുവരെ നടന്ന എല്ലാ അസംബ്ലികളിലും വി. കുർബാനയർപ്പണത്തിൽ സിനഡ് കൈക്കൊണ്ട ഏകീകൃതരീതിഎത്രയും വേഗം എല്ലാരൂപത കളിലും നടപ്പാക്കണം എന്ന് പങ്കെടുത്തവർ വളരെ ശക്തമായി ആവശ്യപ്പെടുകയുണ്ടായി. എല്ലാ രൂപതകളുടെയും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമാരുടെ യോഗത്തിലും ഇതേ ആവശ്യം തന്നെ ഉന്നയിക്കപ്പെടുകയുണ്ടായി. രണ്ട് രൂപതകളിൽ നിന്നുള്ള വർ മാത്രമാണ് വ്യത്യസ്തമായ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത് എന്നതും എടുത്തു പറയേണ്ടതുണ്ട്.

**നടത്തത്തിന്റെ ലക്ഷ്യം മനസ്സിലാക്കുക**

എന്താണ് ലക്ഷ്യം എന്ന് എല്ലാവരും ശരിയായി മനസ്സിലാ ക്കിയിട്ടില്ലെങ്കിൽ ഒരുമിച്ചുള്ള നടത്തം പ്രയാസമാകും. മലയാ റ്റൂർക്കും മറ്റും ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് തീർത്ഥാ ടകർ കാൽനടയായി പോകാറുണ്ടല്ലോ. അങ്ങനെ പോകുന്നവ ർക്ക് ആശയപരമായുള്ളതോ മറ്റേതെങ്കിലും തരത്തിലുള്ളതോ ആയ എന്തെല്ലാം വ്യത്യാസങ്ങളുണ്ടെങ്കിലും പരസ്പരം അറി യാത്തവരാണെങ്കിലും ഒരുമിച്ച് നടക്കുന്നതിന് പ്രയാസമില്ല. കാരണം അവർക്കെല്ലാം ഒരേ ഒരു ലക്ഷ്യമേയുള്ളു: *മലയാറ്റൂർ മലമുകളിലെത്തി പ്രാർത്ഥിച്ച് മടങ്ങുക.* ഈശോയ്ക്ക് തന്റെ മനു ഷ്യാവതാരലക്ഷ്യം വളരെ വ്യക്തമായിരുന്നതുകൊണ്ടാണ്, പ്രലോഭ നങ്ങളെ, പിതാവ് കൊടുത്ത കാസ കുടിക്കുന്നതിൽ നിന്ന് ഒഴിഞ്ഞു മാറാനുള്ള പ്രലോഭനമടക്കമുള്ളവയെ, അതിജീവിക്കാൻ കഴി ഞ്ഞത്. തന്റെ ശിഷ്യന്മാർ എല്ലാവരും തന്നെ വിട്ടുപേക്ഷിച്ച

പ്പോഴും ലക്ഷ്യത്തിൽ നിന്ന് മാറാതെ നിലക്കാനുള്ള ശക്തി കിട്ടി യതും അതിൽ നിന്ന് തന്നെയാണ്.

**എതിർപ്പുകൾ എന്നും ഉണ്ടായിരുന്നു**

ദൈവജനത്തിന്റെ ജീവിതത്തിൽ ദൈവം തെരഞ്ഞെടുത്ത നേതൃത്വത്തെ എതിർത്തവരും അംഗീകരിക്കാത്തവരും എന്നും ഉണ്ടായിരുന്നു. ഇത്തരുണത്തിൽ സംഖ്യയുടെ പുസ്തകത്തിൽ വിവരിച്ചിരിക്കുന്ന ഒരു സംഭവം പ്രസക്തമാണ്. അവിടെ നാം ഇപ്രകാരം വായിക്കുന്നു: *ലേവിയുടെ മകനായ കൊഹാത്തിന്റെ മകൻ ഇസ്ഹാറിന്റെ മകനായ കോറഹും, റൂബൻ ഗോത്രത്തിലെ ഏലിയാബിന്റെ പുത്രന്മാരായ ദാത്താൻ, അബീറാം എന്നിവരും പെലെത്തിന്റെ മകൻ ഓനും, ഇസ്രായേൽ സമൂഹത്തിലെ നേതാക്കളും തെരഞ്ഞെടുക്കപ്പെട്ടവരും പ്രസിദ്ധരുമായ ഇരുന്നൂറ്റമ്പത് പേരും മോശയെ എതിർത്തു. അവർ മോശക്കും അഹറോനും എതിരെ ഒരുമിച്ച് കൂടി പറഞ്ഞു. ''നിങ്ങൾ അതിരു വിട്ടു പോകുന്നു. സമൂഹം ഒന്നൊഴിയാതെ എല്ലാവരും വിശുദ്ധരാണ്. കർത്താവ് അവരുടെ മദ്ധ്യേ ഉണ്ട്. പിന്നെന്തിന് നിങ്ങൾ കർത്താവിന്റെ ജനത്തിനുമീതെ നേതാക്കന്മാരായി ചമയുന്നു?''* (സംഖ്യ 16: 13)...

*അനന്തരം ഏലിയാബിന്റെ മക്കളായ ദാത്താനെയും അബീറാമിനെയും വിളിക്കാൻ മോശ ആളയച്ചു. എന്നാൽ വരില്ലെന്ന് അവർ പറഞ്ഞു. മരുഭൂമിയിൽ വച്ച് കൊല്ലേണ്ടതിന് തേനും പാലും ഒഴുകുന്ന നാട്ടിൽ നിന്ന് ഞങ്ങളെ കൊണ്ടു വന്നത് നിനക്ക് മതിയായില്ലെ? ഞങ്ങളുടെ അധിപതി ആകാൻ ശ്രമിക്കുക കൂടി ചെയ്യുന്നോ? മാത്രമല്ല നീ ഞങ്ങളെ തേനും പാലും ഒഴുകുന്ന ദേശത്ത് എത്തിച്ചില്ല. നിലങ്ങളും മുന്തിരിത്തോട്ടങ്ങളും കൈവശപ്പെടുത്തി തന്നതുമില്ല. ഇവരെ അന്ധരാക്കാമെന്നാണോ ഭാവം? ഞങ്ങൾ വരുകയില്ല.* (16: 1214). ... *കോറഹ് സമൂഹത്തെ മുഴുവൻ സമാഗമ കൂടാരവാതില്ക്കൽ മോശക്കും അഹറോനും എതിരെ ഒരുമിച്ച് കൂട്ടി* (19).

അവരുടെ അന്ത്യം എന്തായിരുന്നു എന്ന് തുടർന്നുള്ള ഭാഗം പറയുന്നുണ്ട്. ... *മോശ ഇത് പറഞ്ഞ് കഴിഞ്ഞപ്പോഴേക്കും അവർക്ക്*

*താഴെ നിലം പിളർന്നു. ഭൂമി വാ പിളർന്ന് കോറഹിനെയും അനുചരന്മാരെയും അവരുടെ കുടുംബാംഗങ്ങളോടും വസ്തുവകകളോടും കൂടെ വിഴുങ്ങിക്കളഞ്ഞു* (16:31). കർത്താവിനെതിരെ സംഘടിച്ച ആരെയും കാനാൻ ദേശത്ത് കടക്കാൻ അവിടുന്ന് അനുവദിച്ചില്ല. കാനാൻ ദേശത്തിന്റെ അതിർത്തിയിൽ എത്തിയെങ്കിലും അവരെല്ലാം മരിച്ച് തീരുന്നതു വരെ 40 വർഷക്കാലം അവർക്ക് മരുഭൂമിയിലൂടെ അലയേണ്ടി വന്നു. ഇതെല്ലാം ദൈവം തന്റെ തെരഞ്ഞെടുക്കപ്പെട്ടവർക്ക് കൊടുക്കുന്ന പാഠങ്ങളാണ്.

## ലക്ഷ്യമറിയാത്ത ശിഷ്യന്മാർ

കർത്താവിന്റെ ശിഷ്യഗണത്തിൽ ലക്ഷ്യമറിയാതെ വഴി തെറ്റിയവരുണ്ടായിരുന്നു. ചിലർ ശരിയായ വഴിയിലേക്ക് തിരിച്ചു വന്നു; മറ്റ് ചിലരാകട്ടെ തെറ്റായ വഴികളിലൂടെ തന്നെ നടത്തം തുടർന്നു. പത്രോസ് കർത്താവിനെ വഴി തിരിച്ച് വിടാൻ ശ്രമിച്ചു. യാക്കോബും യോഹന്നാനും കർത്താവ് രാജാവാകുമ്പോൾ ഇടത്തും വലത്തും ഇരിക്കാനുള്ള വരം ചോദിച്ചു. അവിടുത്തെ ഉത്ഥാനത്തിന് ശേഷവും ഇങ്ങനെ തന്നെ അവർ ചിന്തിച്ചിരുന്നു (നട. 1:6). കർത്താവ് വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവ് അവരിൽ ആവസിച്ചപ്പോൾ മാത്രമാണ് അവർക്ക് അവിടുത്തെ ലക്ഷ്യം ശരിയായി മനസ്സിലായതും തിരിച്ച് നടന്നതും.

എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർക്ക് അവിടുത്തെയും അവിടുത്തെ ലക്ഷ്യത്തെയും മനസ്സിലാക്കാൻ കഴിഞ്ഞത് അവിടുത്തോടൊപ്പം വചനവും അപ്പവും മുറിച്ചപ്പോൾ മാത്രമാണ് എന്ന് മുകളിൽ പറഞ്ഞല്ലൊ. അപ്പം മുറിക്കൽ അവിടുന്ന് കുരിശിൽ സ്വയം ദാനം ചെയ്തതിന്റെയും ലോകത്തെ പാപത്തിൽ നിന്ന് മോചിച്ച് നഷ്ടപ്പെട്ട പറുദീസാനുഭവം തിരികെ കൊടുക്കാനുള്ള ദൗത്യനിർവഹണത്തിന്റെയും മുന്നവതരണമായിരുന്നു. ഇന്ന് വി. കുർബാനയർപ്പണത്തിൽ പുനരവതരിപ്പിക്കപ്പെടുന്നതും അത് തന്നെയാണ്. അത് കേവലമൊരു ഭക്ഷണമോ വിരുന്നോ അല്ല എന്നും നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. അത് സ്വർഗ്ഗരാജ്യ

ത്തിൽ കർത്താവിനോടൊപ്പം ഭക്ഷണത്തിരിക്കാനുള്ള അവശ്യ വ്യവസ്ഥയാണ്.

**വഴി തെറ്റി നാശത്തിലേക്ക് പതിച്ചവൻ**

മറ്റ് ശിഷ്യന്മാരിൽ നിന്നെല്ലാം വ്യത്യസ്തനായി യൂദാസാകട്ടെ കർത്താവിനെ തന്റെ സ്വന്തം ലക്ഷ്യത്തിലേക്ക് കൊണ്ടുപോകാൻ ശ്രമിച്ച് പരാജയപ്പെട്ടു, നാശത്തിലേക്ക് നീങ്ങിയവരുടെ പ്രതിനിധിയായി അവൻ നിലകൊള്ളുന്നു. അവൻ ഈശോയുടെ തിരുശരീരരക്തങ്ങൾ അവിടുത്തെ കരങ്ങളിൽ നിന്ന് തന്നെ സ്വീകരിച്ചെങ്കിലും അവന്റെ ഉള്ളിൽ പിശാച് കയറുകയാണ് ചെയ്തത്. മാത്രമല്ല അവൻ പ്രകാശത്തിലേക്ക് പോകാതെ ഇരുട്ടിന്റെ മറവിലേക്കാണ് പോയത്. കാരണം തന്റെ ലക്ഷ്യത്തിലേക്ക് ഈശോയെ വലിച്ചിഴക്കാനായിരുന്നു അവന്റെ ശ്രമം. അത് നടക്കാതെ വന്നപ്പോൾ ഗുരുവിനെ മുപ്പത് വെള്ളിക്കാശിന് വില്ക്കാനും അവൻ മടിച്ചില്ല.

ഈശോ തെറ്റൊന്നും ചെയ്തില്ല എന്നും അവനറിയാമായിരുന്നു. തന്റെ കൂടെ നിന്നവർ എന്ന് അവൻ വിശ്വസിച്ച പ്രധാനപുരോഹിതനും ഫരിസേയന്മാരും അവനോട് സ്നേഹം കാണിച്ച് അവന് പണം കൊടുത്തത് അവരുടെ ശത്രുവായ ഈശോയെ നശിപ്പിക്കാനായിരുന്നു. നിർഭാഗ്യവശാൽ അവനത് മനസ്സിലായത് *അതിന് ഞങ്ങൾക്കെന്ത്? അത് നിന്റെ കാര്യമാണ്* (മത്തായി 27: 4) എന്ന അവരുടെ പ്രതികരണം കേട്ടപ്പോഴാണ്. പക്ഷേ അപ്പോഴേയ്ക്കും കാര്യങ്ങൾ കൈവിട്ട് പോയിക്കഴിഞ്ഞിരുന്നു. *വെള്ളി നാണയങ്ങൾ ദൈവാലയത്തിലേക്ക് വലിച്ചെറിഞ്ഞിട്ട് അവൻ പോയി കെട്ടി ഞാന്നു ചത്തു* (മത്താ. 27:5) ആരാധനക്രമവിവാദത്തിലും ഇതുപോലെയുള്ള ചില അപകടങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്. അവക്കെതിരെ നമ്മൾ ജാഗരൂകരാകണം. കർത്താവിന്റെ മൗതികശരീരമായ സഭയെ നശിപ്പിക്കാൻ വ്രതമെടുത്ത് ഇറങ്ങിയവരുടെ കുതന്ത്രങ്ങളെ നാം കരുതിയിരിക്കണം. നമ്മുടെ ഉൾവഴക്കുകളെ അവർ സമർത്ഥമായി ഉപയോഗപ്പെടുത്തും.

**പരിശുദ്ധ അമ്മയുടെ മാതൃക**

ശിഷ്യരിൽ നിന്നെല്ലാം തികച്ചും വ്യത്യസ്തയായി പരിശുദ്ധ അമ്മ തുടക്കം മുതൽ തന്നെ *ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ* (ലൂക്കാ 1:38) എന്ന് പറഞ്ഞ് സ്വയം ദൈവേഷ്ടത്തിന് വിട്ടു കൊടുത്തു. ലക്ഷ്യം മനസ്സിലാകാത്ത വേളയിൽ എല്ലാം മനസ്സിൽ സംഗ്രഹിച്ചു വച്ചു (ലൂക്കാ 2:51). അവസാനം കുരിശിൻ ചുവട് വരെ അമ്മ എത്തി. തന്റെ പുത്രന്റെ ദാരുണ മരണശേഷവും അവിടുത്തെ ശിഷ്യന്മാരോടോത്ത് പരിശുദ്ധാത്മാവിന്റെ വരവിനായി സെഹിയോൻ മാളികയിലും കാത്തിരുന്നു. *അവർ ഏകമനസ്സോടെ യേശുവിന്റെ അമ്മയായ മറിയത്തോടും മറ്റ് സ്ത്രീകളോടും അവന്റെ സഹോദരന്മാരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു* (നടപടി 1:14). രക്ഷാകര പ്രക്രിയയുടെ ഭാഗമായ കത്തോലിക്കാ സഭയും സഭാപാരമ്പര്യങ്ങളും ദൈവികമായ ഇടപെടലിന്റെ ഭാഗമായി പരിഗണിക്കാൻ വിശ്വാസവെളിച്ചത്തിൽ ചരിക്കുന്നവർക്കേ കഴിയുകയുള്ളു.

**ലക്ഷ്യത്തിൽ വ്യക്തത കൈവരിക്കുക**

ലക്ഷ്യം സംബന്ധിച്ചുള്ള വ്യക്തതക്കുറവാണ് നമ്മുടെ സഭയിലെ പ്രധാന പ്രശ്നം എന്ന് ഒരർത്ഥത്തിൽ പറയാവുന്നതാണ്. ഈശോ ആരെയും തന്റെ കൂടെ നടക്കാൻ നിർബന്ധിക്കുന്നില്ല. പക്ഷെ നടക്കുന്നവർ അവിടുത്തെ ലക്ഷ്യം കൃത്യമായി മനസ്സിലാക്കണം എന്ന് നിർബന്ധമുണ്ടായിരുന്നു. അവിടുത്തെ വചനങ്ങൾ ഗ്രഹിക്കാൻ പ്രയാസമാണ് എന്ന് പറഞ്ഞ് പിരിഞ്ഞ് പോയ ശിഷ്യന്മാരെ അവിടുന്ന് തിരിച്ച് വിളിക്കുകയല്ല ചെയ്തത്. പ്രത്യുത, പത്രോസിനോടും മറ്റ് ശ്ലീഹന്മാരോടും ''നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ'' എന്നാണ് അവിടുന്ന് ചോദിക്കുകയാണ് ചെയ്തത്. അവിടുത്തെയും അവിടുത്തെ ലക്ഷ്യത്തെയും മനസ്സിലാക്കാൻ കഴിയുന്നത് അവിടുത്തോടൊപ്പം അതായത് അവിടുത്തെ മൗതികശരീരമായ സഭയോടൊപ്പം വചനവും അപ്പവും മുറിക്കുമ്പോൾ മാത്രമാണ്. അപ്പോഴേ തങ്ങളുടെ തനതായ ലക്ഷ്യങ്ങളിൽ നിന്ന് മാറി ദൈവജനത്തോടൊപ്പം സഭാത്മക നടത്തത്തിൽ പങ്ക് ചേരാൻ കഴിയുകയുള്ളൂ.

**എന്തുകൊണ്ട് ഏകീകൃത രീതി നടപ്പാക്കണം?**

എന്തിനാണ് സിനഡിന്റെ തീരുമാനം നടപ്പിലാക്കാൻ പരിശുദ്ധ പിതാവ് ആവശ്യപ്പെടുന്നത് എന്നും അദ്ദേഹം കത്തിൽ പറയുന്നുണ്ട്. അത് നമ്മുടെ സഭയിൽ കൂടുതൽ നന്മയും ഐക്യവും ഉണ്ടാകാനാണ്. മാത്രമല്ല ഇതിലൂടെ നമ്മുടെ സഭയിൽ പരസ്പര യോജിപ്പും സാഹോദര്യവും ഐക്യവും പരിശുദ്ധാത്മാവ് വളർത്തും എന്നും അദ്ദേഹം പ്രത്യാശിക്കുന്നു. അതിനായി നാമോരുത്തരും നമ്മുടെ ഹൃദയവാതിലുകൾ പരിശുദ്ധാത്മാവിനായി തുറന്നിടണം. ഐകരൂപ്യത്തിലൂടെ ഐക്യം ഉണ്ടാകുകയില്ല എന്നും മറ്റും വിമർശനങ്ങൾ ഉയരുന്ന സാഹചര്യത്തിൽ പരിശുദ്ധ പിതാവിന്റെ ഈ പ്രസ്താവന ഗൗരവപൂർവം നമ്മൾ കാണേണ്ടതുണ്ട്.

**വി. കുർബാനയർപ്പണത്തിൽ ഐകരൂപ്യം ഇല്ലെങ്കിൽ എന്താണ് പ്രശ്നം?**

**ഔദ്യോഗിക പ്രബോധനങ്ങളെ അറിയുക**

രണ്ടാം വത്തിക്കാൻ സൂനഹദോസ് പൗരസ്ത്യ സഭകളെപ്പറ്റി പഠിപ്പിക്കുന്നത് ഇപ്രകാരമാണ്:

*ഓരോ വ്യക്തി സഭയുടെയും അഥവാ റീത്തിന്റെയും പാരമ്പര്യങ്ങൾ ഭദ്രമായും അഭംഗുരമായും നിലനില്ക്കണമെന്നതാണ് കത്തോലിക്കാ സഭയുടെ ലക്ഷ്യം* (പൗരസ്ത്യ സഭകൾ നമ്പർ 2).

*എല്ലാ വൈദികരും തിരുപ്പട്ട സ്ഥാനാർത്ഥികളും റീത്തുകളെപ്പറ്റി റീത്തുകൾ തമ്മിലുള്ള ബന്ധങ്ങളുടെ പ്രായോഗിക നിയമങ്ങളെപ്പറ്റി പ്രത്യേകിച്ചും ശരിയായി പരിശീലിപ്പിക്കപ്പെടണം. മാത്രമല്ല, അല്മായരും മതപാഠപരിശീലനത്തിൽ റീത്തുകളെപ്പറ്റിയും അവയുടെ നിയമങ്ങളെപ്പറ്റിയും പഠിപ്പിക്കപ്പെടണം. എല്ലാ കത്തോലിക്കരും, ഓരോ കത്തോലിക്കാ വ്യക്തിയും, അകത്തോലിക്കാ സഭയിലോ സമൂഹത്തിലോ മാമ്മോദീസാ സ്വീകരിച്ച് കത്തോലിക്കാ കൂട്ടായ്മയുടെ പൂർണ്ണതയിലേക്ക് വരുന്നവരും, ലോകത്തിലെവിടെയായാലും സ്വന്തം റീത്ത് നിലനിർത്തുകയും അത് സംരക്ഷിക്കുകയും കഴിവിനൊത്ത് അത് പാലിക്കുകയും ചെയ്യണം* (നമ്പർ 4).

*എല്ലാ പൗരസ്ത്യരും സ്വന്തം നിയമാനുസൃതമായ ആരാധനക്രമരീതികളും ശിക്ഷണക്രമവും കടപ്പെട്ടിരിക്കുന്നു എന്നും നൈസർഗ്ഗികവും ജീവാത്മകവുമായ പുരോഗതിക്ക് വേണ്ടിയല്ലാതെ ഒരു വ്യതിയാനവും അവയിൽ വരുത്താൻ പാടില്ലെന്നും അറിയുകയും സുനിശ്ചിതമായി ബോദ്ധ്യപ്പെടുകയും ചെയ്യട്ടെ. അതുകൊണ്ട് ഇവയെല്ലാം പരമാവധി വിശ്വസ്തതയോടെ പൗരസ്ത്യരാൽ തന്നെ പാലിക്കപ്പെടണം. ഇക്കാര്യങ്ങൾ സംബന്ധിച്ച് അനുദിനം കൂടുതൽ അറിവ് നേടുകയും പൂർണ്ണമായി ആചരിക്കുകയും വേണം. കാലങ്ങളുടെയും വ്യക്തികളുടെയും സാഹചര്യങ്ങളാൽ അനുചിതമായി വ്യതിചലിച്ചിട്ടുണ്ടെങ്കിൽ പൂർവിക പാരമ്പര്യങ്ങളിലേക്ക് തിരികെപ്പോകാൻ അവർ തീവ്രയത്നം ചെയ്യട്ടെ* (നമ്പർ 6).

ഈ പ്രബോധനങ്ങൾ പൗരസ്ത്യ സഭകളുടെ കാനൻ നിയമസംഹിതയിൽ താഴെപ്പറയും പ്രകാരം നിയമമാക്കിയിരിക്കുന്നു:

ഓരോ സ്വയാധികാരസഭയിലും പെട്ട വിശ്വാസികൾക്ക് *തങ്ങളുടെ സ്വയാധികാര സഭയുടെ നിബന്ധനകൾക്കനുസരിച്ച് ദൈവാരാധന നടത്തുന്നതിനും സഭയുടെ പ്രബോധനങ്ങൾക്കനുസൃതമായി തങ്ങളുടെ ആദ്ധ്യാത്മിക ജീവിതരീതി പിൻചെല്ലുന്നതിനും ക്രൈസ്തവവിശ്വാസികൾക്ക് അവകാശമുണ്ട്* (കാനൻ 17).

*സ്വയാധികാരസഭകളുടെ തലവന്മാരായ മേലദ്ധ്യക്ഷന്മാരും മറ്റ് മേലദ്ധ്യക്ഷന്മാരും തങ്ങളുടെ റീത്തിന്റെ വിശ്വസ്തതാപൂർവമായ സംരക്ഷണവും കൃത്യമായ പാലനവും ഏറ്റവും ശ്രദ്ധാപൂർവം ഉറപ്പ് വരുത്തേണ്ടതാണ്. ജീവാത്മക വളർച്ചക്കല്ലാതെ അവർ അതിൽ മാറ്റങ്ങൾ അനുവദിക്കരുത്. മറ്റ് പുരോഹിത ശുശ്രൂഷികളും സമർപ്പിതജീവിത സമൂഹങ്ങളിലെ അംഗങ്ങളും തങ്ങളുടെ റീത്ത് വിശ്വസ്തതാപൂർവം അനുഷ്ഠിക്കാനും അതിനെപ്പറ്റി കൂടുതലായി അറിവും അതിന്റെ കൂടുതൽ പൂർണ്ണമായ പാലനവും ദിവസേന നേടിയെടുക്കാനും കടപ്പെട്ടിരിക്കുന്നു. മറ്റ് വിശ്വാസികളും തങ്ങളുടെ റീത്തിനെപ്പറ്റിയുള്ള അറിവും മതിപ്പും വളർ*

*ത്തിയെടുക്കേണ്ടതാണ്. നിയമം ഒഴിവ് അനുവദിക്കുന്നില്ലാത്ത പക്ഷം അത് എല്ലായിടത്തും പാലിക്കാനും അവർ കടപ്പെട്ടിരിക്കുന്നു* (കാനൻ 40:13).

**വി. കുർബാന: കത്തോലിക്കാ വിശ്വാസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പരസ്യപ്രഖ്യാപനം**

കുർബാന, നാം വിശ്വസിക്കുന്ന, നമ്മുടെ കർത്താവ് തന്റെ ജീവൻ കൊടുത്ത് പൂർത്തിയാക്കിയ രക്ഷാകരദൗത്യ നിർവഹണത്തിന്റെ പുനരവതരണവും പരമമായ ദൈവാരാധനയുമാണ്. പ്രതീകങ്ങളിലൂടെയാണ് അതുമായി ബന്ധപ്പെട്ട സംഭവങ്ങൾ എല്ലാം നമുക്ക് ദൃഷ്ടിഗോചരമാകുന്നത്. ആ പ്രതീകങ്ങൾ ഓരോന്നിനും വ്യത്യസ്തമായ അർത്ഥങ്ങളാണ് ഓരോ സ്വയാധികാര സഭയിലുമുള്ളത്. ഒരു സ്വയാധികാര സഭയിൽ ലോകത്ത് എല്ലായിടത്തും ഒരേ പ്രതീകങ്ങളും അവയുടെ വ്യാഖ്യാനങ്ങളും ഉണ്ടാകണം എന്നത് വ്യക്തമാണല്ലോ. അവയുടെ അർത്ഥം നന്നായി മനസ്സിലാക്കിയിട്ടുള്ള വിശ്വാസികളുടെ മനസ്സിലേക്ക് വി. കുർബാനയുടെ സമയത്ത് ആ രക്ഷാകര സംഭവങ്ങൾ ഓടിയെത്തുകയും അവയിൽ കൂടുതൽ സജീവമായി ഭാഗഭാക്കാകാൻ സഹായിക്കുകയും ചെയ്യുന്നു. പല ആവശ്യങ്ങൾ പ്രമാണിച്ച് ലോകമെമ്പാടും സഞ്ചരിക്കുകയും താമസസ്ഥലങ്ങൾ മാറുകയും ചെയ്യുന്ന സീറോ മലബാർ വിശ്വാസികൾക്ക് എവിടെ ചെന്നാലും അപരിചിതത്വമില്ലാതെ വി. കുർബാനയിൽ പങ്കെടുക്കണമെങ്കിൽ ഐകരൂപ്യം അത്യന്താപേക്ഷിതമാണ്. കുട്ടികളെ സംബന്ധിച്ച് ഇത് ഏറെ പ്രസക്തമാണ്.

**വി. കുർബാനയെപ്പറ്റിയുള്ള സീറോ മലബാർ ദൈവശാസ്ത്രം**

നമ്മുടെ സഭയുടെ ആരാധനക്രമ പാരമ്പര്യം പൗരസ്ത്യ സുറിയാനി പാരമ്പര്യവുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു എന്ന വസ്തുത പലരും ചോദ്യം ചെയ്യുമെങ്കിലും അതിനപ്പുറമുള്ള ഒന്നിനെപ്പറ്റി നമുക്ക് അറിവില്ല. അതുകൊണ്ടാണ് അതിനനുസരിച്ച് വേണം നമ്മുടെ ആരാധനക്രമം ക്രമീകരിക്കാൻ എന്ന് പരിശുദ്ധ സിംഹാസനം ആവർത്തിച്ച് പ്രഖ്യാപിച്ചിട്ടുത്.

സ്വർഗ്ഗത്തിലേക്കുള്ള ഒരു യാത്രയായാണ് നമ്മുടെ വിശുദ്ധ കുർബാനയെ അവതരിപ്പിച്ചിരിക്കുന്നത്. നമ്മുടെ ആരാധന ക്രമവർഷവും ഇതുപോലെയാണ് ക്രമപ്പെടുത്തിയിരിക്കുന്നത്. കർത്താവിന്റെ ജനനത്തെ അനുസ്മരിക്കുന്ന മംഗളവാർത്താ ക്കാലത്ത് ആരംഭിച്ച് സ്വർഗ്ഗപ്രവേശനത്തിന്റെ ഓർമ്മയായ പള്ളി ക്കൂദാശക്കാലത്താണ് അവസാനിക്കുന്നത്. വിശുദ്ധ കുർബാന യിലും ഇങ്ങനെ തന്നെയാണ് രക്ഷാകരപദ്ധതിയിലെ സംഭവങ്ങൾ അനുസ്മരിക്കപ്പെടുന്നത്. നമ്മുടെ പ്രദിക്ഷണങ്ങൾ പോലും ഈ രീതിയിലാണ് വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നത്.

**വി. കുർബാന കേവലം വിരുന്നല്ല**

വി. കുർബാന കേവലം ഒരു വിരുന്നാണ് എന്ന തെറ്റിദ്ധാ രണ പലർക്കും ഉണ്ട്. നമ്മുടെ കർത്താവ് തന്റെ പീഢാനുഭവത്തി ത്തിനും കുരിശുമരണത്തിത്തിനും മുമ്പ് അക്കാര്യങ്ങൾ മുൻകൂട്ടി തന്റെ ശിഷ്യർക്ക് അനുഭവവേദ്യമാക്കിക്കൊടുക്കുന്ന വേദിയാണ് ആ ഭക്ഷണമേശ. അത് യഹൂദന്മാരുടെ പെസഹാ ഭക്ഷണമായി രുന്നു. ആ ഭക്ഷണമല്ല, പ്രത്യുത ആ സമയത്ത് ഈശോ നിർവ ഹിച്ച രക്ഷണീയ കർമ്മമാണ് പുനരവതരിപ്പിക്കപ്പെടുന്നത്. താൻ ഏറ്റെടുത്ത രക്ഷണീയദൗത്യത്തിന്റെ പൂർത്തീകരണമായ പീഢാ നുഭവം, കുരിശു മരണം, ഉത്ഥാനം, പരിശുദ്ധാത്മാവിനെ അയ ച്ചുകൊണ്ട് ശിഷ്യന്മാർക്ക് കൊടുക്കുന്ന പ്രേഷിതദൗത്യം, തന്റെ ശരീരവും രക്തവും ഭക്ഷണ പാനീയങ്ങളാക്കി മാറ്റി ശിഷ്യർക്ക് കൊടുത്തുകൊണ്ട് അവരെ തന്റെ മൗതികശരീരത്തിന്റെ ഭാഗമാക്കി മാറ്റുന്നത്, ഒരു അടിമയേപ്പോലെ അവകാശവാദങ്ങൾ ഇല്ലാതെ മറ്റു ള്ളവരുടെ പാപമോചനത്തിനായി തന്റെ അനുയായികൾ സ്വയം മുറിക്കപ്പെടുന്നതിന്റെ പ്രതീകമായ കാലുകഴുകൽ തുടങ്ങിയവ യുടെ മുന്നവതരണമാണ് അവിടെ നടന്നത്. അതായത് ഭക്ഷണ മേശ ഈ സംഭവങ്ങളുടെ പശ്ചാത്തലമായി എന്ന് മാത്രം. ചുരുക്ക ത്തിൽ പെസഹാ ഭക്ഷണസമയത്ത്, മുന്നവതരിപ്പിക്കപ്പെട്ട രക്ഷാകര സംഭവങ്ങളുടെ മുഴുവൻ പുനരവതരണമാണ് വിശുദ്ധ കുർബ്ബാന. അതുകൊണ്ടാണ് കേവലമൊരു ഭക്ഷണത്തിന്റെ പരിപ്രേക്ഷ്യ

ത്തിൽ നിന്നുകൊണ്ട് മാത്രം വി. കുർബാനയെ കാണരുത് എന്ന് പറയുന്നുത്.

**ഐകരൂപ്യമില്ലായ്മ സൃഷ്ടിക്കുന്ന പ്രായോഗിക വിഷമതകൾ പൊതു വിശ്വാസപരിശീലനം അസാദ്ധ്യമാകും**

ഐകരൂപ്യമില്ലാത്തിടത്ത് ഒരേ പ്രതീകങ്ങൾ ആയിരിക്കുകയില്ല ഉപയോഗിക്കുന്നത്. അവയുടെ വ്യാഖ്യാനങ്ങളിലും വ്യത്യാസമുണ്ടാകും. തങ്ങളുടെ വിശ്വാസത്തെപ്പറ്റി ശരിയായ കാഴ്ചപ്പാട് നേടുന്നതിൽ നിന്ന് അത് വിശ്വാസികളെ തടയും. ഇളംതലമുറയിലേക്ക് വിശ്വാസം പകർന്നുകൊടുക്കുന്ന പ്രക്രിയയും ദുഷ്ക്കരമായി മാറും. കാരണം പൊതുവായൊരു വിശ്വാസപരിശീലന ഗ്രന്ഥം തയ്യാറാക്കാൻ കഴിയില്ലല്ലൊ. പല രൂപതകളിൽ നിന്ന് വന്ന പ്രവാസികളുള്ള ഭാരതത്തിന് അകത്തും പുറത്തും ഉള്ള പ്രവാസി രൂപതകളിൽ സ്ഥിതി പിന്നെയും വഷളാകും. കാരണം ഇടവകക്കാർ അവരവരുടെ മാതൃരൂപതകളിലെ രീതി വേണമെന്ന് വാശി പിടിക്കും.

പഠനത്തിനായും ജോലിക്കായും അല്ലെങ്കിൽ വിവാഹം മൂലവും മറ്റും നിരന്തരം മാറി മാറി താമസസ്ഥലങ്ങൾ തെരഞ്ഞെടുക്കുന്ന സഭാംഗങ്ങൾ അവർചെല്ലുന്ന ഇടവകകളിൽ എല്ലാം വി. കുർബാനയർപ്പണത്തിൽ വ്യത്യസ്ത പ്രതീകങ്ങളും അവയുടെ വിശദീകരണങ്ങളും ആണെങ്കിൽ എങ്ങനെ അവർക്ക് അവ മറക്കാതിരിക്കാനും അവരുടെ മക്കൾക്കും മക്കളുടെ മക്കൾക്കും പിന്നീട് വരുന്ന തലമുറകൾക്കും എല്ലാം പറഞ്ഞു കൊടുക്കാനും കഴിയും എന്ന് ഗൗരവമായി ചിന്തിക്കേണ്ടതാണ്. മാതാപിതാക്കൾ വ്യത്യസ്ഥരീതികൾ പിൻതുടരുന്ന പല രൂപതകളിലാണെങ്കിൽ അവർ അവരുടെ കുട്ടികൾക്ക് എങ്ങനെ വി. കുർബാനയിലെ പ്രതീകങ്ങളുടെ അർത്ഥം പഠിപ്പിച്ച് കൊടുക്കും? പല രീതികൾ പിൻതുടരുന്ന പല രൂപതകളിൽ മാറി മാറി താമസിക്കേണ്ടി വരുന്ന കുടുംബങ്ങളിലെ കുട്ടികൾ വിശ്വാസപരിശീലന ക്ലാസ്സുകളിൽ പോകുമ്പോൾ വ്യത്യസ്ത വിശദീകരണങ്ങളല്ലെ അവരുടെ അദ്ധ്യാപകരിൽ നിന്ന് കേൾക്കുക? അപ്പോൾ അവരെങ്ങനെ അവരുടെ വിശ്വാസത്തിൽ വേരുറക്കും?

**ഗൾഫ് രാജ്യങ്ങളിലെ പ്രതിസന്ധി**

സീറോ മലബാർ രൂപതകൾ ഇല്ലാത്ത ഗൾഫ് രാജ്യങ്ങളിൽ ലക്ഷക്കണക്കിന് സീറോ മലബാർ വിശ്വാസികളുണ്ട്. അവർ പല രൂപതകളിൽ നിന്നുള്ളവരുമാണ്. വി. കുർബാനയർപ്പണത്തിൽ ഐകരൂപ്യം ഇല്ലാത്തതിനാൽ അവിടെ ഉണ്ടാകുന്ന പ്രശ്നങ്ങൾ ഞാൻ നേരിട്ട് അനുഭവിച്ചിട്ടുണ്ട്. ക്രൈസ്തവരുടെ ആരാധനാനുഷ്ഠാനങ്ങൾ വളരെ നിയന്ത്രിതമോ അല്ലെങ്കിൽ ഒട്ടും തന്നെ അനുവദിച്ചിട്ടില്ലാത്തതോ ആണ് പല രാജ്യങ്ങളും. നിർഭാഗ്യവശാൽ വി. കുർബാനയർപ്പണത്തിലെ ഐകരൂപ്യമില്ലായ്മ അവിടങ്ങളിൽ വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

അടുത്തകാലത്ത് സീറോമലബാർ ഒഴികെ മറ്റെല്ലാ പൗരസ്ത്യ സഭകൾക്കും ഗൾഫ് രാജ്യങ്ങളിൽ അവരുടെ സ്വന്തമായ സഭാസംവിധാനങ്ങൾ രൂപീകരിക്കാൻ പരിശുദ്ധ സിംഹാസനം അനുമതി നല്കി. എന്നാൽ സീറോ മലബാറുകാർക്ക് മാത്രം കൊടുത്തില്ല. അതിന് കാരണമായി റോമിൽ നിന്ന് അറിയിച്ചത് നമ്മൾ വി. കുർബാനയർപ്പണത്തിൽ എന്ന് ഐകരൂപ്യം വരുത്തുന്നുവോ അന്ന് മാത്രമേ അത് തരുകയുള്ളു എന്നാണ്. പതിറ്റാണ്ടുകളായി സ്വന്തമായ സഭാസംവിധാനങ്ങൾക്കായി മുറവിളി കൂട്ടുന്ന ആ സഭാംഗങ്ങൾക്ക് വലിയ ആശ്വാസമായിരിക്കും ഇപ്പോഴത്തെ തീരുമാനം. അതുപോലെ തന്നെ യൂറോപ്പ്, ഐർലണ്ട് എന്നിവിടങ്ങളിലെ സീറോ മലബാർ സഭാസമൂഹങ്ങൾക്കും ഇപ്പറഞ്ഞത് പ്രസക്തമാണ്.

**വൈദിക-സമർപ്പിത പരിശീലനം അസാദ്ധ്യമാകും**

ഐകരൂപ്യത്തിന്റെ അഭാവത്തിൽ സെമിനാരികളിലെയും സമർപ്പിത രൂപീകരണ ഭവനങ്ങളിലെയും പരിശീലനം അസാദ്ധ്യമായി മാറും. മേജർ സെമിനാരികളിൽ പല രൂപതകളിൽ നിന്നും സമർപ്പിതസമൂഹങ്ങളിൽ നിന്നുള്ള വൈദികരും സമർപ്പിതരും അല്മായരും അദ്ധ്യാപകരായി ഉണ്ടാകുമല്ലൊ. അപ്പോൾ അവരുടെ മുമ്പിലുള്ള വൈദിക വിദ്യാർത്ഥികൾക്ക് വി. കുർബാനയിലെ പ്രതീകങ്ങളെപ്പറ്റി പഠിപ്പിക്കുമ്പോൾ ഏത് രൂപതയിൽ പിഞ്ചെല്ലു

ന്നവയാണ് പഠിപ്പിക്കേണ്ടത്? ഓരോ രൂപതാംഗവും അവരവരുടെ രൂപതയിലെ വിശദീകരണമല്ലേ കൊടുക്കുകയുള്ളൂ? മാത്രമല്ല കുട്ടികൾ അവരുടെ സ്വന്തം രൂപതയിൽ ചെല്ലുമ്പോൾ അവർ കാണുന്നത് അതായിരിക്കണമെന്നില്ലല്ലോ. അവർ മൈനർ സെമിനാരികളിൽ പഠിച്ചതും വ്യത്യസ്തമായിരിക്കാം. അവർ വൈദികരായി തിരികെ രൂപതയിലെത്തുമ്പോൾ ഏത് വിശദീകരണമാണ് കൊടുക്കുക? സമർപ്പിതരുടെ കാര്യത്തിലും ഇത് പ്രസക്തമാണ്. പല സമർപ്പിതസമൂഹങ്ങൾക്കും വിവിധ രൂപതകളിൽ പരിശീലന ഭവനങ്ങൾ ഉണ്ടാകും. അപ്പോൾ ഏത് രൂപതയിലെ രീതിയാണ് അവർ കുട്ടികളെ പരിശീലിപ്പിക്കേണ്ടത്?

**കേരളത്തിനുള്ളിലെ രൂപതകളിലും വിഭാഗീയത വർദ്ധിക്കും**

ഒരേ രൂപതയിൽ തന്നെ ഏകീകൃതരീതിക്ക് അനുകൂലമായും പ്രതികൂലമായും ഗ്രൂപ്പുകൾ ഉണ്ടാകും എന്ന് ഇപ്പോൾ തന്നെ വ്യക്തമാണ്. അതിനിയും വർദ്ധിക്കാനും സാധ്യതയുണ്ട്. വൈദികർ തന്നെ പല ഗ്രൂപ്പുകളായി തിരിഞ്ഞാൽ ഇടവകകളിൽ കാര്യങ്ങൾ എങ്ങനെയിരിക്കും എന്ന് മനസ്സിലാക്കാൻ വലിയ ഗവേഷണം ആവശ്യമില്ല. ആ സാഹചര്യത്തിൽ രൂപതാ മെത്രാൻ ത്രിശങ്കുവിലാകും എന്നതും വ്യക്തമാണ്. കാരണം ചെയ്യാനായി പരിശുദ്ധ പിതാവ് ആവശ്യപ്പെട്ടിരിക്കുന്ന കാര്യം ചെയ്യരുത് എന്ന് ആരോടെങ്കിലും ആവശ്യപ്പെടാൻ അദ്ദേഹത്തിന് അധികാരമില്ലല്ലോ.

**പൊതുശത്രുവിനെ നേരിടാനുള്ള ശക്തി കുറയും**

കത്തോലിക്കാ സഭയും ക്രൈസ്തവ വിശ്വാസവും വലിയ പ്രതിസന്ധികളിലൂടെയാണ് ഇന്ന് കടന്നു പോകുന്നത്. ഈ പ്രതിസന്ധിയെ അതിജീവിക്കണമെങ്കിൽ കൂട്ടായ ഒരു ഭഗീരഥ പ്രയത്നം തന്നെ വേണം. വിഭജിക്കപ്പെട്ട ഒരു സമൂഹത്തിന് അതൊരിക്കലും സാധിക്കുകയില്ല. ഇത് നല്ലവണ്ണം അറിയാവുന്ന ശത്രുക്കൾ നമ്മുടെ ഇടയിലുള്ള വിഭാഗീയത ഏതു വില കൊടുത്തും നിലനിർത്താൻ മാത്രമല്ല ആളിക്കത്തിക്കാനും

പരിശ്രമിക്കും എന്നത് വ്യക്തമായിക്കഴിഞ്ഞു. അതുകൊണ്ട് എത്ര വേഗം നമ്മുടെ ഇടയിലെ വിഭാഗീയത അവസാനിപ്പുക്കുന്നുവോ അത്ര വേഗം നമ്മുടെ ശത്രുക്കളെ ഫലപ്രദമായി നേരിടാനും നാം പ്രാപ്തരാകും.

**ഉപസംഹാരം**

1993 മെയ് മാസത്തിൽ എറണാകുളത്ത് വച്ച് സീറോ മലബാർ സഭയുടെ ആദ്യത്തെ മേജർ ആർച്ച് ബിഷപ്പിന്റെ സ്ഥാനാരോഹണവും പ്രഥമ സിനഡ് സമ്മേളനത്തിന്റെ ഉദ്ഘാടനവും നടന്ന സമയത്ത് നടത്തപ്പെട്ട ചില പ്രസംഗങ്ങളിൽ നിന്നുള്ള ഉദ്ധരിണികളോടെ ഈ പഠനം അവസാനിപ്പിക്കാം.

*പുനരുദ്ധാരണത്തിനും നവീകരണത്തിനും സാംസ്കാരികാനുരൂപണത്തിനുമൊപ്പം പ്രാധാന്യം നല്കുന്ന സമന്വയത്തിന്റെയും ഐക്യത്തിന്റെയും പാതയായിരിക്കട്ടെ നമ്മുടേത്. ശരിയായ പാരമ്പര്യങ്ങളോട് വിശ്വസ്തത പുലർത്തുന്നതും ലളിതസുന്ദരവും സുഗ്രാഹ്യവും പ്രസക്തവുമായിരിക്കട്ടെ നമ്മുടെ ആരാധനാക്രമം. ഒരു കർത്താവും ഒരു വിശ്വാസവും ഒരു മാമ്മോദീസായും ഏറ്റുപറയുന്ന ഐക്യത്തിന്റെ ആഘോഷമാകട്ടെ നമ്മുടെ ആരാധനാക്രമം* (ബിഷപ്പ് ജോസഫ് കൂണ്ടുകുളം: cfr Synodal News, No. 1, August 1993 p. 19).

*മറ്റ് കിഴക്കൻ സഭകളിലെ പോലെ, സീറോ മലബാർ സഭയിലെ വിശ്വാസികളും അവരുടെ പരമോന്നതനായ ഇടയന് ചുറ്റും, മാർത്തോമ്മാ ശ്ലീഹായുടെ വഴിയിൽ വിശ്വസ്തതയോടെയും ഉത്സാഹത്തോടെയും ഒരുമിക്കട്ടെ. ശ്ലീഹായുടെ വഴി മിശിഹായുടെ വഴി തന്നെയാണ്. സീറോമലബാർ സഭ, ബാബിലോണിയയിൽ നിന്ന് വന്ന അവരുടെ വലിയ ആത്മീയ പൂർവ്വികരിൽ നിന്ന് പാരമ്പര്യമായി ലഭിച്ച ആരാധനാരീതിയിൽ അവനോടൊപ്പം ഐക്യപ്പെടട്ടെ. സീറോ മലബാർ സഭയിലെ ബഹുമാനപ്പെട്ട മെത്രാന്മാർ മേജർ ആർച്ച്ബിഷപ്പിനൊപ്പം എപ്പോഴും ഒന്നായിരിക്കട്ടെ. സീറോ മലബാർ സഭ മുഴുവനും, അതായത്, ബഹുമാനപ്പെട്ട മെത്രാന്മാരും, വലിയ മാതൃകകയായ വൈദികരും, പ്രിയപ്പെട്ട സമർപ്പിതരും,*

*ദൈവജനം മുഴുവനും ഇന്ന് ഒരു പുതിയ തുടക്കം കുറിക്കട്ടെ* (സ്ഥാനാരോഹണച്ചടങ്ങിൽ ഇൻഡ്യയിലെ അന്നത്തെ അപ്പസ്തോലിക്ക് ന്യൂൻഷ്യോ ആർച്ച്ബിഷപ്പ് ജോർജ്ജ് സൂർ cfr. Synodal News, No. 1, August 1993, pp.21).

*ദൈവത്തിന് നന്ദി, സീറോ മലബാർ സഭ, തീക്ഷ്ണമായ ഭക്തിയും നിസ്വാർത്ഥ സേവനവും വിശുദ്ധിയുടെ ഉദാഹരണങ്ങളും നിറഞ്ഞതാണ്. എന്നാൽ അതിന്റെ ക്രിസ്തീയ തീക്ഷ്ണത ചിലപ്പോഴൊക്കെ അതിന്റെ സ്വത്വത്തെക്കുറിച്ചുള്ള സംശയങ്ങൾ മൂലം കളങ്കിതമാക്കപ്പെട്ടു. അവസാനം നമുക്കിപ്പോൾ വലിയ ഒരുമയിലേക്കും ഐക്യത്തിലേക്കും ദൃഷ്ടി പതിപ്പിക്കാം എന്ന് ഞാൻ കരുതുന്നു. ശുഷ്കമായ ചർച്ചകളിൽ ഇനിയും സമയം ചെലവഴിക്കേണ്ടതില്ല. അതിനെയെല്ലാം നമുക്ക് അതിജീവിക്കാം. അതിനുള്ള മാർഗ്ഗങ്ങൾ നമുക്ക് നല്കപ്പെട്ടിരിക്കുന്നു. പൗരസ്ത്യ സഭകളുടെ കാനോനാസംഹിതയും അടുത്ത കാലത്ത് പരിശുദ്ധ പിതാവ് നിങ്ങൾക്കായി തന്നിട്ടുള്ള മറ്റ് ഉപാധികളും അനുസരിച്ച് നിങ്ങൾ മുന്നേറുകയാണെങ്കിൽ പരിശുദ്ധവും സമാധാനപൂർണ്ണവുമായ ഒരുമയും കൂട്ടായ്മയും നിങ്ങൾക്ക് പ്രതീക്ഷിക്കാം.* (ഉദ്ഘാടനച്ചടങ്ങിൽ ആർച്ച്ബിഷപ്പ് ജോർജ്ജ് സൂർ : cfr. Synodal News, No. 1, August 1993, p. 30).

ഏതാണ്ട് മൂന്ന് പതിറ്റാണ്ടുകൾക്ക് മുമ്പ് മേല്പറഞ്ഞ കാര്യങ്ങൾ നമ്മോട് പറഞ്ഞ ആ രണ്ട് പേരും അവരുടെ ഇഹലോകവാസം അവസാനിപ്പിച്ചിട്ട് കാലമേറെയായി. എന്നാൽ അവർ ആശംസിച്ചതും ആഗ്രഹിച്ചതുമായ ഒരുമയിലേക്കും കൂട്ടായ്മയിലേക്കും സാഹോദര്യത്തിലേക്കും എത്താൻ ഇനിയും നമ്മൾ ഏറെ ദൂരം തണ്ടേണ്ടിയിരിക്കുന്നു. അതിനുള്ള ധൈര്യമാണ് തന്റെ ഉപദേശത്തിലൂടെ പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ നമുക്ക് നല്കിയിരിക്കുന്നത്. അദ്ദേഹത്തിന്റെ ഉപദേശം അവഗണിക്കപ്പെടാതിരിക്കട്ടെ.

*********************************

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

നവംബർ 12-ാം തീയതി നമ്മുടെ പ്രിയപ്പെട്ട ജോസഫ് ചൂരയ്ക്കാമറ്റം അച്ചന്റെ ചരമവാർഷികദിനമാണ്. അന്നേദിവസം അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

**വൈദീകരുടെ വാർഷികധ്യാനം**

പ്രിയ ബഹു. അച്ചന്മാരെ,

നേരത്തെ അറിയിച്ചിരുന്നതുപോലെ നമ്മുടെ വാർഷികധ്യാനം ഈ വർഷവും ഓൺലൈനായിട്ടാണ് നടത്തുന്നത്. 2021 നവംബർ രണ്ടാം തീയതി രാവിലെ 9.30ന് ആരംഭിച്ച് 5-ാം തിയതി വൈകുന്നേരം 4.30ന് സമാപിക്കും. വിൻസെൻഷ്യൻ സന്യാസസഭയുടെ കോട്ടയം പ്രൊവിൻഷ്യൽ ആയിരിക്കുന്ന ബഹു. മാത്യു കക്കാട്ടുപ്പിൽ അച്ചനാണ് ധ്യാനം നയിക്കുന്നത്. അച്ചന്മാരെല്ലാവരും ധ്യാനത്തിൽ സംബന്ധിക്കുവാൻ സാധിക്കത്തക്കവിധം മറ്റു പ്രോഗ്രാമുകൾ ക്രമീകരിക്കുമല്ലോ. വാർഷികധ്യാനത്തിനായി നമുക്ക് പ്രാർത്ഥിച്ച് ഒരുങ്ങാം.

**കൂരിയ അവധി**

ബഹുമാനപ്പെട്ട വൈദീകരുടെ വാർഷിക ധ്യാനം പ്രമാണിച്ച് നവംബർ 2 മുതൽ 6 വരെ രൂപത കൂരിയ അവധി ആയിരിക്കും.

**പൗരോഹിത്യം സ്വീകരിക്കുന്നവർ**

ആലുവ മംഗലപ്പുഴ സെമിനാരിയിൽ വൈദീക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ ദേവസ്യ പുലിക്കുന്നേൽ (ക്ലിന്റോ), കുന്നോത്ത് ഗുഡ് ഷെപ്പേർസ് സെമിനാരിയിൽ വൈദീക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ മാത്യു കുമ്പളക്കുഴി (റോബിൻസ്), കോട്ടയം വടവാതൂർ സെമിനാരിയിൽ വൈദീക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ മാത്യു നാക്കുഴിക്കാട്ട് (ജോമിൻ), തൃശ്ശൂർ മേരി മാതാ സെമിനാരിയിൽ വൈദീക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ ഐസക് കാരാമയിൽ (ഷാന്റോ), പൂനെ പേപ്പൽ സെമിനാരിയിൽ വൈദീക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ പീറ്റർ തൊണ്ടിപറമ്പിൽ (കിരൺ), ഷില്ലോംഗ് ഓറിയൻസ് തിയളോജിക്കൽ സെമിനാരിയിൽ

വൈദീക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻമാരായ ജോസ് തേക്കിലക്കാട്ടിൽ (അജയ്), ജോസഫ് വളയത്തിൽ (ആൽബിൻ) എന്നിവർ ഡിസംബർ മാസത്തിൽ തിരുപ്പട്ടം സ്വീകരിക്കാനൊരുങ്ങുന്നു. ഇവർക്ക് എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു. പൗരോഹിത്യ കൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതം. ഇവരെ നമ്മുടെ പ്രാർത്ഥനയിൽ പ്രത്യേകം അനുസ്മരിക്കാം.

**തിരുപ്പട്ട സ്വീകരണത്തിന്റ തീയതിയും സ്ഥലവും**

| തീയതി | വീട്ടുപേരും പേരും | സ്ഥലം | സമയം |
|---|---|---|---|
| 2021 ഡിസം. 27 തിങ്കൾ | ഡീ. പീറ്റർ തൊണ്ടിപറമ്പിൽ (കിരൺ) | മുള്ളംകൊല്ലി | രാവിലെ 9:30 |
| 2021 ഡിസം. 28 ചൊവ്വ | ഡീ. ജോസഫ് വളയത്തിൽ (ആൽബിൻ) | കൊട്ടിയൂർ | രാവിലെ 9:30 |
| 2021 ഡിസം. 28 ചൊവ്വ | ഡീ. മാത്യു കുമ്പളക്കുഴി (റോബിൻസ്) | അമ്പായത്തോട് | ഉച്ചക്ക് 2:30 |
| 2021 ഡിസം. 29 ബുധൻ | ഡീ. ദേവസ്യ പുലിക്കുന്നേൽ (ക്ലിന്റോ) | പനവല്ലി | രാവിലെ 9:30 |
| 2021 ഡിസം. 29 ബുധൻ | ഡീ. ഐസക് കാരാമയിൽ (ഷാന്റോ) | കണിയാരം | ഉച്ചക്ക് 2:30 |
| 2021 ഡിസം. 30 വ്യാഴം | ഡീ. ജോസ് തേക്കിലക്കാട്ടിൽ (അജയ്) | കോട്ടത്തറ | രാവിലെ 9:30 |
| 2022 ജനു. 01 ശനി | ഡീ. മാത്യു നാക്കുഴിക്കാട്ട് (ജോമിൻ) | കല്ലോടി | രാവിലെ 9:30 |

**New Appointment:**

**Rev. Fr. Mathew Periappuram:** Bursar, De Paul Public School Kalpetta

**മോൺ. പോൾ മുണ്ടോളിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട്

മാനന്തവാടി രൂപതയിലെ വൈദീകസെനറ്റിന്റെ ഒരു യോഗം 2021 സെപ്റ്റംബർ 23 ാംതീയതി രാവിലെ 10 മുതൽ ദ്വാരക പാസ്റ്ററൽ സെന്ററിൽവച്ചു നടത്തപ്പെട്ടു. രൂപതയുടെ സുവർണജൂബിലി മുഖ്യ അജണ്ടയാക്കിയ യോഗം റവ. ഫാ. നോബിൾ തോമസ് പാറക്കൽ നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ചു. പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. പോൾ മുണ്ടോളിക്കൽ സ്വാഗതം ആശംസിച്ചു.

കാലത്തിന്റെ അടയാളങ്ങൾ തിരിച്ചറിഞ്ഞ് ദൈവജനത്തെ നയിക്കാൻ വിളിക്കപ്പെട്ടവരാണ് പുരോഹിതരെന്നും ദൈവാശ്രയബോധത്തിലാകണം ഈ ലക്ഷ്യം പൂർത്തീകരിക്കേണ്ടതെന്നും സ്വാഗതത്തിൽ ബഹു. പോളച്ചൻ സൂചിപ്പിച്ചു. ജൂബിലി അനുരഞ്ജനത്തിന്റെ, ആത്മീയാഘോഷത്തിന്റെ അവസരമാണെന്നും വിവിധമേഖലകളിൽ അതിനുള്ള ഒരുക്കങ്ങൾ നടത്തേണ്ടതാണെന്നും അച്ചൻ ഓർമിപ്പിച്ചു. ആത്മീയാഘോഷങ്ങളോടൊപ്പംതന്നെ ജനോപകാരപ്രദമായകാര്യങ്ങൾ പ്രത്യേകിച്ച് വിദ്യാഭ്യാസസഹായങ്ങൾ, ഭവനനിർമ്മാണം തുടങ്ങിയവ ഇടവക, രൂപത തലത്തിൽ നടപ്പാക്കണമെന്നും അച്ചൻ പറഞ്ഞു.

2021 മെയ് 1-ാം തീയതി ജൂബിലി ഉദ്ഘാടനം നടത്താനാണുദ്ദേശിക്കുന്നതെന്നും അച്ചൻ അറിയിച്ചു. ജൂബിലിലോഗോ, പ്രത്യേക പ്രാർത്ഥന കാർഡ്, രൂപതയിൽ നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ വിവിധ മേഖലകളിലുള്ള ചർച്ചകൾ, വിദ്യാഭ്യാസമേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ തുടങ്ങിയവ പ്രാരംഭ ചർച്ചയിലെ മുഖ്യവിഷയങ്ങളായിരുന്നു.

തുടർന്ന് ബഹു. ബാബു മാപ്ലശ്ശേരിയച്ചൻ രൂപതയുടെ ചരിത്ര രചനയുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൗൺസിലിനെ ധരിപ്പിച്ചു. ഇടവകകൾ, സംഘടനകൾ എന്നിവ ഡിസംബർ 31-ന് മുൻപായി അതത് മേഖലകളുടെ അപ്ഡേറ്റ് ചെയ്ത ചരിത്രങ്ങൾ രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണെന്ന് ഓർമ്മിപ്പിച്ചു. സമഗ്രചരിത്ര നിർമ്മിതിക്കുതകുംവിധം വിവിധ മേഖലകളിൽ നിന്നുള്ളചരിത്ര സംബന്ധിയായലേഖനങ്ങൾ ചരിത്ര പുസ്തകത്തിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ച ചെയ്തു. ചരിത്രബോധം വളർത്തുന്നതിനായി ഡോക്യുമെന്ററി മത്സരം, ചരിത്രസെമിനാർ എന്നിവ സംഘടിപ്പിക്കുന്നതിനേപ്പറ്റി ആലോചിക്കുകയും ചെയ്തു. സാമൂഹികം, ആരോഗ്യം, കാർഷികം തുടങ്ങിയ

മേഖലകളിലുള്ള മാനന്തവാടി രൂപതയുടെ ഇടപെടലുകൾ ആധികാരികരേഖകളുടെ അടിസ്ഥാനത്തിൽ ചരിത്രപരമായി രേഖപ്പെടുത്തേണ്ടതാണെന്നും അതിന്റെ വെളിച്ചത്തിൽ സമൂഹനന്മ കൂടി ലക്ഷ്യം വച്ചുള്ള കർമ്മപദ്ധതികൾക്കാണ് ജൂബിലി വർഷത്തിൽ രൂപം കൊടുക്കേണ്ടതെന്നും ചർച്ചയിൽ അഭിപ്രായമുണ്ടായി. രൂപതയുടെ ആധികാരികചരിത്രം സാമൂഹ്യമാധ്യമങ്ങൾ വഴി ജനങ്ങളിലേക്കെത്തിക്കണമെന്നും ബഹു. വൈദീകർ ആവശ്യപ്പെട്ടു. ജൂബിലിയോടനുബന്ധിച്ച് മാസാടിസ്ഥാനത്തിൽ ഡിജിറ്റൽ പത്രം പുറത്തിറക്കുന്നതിനെപ്പറ്റി നിർദ്ദേശമുണ്ടാവുകയും ഈ കാര്യത്തിന്മേലുള്ള തീരുമാനം അടുത്ത മീറ്റിംഗിൽ അറിയിക്കുന്നതാണെന്ന് വ്യക്തമാക്കുകയും ചെയ്തു.

ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഇടവകകളിൽ കുടുംബങ്ങളെ ഗ്രൂപ്പുകളായി തിരിച്ച് ആത്മീയമായി ഒരുക്കണമെന്നും ഏകദിന പരിപാടികൾ ഇടവകകളിൽ സംഘടിപ്പിക്കണമെന്നുമുള്ള അഭിപ്രായങ്ങൾ യോഗത്തിൽ ഉണ്ടായി. ഇടവകജനങ്ങൾക്ക് വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം കൊടുക്കുക, വിശ്വാസ പരിശീലകർക്ക് പ്രത്യേക പരിശീലനം നൽകുക, ഏകദിന ഉപവാസം സംഘടിപ്പിക്കുക തുടങ്ങിയ ഇടവകകേന്ദ്രീകൃത പരിപാടികൾ ജൂബിലിയോടനുബന്ധിച്ച് നടത്തേണ്ടതാണ് എന്ന് വൈദീകർ അഭിപ്രായപ്പെട്ടു. ജൂബിലി പ്രവർത്തനങ്ങളെ ക്രമീകരിക്കുന്നതിന് ഒരു അഡ്ഹോക് കമ്മിറ്റിയെ യോഗം തെരഞ്ഞെടുത്തു. റവ. ഫാ.പോൾകൂട്ടാല,റവ.ഫാ.സണ്ണിമഠത്തിൽ,റവ.ഫാ.തോമസ്കാട്ടുതുരുത്തിയിൽ, റവ. ഫാ. സോണി വാഴകാട്ട്, റവ. ഫാ. നോബിൾ പാറയ്ക്കൽ എന്നിവരെ കമ്മറ്റിയംഗങ്ങളായി യോഗം നിർദ്ദേശിച്ചു. മെയ് 1-ാം തീയതി കത്തീഡ്രലിൽ വച്ചുള്ള പിതാവിന്റെ കൂർബാനയോട്കൂടി ജൂബിലി ആഘോഷങ്ങൾക്ക് ആരംഭംകുറിക്കാമെന്നും അന്നേ ദിവസംതന്നെ ജൂബിലിയോടനുബന്ധിച്ച് നിർമ്മിച്ചു നൽകുന്ന വീടുകളുടെ താക്കോൽദാന കർമ്മം നടത്താമെന്നുമുള്ള അഭിപ്രായം ഉണ്ടായി.

രൂപതയിൽ നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ വെബിനാർ സംഘടിപ്പിക്കുക, ജൂബിലിയോടനുബന്ധിച്ച് വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ പ്രത്യേകിച്ച് വിവാഹം നടന്നതിന് ശേഷം പഠിക്കാൻ ആഗ്രഹിക്കുന്നവർക്കും നൽകാൻ സാധിക്കുന്ന സ്കോളർഷിപ്പുകൾ നല്കുക, ദീപിക പത്രത്തിന്റെ വരിക്കാരാകാൻ ഇടവക

ജനങ്ങളെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ വിഷയങ്ങളിൽ യോഗം ചർച്ച നടത്തി.

ജുബിലി സംബന്ധിച്ച തുടർ ചർച്ചകളിലേക്കുള്ള അജണ്ടകൾ നിശ്ചയിക്കുന്നതിനായി അഡ്ഹോക് കമ്മറ്റിയെ യോഗം ചുമതല പ്പെടുത്തി. ഭവന നിർമ്മാണ പദ്ധതിയിൽ സർക്കാരിന്റെ സഹായം കൂടി ലഭിക്കുന്നതിന്റെ സാധ്യതയെകുറിച്ച് പഠിക്കാനും യോഗം നിർദ്ദേശിച്ചു. വീടുപണിയാൻ 5 സെന്റ് സ്ഥലംപോലും ഇല്ലാത്ത വർ ഒക്ടോബർ 31 നകം രൂപതാ കേന്ദ്രത്തിൽ അറിയിക്കേണ്ടതാ ണെന്നും യോഗം ആവശ്യപ്പെട്ടു.

സീറോ മലബാർ സഭയിൽ നടപ്പാക്കിയ ഏകീകരിച്ച പുതിയ കുർബാന ക്രമം ഇടവകയിൽ നവംബർ 28-ാം തീയതി മുതൽ നടപ്പാക്കേണ്ടതാണെന്ന് പിതാവ് അറിയിച്ചു. സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ അതിന്റെ സുവർണജൂബിലി ആഘോഷി ക്കുന്ന അവസരത്തിൽ സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ സാധ്യതയെപ്പറ്റിയും യോഗം ചർച്ച ചെയ്തു. ക്രിയാത്മകമായ ചർച്ചകൾക്കും പ്രായോ ഗിക നിർദ്ദേശങ്ങൾക്കും വേദിയായ യോഗത്തിന് സിഞ്ചെല്ലൂസ് റവ. ഫാ. തോമസ് മണക്കുന്നേൽ നന്ദി പ്രകാശിപ്പിച്ചു. അഭി വന്ദ്യ പിതാവിന്റെ ആശീർവാദപ്രാർത്ഥനയോടെ 1-30 ന് യോഗം സമാപിച്ചു.

**ഫാ. ചാക്കോ പുല്ലൻകുന്നേൽ**
സെക്രട്ടറി, പ്രസ്ബിറ്ററൽ കൗൺസിൽ

# പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്

മാനന്തവാടി രൂപതയുടെ ഗോൾഡൻ ജൂബിലി ആലോഷങ്ങളെക്കുറിച്ച് വിവിധ തലങ്ങളിൽ ആലോചനകൾ നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി ജൂബിലി വർഷാചരണവും മുന്നോടിയിയായി നടത്തപ്പെടുന്ന എപ്പാർക്കിയൽ അസംബ്ലിയെ സംബന്ധിച്ച കാര്യങ്ങളും ചർച്ച ചെയ്യുന്നതിനായി 28/9/21 ന് ഓൺലൈൻ ആയി രൂപതാ പാസ്റ്ററൽ കൗൺസിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. രൂപത പ്രോട്ടോ സെഞ്ചെല്ലൂസ്, മോൺ. പോൾ മുണ്ടോളിക്കൽ പ്രാർത്ഥന നയിക്കുകയും സ്വാഗതമാശംസിക്കുകയും ചെയ്തു.

അദ്ധ്യക്ഷപ്രസംഗത്തിൽ അഭിവന്ദ്യ പിതാവ് ജൂബിലി ആഘോഷത്തിന്റെ പ്രസക്തിയും എപ്പാർക്കിയൽ അസംബ്ലിയുടെ പ്രാധാന്യവും എടുത്തു പറയുകയും, രൂപത കച്ചേരി, പ്രസ് ബിറ്ററൽ കൗൺസിൽ, എന്നീ തലങ്ങളിൽ നടന്ന ചർച്ചകളെ പരാമർശിക്കുകയും അഡ്ഹോക് കമ്മിറ്റിക്ക് രൂപം നൽകിയത് അറിയിക്കുകയും ചെയ്തു. തുടർന്ന് അഡ്ഹോക്ക് കമ്മിറ്റി കൺവീനർ ഫാ. പോൾ കൂട്ടാലയും, ഫാ.നോബിൾ തോമസ് പാറക്കലും ചേർന്ന് കരട് പ്രവർത്തനരേഖ അവതരിപ്പിച്ചു.

ജൂബിലി വർഷാരംഭത്തിനു മുന്നേ എപ്പാർക്കിയൽ അസംബ്ലി ചേരാനും. രൂപതയിൽ നടന്ന സർവ്വേയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ വിഷയ നിർണ്ണയം നടത്താമെന്ന് അഭിപ്രായപ്പെടുകയും,ഇവക്കെല്ലാമായി രൂപീകൃതമാകേണ്ട സംവിധാനങ്ങളെക്കുറിച്ച് സൂചിപ്പിക്കുകയും ചെയ്തു. തുടർന്ന് നടന്ന പൊതു ചർച്ചയിൽ നിരവധി അംഗങ്ങൾ തങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തി.

**പ്രാധാന നിർദ്ദേശങ്ങളും തീരുമാനങ്ങളും.**

1 രൂപത അസംബ്ലി 2022 ഏപ്രിൽ മാസത്തിനു മുമ്പ് നടത്തുക.

2. അതിനു മുന്നോടിയായി ഇടവക/ഫൊറോന/രൂപത തലങ്ങളിൽ കമ്മറ്റികൾ രൂപീകരിക്കുക

3 ഇടവക/ഫോറോന തലങ്ങളിൽ നയരേഖ ചർച്ച ചെയ്ത് അഭിപ്രായങ്ങൾ ശേഖരിക്കുക

4 ജൂബിലി പ്രോഗ്രാമിനായി രൂപീകരിച്ച അഡ്ഹോക്ക് സമിതിയിലേക്ക് പാസ്റ്ററൽ കൗൺസിലിൽപ്പെട്ട മൂന്ന് അൽമായരെ സ്റ്റാൻഡിംഗ് കമ്മിറ്റി ചേർന്ന് നിർദ്ദേശിക്കുക.

5. ഈ പ്രവർത്തനങ്ങൾ പൂർത്തിയാക്കി രൂപത കമ്മിറ്റി ഒക്ടോബർ മാസം ചേരുക

മേൽ തീരുമാനങ്ങളുടെ വെളിച്ചത്തിൽ പാസ്റ്ററൽ കൗൺസിൽ സ്റ്റാൻഡിംഗ് കമ്മിറ്റി ചേർന്ന്- സെബാസ്റ്റ്യൻ പാലംപറമ്പിൽ, ജോസ് പുഞ്ചയിൽ, രോഷ്നി പന്തക്കൽ എന്നിവരെ പ്രോഗ്രാം കമ്മിറ്റിയിലേക്ക് നിർദ്ദേശിച്ചു.

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി യോഗത്തിന് നന്ദി പ്രകാശിപ്പിച്ചു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ

# വൈദീക സമ്മേളന റിപ്പോർട്ട്

മാനന്തവാടി രൂപതയിലെ വൈദീകരുടെ ഒരു സമ്മേളനം സെപ്റ്റംബർ 28-ാം തീയതി വൈകുന്നേരം 8.30 മുതൽ ഓൺലൈനായി നടത്തപ്പെട്ടു. പ്രോട്ടോ സിഞ്ചെല്ലൂസ് റവ. ഫാ. പോൾ മൂങ്ങോളിക്കൽ പ്രാരംഭ പ്രാർത്ഥന നടത്തുകയും എല്ലാവരേയും യോഗത്തിലേക്ക് സ്വാഗതം ചെയ്യുകയും ചെയ്തു. ലേവ്യരുടെ പുസ്തകം 25 അധ്യായത്തെ ഉദ്ധരിച്ചുകൊണ്ട് ഇസ്രായേൽജനം എങ്ങനെയാണോ ജൂബിലി ആഘോഷം നടത്തിയത് അത്തരമൊരു ആഘോഷമാകണം രൂപതയുടെ സുവർണജൂബിലി ആഘോഷമെന്ന് സൂചിപ്പിച്ച അച്ചൻ അനുരഞ്ജനത്തിന്റെ, വിശുദ്ധീകരണത്തിന്റെ, സന്തോഷത്തിന്റെ സമയമാക്കി ജൂബിലി ആഘോഷാവസരത്തെ മാറ്റണമെന്ന് ബഹു. വൈദീകരെ ഓർമിപ്പിച്ചു. ദൈവത്തിന് നന്ദിപറയുവാനും നവീകരണം സാധ്യമാക്കുവാനും മുതിർന്നവരെ ആദരിക്കുവാനുമുള്ള അവസരമായി സുവർണജൂബിലിയെ സമീപിക്കാൻ ഉദ്ബോധിപ്പിച്ച അച്ചൻ ഈ ലക്ഷ്യങ്ങൾ വച്ചുകൊണ്ടുള്ള കർമ്മ പദ്ധതികൾ നിർദ്ദേശിക്കുക എന്നതാണ് യോഗത്തിന്റെ പ്രധാന ലക്ഷ്യമെന്നും യോഗത്തെ അറിയിച്ചു.

തുടർന്ന് നടന്ന സുവർണജൂബിലി ആഘോഷങ്ങളുമായി ബന്ധപ്പെട്ട ചർച്ചയിൽ ക്രിയാത്മകവും പ്രായോഗികവുമായ ഒട്ടേറെ നിർദ്ദേശങ്ങൾ ബഹു. വൈദീകർ പങ്കുവച്ചു. സാധിക്കുന്നിടത്തോളം ആളുകൾക്ക് വീട് വച്ചുകൊടുക്കുക, ഭവന നിർമ്മാണ പദ്ധതികൾക്ക് ഇടവകയുടെ സ്രോതസ്സുകൾ കൂടി ഉപയോഗിക്കുക, യു. പി. എസ്. സി. പോലുള്ള മത്സരപരീക്ഷകൾ എഴുതാൻ രൂപതയിലെ കഴിവുള്ള വിദ്യാർത്ഥികളെ പ്രേരിപ്പിക്കുക, സഹായിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ ചർച്ചയിൽ ഉണ്ടായി.

രൂപതയുടെ ചരിത്രരചന സംബന്ധമായ കാര്യങ്ങളെ കുറിച്ച് ബഹു. ബാബു മാപ്ലശ്ശേരിയച്ചൻ യോഗത്തെ ധരിപ്പിച്ചു. ഇടവകകളുടെ ചരിത്രങ്ങൾ അപ്ഡേഷൻ നടത്തി എത്രയും പെട്ടെന്ന് രൂപതാകേന്ദ്രത്തിലേക്ക് എത്തിക്കണമന്ന് അച്ചൻ അഭ്യർത്ഥിച്ചു.


ചരിത്രക്വിസ്സ്, ഇടവകകളെകുറിച്ചുള്ള ഡോക്യുമെന്ററി നിർമ്മാണം, ചരിത്രസെമിനാർ, ചരിത്ര വസ്തുക്കളുടെ ശേഖരണം തുടങ്ങിയ പദ്ധതികൾ നടപ്പാക്കുന്നതിനെപ്പറ്റിയും യോഗത്തിൽ ചർച്ചയുണ്ടായി. രൂപതയിലെ ആദ്യകാല വൈദീകരെക്കുറിച്ചുള്ള വിവരങ്ങൾ ക്രോഡീകരിച്ചുകൊണ്ടുള്ള എഴുത്തുകളുടെ ആവശ്യകതയെകുറിച്ച് ബഹു. ജെയിംസ് പുത്തൻപറമ്പിലച്ചൻ യോഗത്തിൽപങ്കുവച്ചു. അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവിന് പരസ്യമായി ഐക്യദാർഢ്യം പ്രഖ്യാപിക്കുക, എല്ലാ ഇടവകയിലും കത്തോലിക്ക കോൺഗ്രസ് യൂണിറ്റുകൾ തുടങ്ങുക, ഇടവകയിലെ ദീപിക വരിക്കാരുടെഎണ്ണം വർധിപ്പിക്കുക, രൂപതയിലെ വിവിധ സംഘടനകളുടെ സഹായത്തോടെ ഭവനനിർമ്മാണ പദ്ധതി വിപുലീകരിക്കുക, സമുദായശാക്തീകരണത്തിനുതകുംവിധം കർമ്മപരിപാടികൾക്ക് രൂപം നൽകുക തുടങ്ങിയ നിർദ്ദേശങ്ങൾ യോഗത്തിലുണ്ടായി.

നവംബർ 2 മുതൽ 5 വരെ നടക്കുന്ന വാർഷികധ്യാനത്തെക്കുറിച്ച് ബഹു. വൈദീകരെ അറിയിക്കുകയും അതതു ഫൊറോനകളിൽ വാർഷികധ്യാനത്തിനാവശ്യമായ ഒരുക്കങ്ങൾ നടത്തേണ്ടതാണെന്നും ഓർമിപ്പിക്കുകയും ചെയ്തു. ജൂബിലിയോടനുബന്ധിച്ച് ഫൊറോനതലത്തിൽ നടത്തുന്ന എപ്പാർക്കിയൽ അസംബ്ലി ഫെബ്രുവരിയിലോ മാർച്ചിലോ നടത്തുന്നതിന്റെ സാധ്യതയെകുറിച്ചും ആലോചനയുണ്ടായി. കുർബാന കണക്കുകൾ കൃത്യമായി സൂക്ഷിക്കുക, ബൈനേഷനുകൾ രൂപത കേന്ദ്രത്തിൽ നേരിട്ടേൽപ്പിക്കുകയോ അല്ലെങ്കിൽ ബാങ്ക് വഴി ട്രാൻസ്ഫർ ചെയ്യുക, പിപിഎഫ് കുടിശ്ശികകൾ എത്രയും വേഗം തീർക്കുക, ഇടവകയിലെ രേഖകൾ എല്ലാം ഉണ്ടെന്ന് ഉറപ്പാക്കുക, സൂക്ഷിക്കുക, ടാക്സ് റിട്ടേണുകൾ കൃത്യമായി അടക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ രൂപതാകേന്ദ്രത്തിൽ നിന്നും ബഹു. വൈദീകർക്ക് നൽകി. അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവ് ഉന്നയിച്ച വിഷയത്തിൽ അന്വേഷണമുണ്ടാകണ

മെന്നും യോഗത്തിൽ അഭിപ്രായമുണ്ടായി. സിഞ്ചെല്ലൂസ് റവ. ഫാ. തോമസ് മണക്കുന്നേൽ യോഗത്തിന് നന്ദിയർപ്പിച്ചു. പിതാവിന്റെ ആശീർവാദ പ്രാർത്ഥനയോടുകൂടി യോഗം സമാപിച്ചു.

**ഫാ. ചാക്കോ പുല്ലൻകുന്നേൽ**
ചാൻസിലർ

# *Bishop's Programme*



***November 2021***

*07 Sunday............. Mount Mary College: Benefactors' Day*

*13 Saturday........... Edivanna: Priestly Ordination Dn. Sebastian Inchanal OFm Cap.*

***Afternoon:****Kayyunni – School Anninversary*

*15 Monday............ Deacons Parents' Meet*

*17 Wednesday....... Mount Mary College: Home Day*

*21 Sunday............. Mananthavady Town Church, Blessing of Adoration Chapel*

*23 Tuesday............ Deepthi Bhavan: Holy Mass & Sinaxis*

***Afternoon:*** *Mullenkolly- Priestly Ordination Dn. Nikhil Kanjirathinkal OFM Cap.*

*28 Saturday........... Cathedral: Holy Qurbana - Inauguration of the uniform mode of Celebration of Holy Qurbana*